


ക്രാപ്പന ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട്

ആശംസകളോടെ

സഫാ
എയർ ട്രാവൽസ്

ഇടയനമ്പലം-ഓച്ചിറ ഫോൺ - 0476-690132 വീട് 691135

വിസാസ്റ്റാമ്പിംങ്ങ്, എയർടിക്കറ്റ്, പാസ്പോർട്ട്, എമിഗ്രേഷൻ ക്ലിയറൻസ്
തുടങ്ങി വിദേശ യാത്ര സംബന്ധമായ എല്ലാ ജോലികളും
കൃത്യതയോടെ ചെയ്തു കൊടുക്കുന്നു.

ഞങ്ങളുടെ സഹോദര സ്ഥാപനം


ബ്രദേഴ്സ് ഹോട്ടൽ & റസ്റ്റോറൻറ്

ഇടയനമ്പലം

അജന്താ ക്ലോക്ക്, എച്ച്.എം.ടി. വാച്ച്
വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും

രാജാതെടം
ഓച്ചിറ

(പുതിയ ഷോറും S.B.Tക്കു മുൻവശം)



ഡി.റ്റി.പി. മാസ് കമ്പ്യൂട്ടർ ഗ്രാഫിക്സ്, കൊല്ലം. ഡിസൈൻ, പ്രിന്റിംഗ്_ എൻസൈൻ ഓച്ചിറ



വികസനറിപ്പോർട്ട്

ക്ലാപ്പന ഗ്രാമപഞ്ചായത്ത്

1996



റംലാ റഹീം
പ്രസിഡന്റ്



ശിവരാമൻനായർ
വൈസ്പ്രസിഡന്റ്

ഇരവിമംഗലത്ത് മജീദ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

പഞ്ചായത്ത് മെമ്പർമാർ

ടി.കെ. രാധാകൃഷ്ണൻനായർ താനൂവേലിൽ
കെ. ഭുവനചന്ദ്രനൻ കുളത്തുംകട
കുമാരി ബീന കരിയിൽ
എ. സതീഷ്കുമാർ കൊച്ചുപുരയിൽ
റംലാറഹീം കവറാട്ട്
എ. മജീദ്കുഞ്ഞ് ഇരവിമംഗലം
മേരിതോമസ് ക്രൂസ് അരീക്കര പുത്തൻവീട്
കെ. സുരേഷ് പണ്ടകശാലത്തറ
പി. വിജയമ്മ അശ്വതി
കെ. ശിവരാമൻനായർ ശ്രീസദനം

റിപ്പോർട്ടിന് വിവരങ്ങൾ നല്കിയവർ

കോട്ടപ്പുറത്തുമഠം പരമേശ്വരശർമ്മ
ആക്കുളങ്ങര ശിവരാമപിള്ള
കുന്നത്ത് ഫ്രാൻസിസ് റൊഡ്രിഗ്സ്
തച്ചൻകാട്ടിൽ പുരുഷോത്തമൻ
പണ്ടകശാല പി.വി. മാധവൻ
കുന്നേൽ ആർ. കരുണാകരൻ വൈദ്യൻ
പാർവ്വതിസുകുമാരൻ
വലിയവീട്ടിൽ തെക്കതിൽ മുഹമ്മദ്കുഞ്ഞ്
ചന്ദ്രവിലാസം പ്രതാപൻപിള്ള
തച്ചിരേത്ത് വിൻസന്റ് ക്രൂസ്
കൊട്ടയ്ക്കാട്ട് കെ.ഒ. അബ്ദുൾഖാദർ

ചിഫ് എഡിറ്റർ
പി. പത്മകുമാർ

സഹായികൾ
കെ. രാജപ്പൻ
പി. ബർണബാസ്
പ്രൊഫ: കെ. രമണൻ
വി.എം. മോറീസ്
എൻ. രാജേന്ദ്രൻ
റ്റി. ആർ. ഷനവാസ്
ആർ. മോഹനൻ
എൽ.കെ. ദാസൻ
മോനിഷ്
എഫ്. അലക്സാണ്ടർ
അഡ്വ: എം.സി. പ്രിൻസ്
കെ. സിദ്ധാർത്ഥൻ
ആലുംപീടിക സുകുമാരൻ
പി.എം. സുഗതൻ
ഫോട്ടോ : ആർ.ജെ. വിഷ്ണു

പ്രവർത്തനറിപ്പോർട്ട്


1991 ഏപ്രിൽ 17-ാം തീയതി പഞ്ചായത്തിൽ സമ്പൂർണ്ണ സാക്ഷരതാപ്രഖ്യാപനം നടത്തി. അതിന്റെ തുടർച്ചയായി അക്ഷരസാക്ഷരതയിൽ നിന്ന് വികസന സാക്ഷരതയിലേക്ക് എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാത്തിൽ സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ്, ഐ.ആർ.റ്റി.സി., സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (CESS) കേരള ശാസ്ത്രസാഹിത്യപരിഷത്ത് എന്നിവയുടെ സഹായത്തോടെ കേരളത്തിലെ 25 പഞ്ചായത്തുകളിൽ ജനപങ്കാളിത്തത്തോട്കൂടി വിഭവ ഭൂപടം നിർമ്മിക്കുവാൻ തീരുമാനിച്ചു. കൊല്ലം ജില്ലയിൽ ക്ലാപ്പന പഞ്ചായത്ത് മാത്രമാണ് ഇതിനായി തെരഞ്ഞെടുക്കപ്പെട്ടത്. ഇതിലേക്കായി 4-6-1991-ൽ ക്ലാപ്പന S.V. ഹൈസ്ക്കൂളിൽ കൂടിയ സ്വാഗതസംഘ രൂപീകരണ യോഗത്തിൽ; അന്നത്തെ കൊല്ലം ജില്ലാ കൗൺസിൽ പ്രസിഡന്റ് വി. വാസുപിള്ള, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി. രാജേന്ദ്രൻ, കൗൺസിൽ ശ്രീ. ഓച്ചിറ തങ്കപ്പൻ എന്നിവർ രക്ഷാധികാരികളും അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. രാജപ്പൻ ചെയർമാനും ശ്രീ. പി. ബർണബാസ് ജനറൽകൺവീനറും ആയി 101 അംഗങ്ങളുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു. ഇതിന്റെ മൊത്തം പ്രവർത്തനത്തിന് നേതൃത്വം നല്കുന്നതിന് വിവിധ സബ്കമ്മിറ്റികൾ രൂപീകരിക്കുകയും ഏവ ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്തു. വിഭവഭൂപടനിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുന്നതിനുള്ള ട്രെയിനിംഗ് സെപ്തംബർ 7,8,9 തീയതികളിൽ നടന്നു. ബഹുമാനപ്പെട്ട എം.എൽ.എ. പി. എസ്. ശ്രീനിവാസൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത ക്യാമ്പിൽ CESSലെ ശാസ്ത്രജ്ഞന്മാരായ ഡോ: അജയ്കുമാർ വർമ്മ, ഡോ: ടെറിമെച്ചാർഡോ എന്നിവരും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പി.ഐ. വർഗ്ഗീസ്, ശാസ്ത്രസാഹിത്യപരിഷത്ത് നിർവാഹകസമിതിയംഗം ശ്രീ. ടി ഗംഗാധരൻ, ശ്രീ. കോശി പി. മാത്യു, ശ്രീ. എൻ. സുരേന്ദ്രൻ എന്നിവരും ക്ലാസ്സുകൾ നയിച്ചു. ഈ ക്യാമ്പിൽ 125 വാളന്റിയർമാർ പങ്കെടുത്തു-75സ്ത്രീകളും 50 പുരുഷന്മാരും. പരിശീലനത്തിനുശേഷം 10- 9-91 മുതൽ 20-9-91 വരെ സന്നദ്ധപ്രവർത്തകർ സർവ്വേ പ്രവർത്തനത്തിലേർപ്പെടുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. മണ്ണ്, കൃഷി, വെള്ളം,പാർപ്പിടം, വ്യവസായം, ഗതാഗതം, പൊതുസ്ഥാപനങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങളാണ് സന്നദ്ധസേവകർ ശേഖരിച്ചത്. തുടർന്ന് 15-91-91 മുതൽ 30-9-91 വരെ CESSലെ ശാസ്ത്രജ്ഞന്മാരായ സർവ്വശ്രീ സജികൃഷ്ണൻ, ബിജു ഡാനിയൽ, അജയ്കുമാർ വർമ്മ, ടെറിമെച്ചാർഡോ എന്നിവർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ, വിവിധ തരത്തിലുള്ള സമഗ്രമായ പഠനങ്ങൾക്ക് വിധേയമാക്കുകയും ശാസ്ത്രീയ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പഞ്ചായത്തിന്റെ കഡസ്ട്രൽ മാപ്പ് തയ്യാറാക്കുന്നതിന് അന്നത്തെ വില്ലേജ് ആഫീസർ ശ്രീ. റ്റി.കെ. രാധാകൃഷ്ണൻനായരും ശ്രീ. എസ്. കൃഷ്ണസ്വാമി പിള്ളയും വളരെയധികം സഹായിച്ചിട്ടുണ്ട്. ഈ പരിപാടിയുടെ ഭാഗമായി ജനങ്ങളെ ബോധവത്കരിക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി 91 ആഗസ്റ്റ് 30, 31 സെപ്തംബർ 1, 5, 6 എന്നീ തീയതികളിൽ ഒരു വികനസ കലാജാഥ നടത്തുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ സമ്പത്ത് മുഴുവൻ ജനങ്ങളിൽ നിന്ന് സമാഹരിക്കുകയാണ് ചെയ്തത്. പ്രതിഫലമില്ലാതെ വസ്തുനിഷ്ഠമായി വിവരം ശേഖരിച്ച സന്നദ്ധപ്രവർത്തകരുടെ സേവനം അഭിനന്ദനാർഹമാണ്. വാളന്റിയർമാർ സർവേയിലൂടെ ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് 91 സെപ്തംബർ അവസാനത്തോടുകൂടി CESSനെ ഏൽപിക്കുകയും ചെയ്തു. ഇതിനുശേഷം 92 മെയ്മാസത്തിൽ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചെങ്കിലും പലകാരണങ്ങളാലും അത് പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. 13-2-93-ൽ ക്ലാപ്പന എസ്.വി. ഹൈസ്ക്കൂളിൽ കൂടിയ യോഗത്തിൽ വച്ച് CESS ഡയറക്ടർ ഡോ: കെ.എം. നായർ പഞ്ചായത്തിന്റെ വിഭവഭൂപടങ്ങൾ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. രാജപ്പന് കൈമാറി. സന്നദ്ധപ്രവർത്തനം നടത്തിയ വാളന്റിയേഴ്സിന് സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

1995 ഒക്ടോബർ 2-ന് പുതിയ പഞ്ചായത്തുസമിതി നിലവിൽ വന്നു. ആ മാസത്തിൽ തന്നെ CESSലെ ഡയറക്ടർ ഡോ കെ.എം. നായരും CDSൽ നിന്ന് ഡോ. തോമസ് ഐസക് ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രതിനിധി ശ്രീ. ടി. ഗംഗാധരൻ എന്നിവരും പഞ്ചായത്തിൽ വരുകയും വികേന്ദ്രീകൃത ആസൂത്രണത്തിൽ ജനകീയ പങ്കാളിത്തത്തിന്റെ ആവശ്യകതയെകുറിച്ചും ഒരു വികസനസമിതി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യത്തെകുറിച്ച് പഞ്ചായത്തുസമിതിയെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഈ സംഘം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തിയിട്ടാണ് മടങ്ങിപ്പോയത്. 20-7-96-ൽ കൂടി സന്നദ്ധപ്രവർത്തകരുടെയും രാഷ്ട്രീയ പ്രതിനിധികളുടെയും സംയുക്തയോഗത്തിൽ വച്ച് പഞ്ചായത്ത് വികസനസമിതി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുവാൻ തീരുമാനിച്ചു. പഞ്ചായത്തു പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലുള്ള വിസനസമിതിയിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളും എല്ലാ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ശാസ്ത്രസാഹിത്യപരിഷത്തിന്റെ രണ്ടുപ്രതിനിധികളും ഉൾപ്പെടെ 23 അംഗങ്ങൾ ഉണ്ടായിരിക്കണമെന്ന് തീരുമാനിച്ചു. 30-8-96- ൽ ക്ലാപ്പന ഗ്രാമപഞ്ചായത്തുവികസനസമിതി Q351/94 രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. ഈ വികസനസമിതിയുടെ നേതൃത്വത്തിൽ കൃഷി, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വികസനസമിതി, വിശദമായ ചർച്ച നടത്തി പഞ്ചായത്തിന് ഒരു നീർതട വികസനപദ്ധതി (വാട്ടർ ഷെഡ് പ്രോഗ്രാം) തയ്യാറാക്കുകയും അത് അംഗീകാരത്തിനും ഫണ്ട് അനുവദിക്കുന്നതിനുമായി CPART നു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ ജോലി ചെയ്യുന്ന പത്തോളം കൃഷി ആഫീസർമാർ പഞ്ചായത്തിൽ ഒരു പഠനപര്യടനം നടത്തുകയും പഞ്ചായത്തിന്റെ തീരപ്രദേശത്ത് തരിശായി കിടക്കുന്ന ഓരുമുണ്ടകൻ നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഈ നിർദേശങ്ങളുടെ കൂടി അടിസ്ഥാനത്തിലാണ് വാട്ടർഷെഡ് പ്രോഗ്രാം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. വാട്ടർഷെഡ് പ്രോഗ്രാം അനുവദിച്ചുകിട്ടിയാൽ ജനപങ്കാളിത്തത്തോടെ കൃഷി, ആരോഗ്യം, ഗതാഗതം എന്നീ മേഖലകളിൽ നിർണ്ണായകമായ അഭിവൃദ്ധിയുണ്ടായിക്കിയെടുക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.



സാംസ്കാരിക ചരിത്രം

ക്ലാപ്പനയുടെ നാമചരിത്രം കാർഷികസമൃദ്ധിയിൽ നിന്നു തുടങ്ങുന്നു. ഓണാട്ടുകരയുടെ നെല്ലറയെന്നറിയപ്പെട്ടിരുന്ന ക്ലാപ്പന വിശാലമായ കൃഷിനിലങ്ങളുടേയും അതൃദ്ധ്വാനികളുടേയും നാടായിരുന്നു. വിളവെടുപ്പുകാലമാകുന്നതോടെ തെക്കൻ നാടുകളിൽ നിന്ന് ഉഴുവിനുള്ള മാടുകളെ കൂട്ടമായി തെളിച്ചുകൊണ്ടു വരുക പതിവായിരുന്നു. അവർ ഇടത്താവളമാക്കിയിരുന്നത് പനവൃക്ഷങ്ങൾ ധാരാളമുണ്ടായിരുന്ന ക്ലാപ്പനയിലെ തെക്കൻ പ്രദേശമാണ്. വിശ്രമത്തിനായി കളത്തട്ടും ദാഹശമനത്തിന് തണ്ണീർപന്തലും അവിടെയുണ്ടായിരുന്നു. ദാഹജലം നൽകുനുവാൻ ചുമതലപ്പെട്ട അന്നത്തെ കുടുംബമായ തണ്ണീർക്കരശ്ശേരിൽ ഇന്നും അതേപേരിൽ അവിടെ അവശേഷിക്കുന്നു. വാണിഭക്കാർ വിശ്രമസമയത്ത് കാളകളെ കെട്ടിയിരുന്ന പനകളുടെ നാട് എന്നഅർത്ഥത്തിൽ കാളപ്പന എന്ന് വ്യവഹരിച്ചുവന്നത് കാലം കടന്നുപോയതോടെ ക്ലാപ്പനയായി മാറി. കാതുകളിൽ നിന്നു കാതുകളിലേക്ക് കൈമാറിയ ക്ലാപ്പനയുടെ നാമകഥകളിൽ പലതും ഇനി ബാക്കിനിൽക്കുന്നു. അവയിൽ വിശ്വാസമായ ഒന്ന് നടുവാഴിത്ത ഭരണസമ്പ്രദായ മായി ബന്ധപ്പെട്ടതാണ്. കരബലം കൊണ്ടും ധനബലം കൊണ്ടും നോക്കത്താ ദൂരം കയ്യടക്കിയരുന്ന പ്രമാണിമാർ ഇതിഹാസങ്ങളിലെ ചക്രവർത്തിമാർ അശ്വമേധത്തിന് കുതിരകളെ അഴിച്ചുവിടുന്നപോലെ കുറ്റൻകാളകളെ തങ്ങൾ ലക്ഷ്യമിട്ടുരുന്ന നാട്ടൻ പുറങ്ങളിൽ കൊണ്ട്ചെന്ന് കെട്ടിയിടുകയായിരുന്നു പതിവ് കാളകളെ സ്വതന്ത്രമാക്കുവാൻ ചങ്കുറ്റം കാണിക്കുന്നവരുമായി ഏറ്റുമുട്ടുകയും ജയിച്ചാൽ ആപ്രദേശം കൂടി കയ്യടക്കുകയും ചെയ്യുമായിരുന്നു. അപ്രകാരം ഈ പ്രദേശങ്ങളിലെ വനങ്ങളിൽ ഒന്നിൽ അധികാരമോഹത്താൽ ബന്ധിക്കപ്പെട്ടകാളയുടെ ചരിത്തെതുടർന്ന് കാളയെ ബന്ധിച്ച പനയെന്ന അർത്ഥമുള്ള കാളപ്പന കാലന്തരത്തിൽ ക്ലാപ്പനയായി പരിണമിച്ചു.



ചിറക്കടവ് ദേവീക്ഷേത്രം


വിശ്വാസമായി ബന്ധപ്പെട്ട് മറ്റൊരു കഥകൂടി ക്ലാപ്പനയുടെ ചരിത്രത്താളുകളിൽ ഇനിയും ശേഷിക്കുന്നു. ക്ലാപ്പനതെക്കേപകുതിയിലുള്ള ചിറക്കടവ് ക്ഷേത്രത്തോട്

ചേർന്ന് ഒരു കുറ്റൻ പനയുണ്ടായിരുന്നുവത്രേ. ആ പന യുടെ ചുവട്ടിൽ എത്രതന്നെ തേച്ചുമിനുക്കിയ ഓട്ടുവിള ക്കുകത്തിച്ചുവെച്ചാലും നിമിഷങ്ങൾക്കുള്ളിൽ ആ വിളക്ക് ക്ലാവുപിടിക്കുമായിരുന്നു. വിശേഷസിദ്ധിയുള്ള ആ പന യാണ് വിളക്കിൽ ക്ലാവുപിടിക്കുന്നത് എന്നവിശ്വാസ ത്തിൽ അത് 'ക്ലാവുപന' എന്നറിയപ്പെട്ടു. കാലത്തിന്റെ മാഹാപ്രാവാഹത്തിൽ 'ക്ലാവുപന' തലമുറകൾ മാറിയ പ്പോൾ ക്ലാപ്പനയായി മാറി.

കായംകുളം രാജാവിന്റെ അധികാ രതിർത്തിക്കുള്ളിലാ യിരുന്നു ക്ലാപ്പന. രാജാവിന്റെ പ്രതിപു രുഷനായി ഇടയന മ്പലം മുതൽ തെക്കോട്ടുള്ള പ്രദേ ശംമുഴുവൻ ഭരിച്ചിരി ന്നത് 'ക്ലാപ്പനഇട ക്കർത്താവായിരന്നു'. ഇവിടെ ഇപ്പോഴുള്ള ചില ഗൃഹനാമങ്ങൾ അതിലേക്ക് വെളിച്ചം വീശുന്നു. ഇട യ്ക്കർത്ത വിന്റെ താവളം കോട്ട യ്ക്കകം എന്നറിയ പ്പെട്ടു. മഹാരാജാവ് രാജ്യകാര്യങ്ങൾക്കായി എഴുനെള്ളി താമസിച്ചിരുന്നത് 'കൊട്ടാരത്തിൽ' ആയിരുന്നു. 'പടി ക്കൽ' താമസിച്ചിരുന്നത് സ്ത്രീജനങ്ങൾ തന്നെ. ഇട ക്കർത്താവിന്റെ അലക്കുകാർ 'വെളുത്തിടത്തും' പണ്ടാര ങ്ങൾ 'പണ്ടാരേത്തും' താമസിച്ചുവന്നു. തണ്ണീർപന്തലിൽ സംഭാരം വീഴ്തുവാൻ ചുമതലപ്പെട്ടവർ തണ്ണീർക്കരയി ലായുരുന്നു വാസം. സൈന്യം തമ്പടിച്ചിരുന്നത് 'ആക്കു ളങ്ങരയിലും'. കായംകുളം കായിലിൽ നിന്ന് കിഴക്കോട്ട് കോട്ടയ്ക്കകം വരെ കെട്ടുവള്ളങ്ങൾക്ക് സഞ്ചരിക്കുവാൻ തക്കരീതിയിൽ തോട് നിർമ്മിച്ചിരുന്നു. കൃഷ്ണപുരം കൊട്ടാരത്തിൽ നിന്നു ഈ മാർഗ്ഗത്തിലാണ് മഹാരാജാവ് ക്ലാപ്പനയിലെത്തിയിരുന്നത്.

കായംകുളം രാജാവിന്റെ ജനക്ഷേമ പ്രവർത്തനങ്ങ ളിൽ എടുത്തുപറയാവുന്നത് ഇന്ന് വടക്ക് കായംകുളം കായൽ മുതൽ തെക്ക് വട്ടക്കായൽ വരെ നീളുന്ന തഴ ത്തോടിന്റെ നിർമ്മാണമാണ്. ഗതാഗതം പൂർണ്ണമായും ജലമാർഗ്ഗമായിരുന്ന അക്കാലത്ത് ഇത്തരമൊരു ബൃഹ ത്തായ സംരഭത്തിന്റെ പ്രയോജനം വളരെ വലുതായി രുന്നു.

ക്ലാപ്പനയുടെ മദ്ധ്യഭാഗത്തുള്ള വടശ്ശേരിൽ, ചെറുത്തറ, ചെറുവിൽ, തുടങ്ങിയ ഭവനങ്ങളിൽ താമസിച്ചിരുന്ന ബ്രാഹ്മണർ ഇടക്കർത്തവിന്റെ ആവിശ്യപ്രകാരം ആ വീടു കൾ ഇസ്ലാംമതവിശ്വാസികൾക്ക് കൈമാറിയശേഷം ആദ്ധ്യാത്മികകാ ര്യ ങ്ങൾക്കായി തെക്കുള്ളകോട്ട യ്ക്കുള്ളിലേക്കു താമസം മാറുക യാണ് ചെയ്തത്.



പുത്തേരിൽ മുസ്ലീംപള്ളി

രാജാവിന് വിവിധസമുദായ ങ്ങളിൽപ്പെട്ടവ രുടെ സൈന്യവി ഭാഗങ്ങളുണ്ടായി രുന്നു. നായർ സൈന്യത്തിന്റെ അധിപൻമാർ കണ്ണങ്കരക്കാരും ഈഴവസൈന്യ ത്തന്റെ അധി പൻമാരായിരുന്ന കൊച്ചാളത്തു കാരും ക്ലാപ്പന ക്കാരായിരുന്നു. നികുതിപിരിവിന്റെ പ്രധാനികൾ സാധു പുരത്തുമില്ലുകാരും കണ്ണങ്കരമില്ലുകാരുമായിരുന്നു.


കാരയ്ക്കാട്ടുനിന്നാണ് 'മുതലുപിടി' ക്കാരെ (ഇന്നത്തെ ട്രഷറിഓഫീസർ) രാജാവ് വാഴിച്ചിരുന്നത്. ബ്രാഹ്മണർക്ക് സമൂഹത്തിൽ ഉയർന്നസ്ഥാനമാണ് ഉണ്ടാ യിരുന്നത്. നായർസമുദായക്കാർ കാര്യസ്ഥൻമാരും പ്രമാ ണികളുമായിരുന്നു. ഈഴവരിൽ ഭൂരിഭാഗവും കൃഷി ക്കാരും ബാക്കിയുള്ളവർ നെയ്തുകാരുമായിരുന്നു. കോട്ട കളുടെയെല്ലാം കാവലേല്പിച്ചിരുന്നത് പാടത്തുപറയരേ യായിരുന്നു.

ബ്രാഹ്മണകുടുംബത്തിലെ മൂത്തയാൾക്കുമാത്രമേ മറ്റ് ബ്രാഹ്മണകുടുംബങ്ങളിൽ നിന്നു 'വേളി'യ്ക്ക് അർഹ തയുണ്ടായിരുന്നുള്ളു. മറ്റുള്ളവർ നായർകുടുമ്പങ്ങളിൽ നിന്ന് സംബന്ധംകൂടാം. വിവാഹത്തിന് താലികെട്ടുകയോ പുടവകൊടുക്കയോ പതിവുണ്ടായിരുന്നില്ല. അവരുടെ

സന്തതികൾക്ക് സ്വത്തിനോ ശാന്തിജോലിയ്ക്കോ അവകാശമുണ്ടായിരുന്നില്ല.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിലാണ് ക്ലാപ്പനയുടെ തെക്കുഭാഗത്ത് ഒരു സത്രം പണിതുയർത്തിയത് അതിനാവിശ്യമായ സ്ഥലം സൗജന്യമായി നൽകിയത് വടശ്ശേരിൽ ഇല്ലത്തുനിന്നാണ്. ആദ്യത്തെ സത്രം വിചാരിപ്പികാരനായി പ്ലക്കാട്ട് ഗോപാലപിള്ളയാണ് നിയമിതനായത്. ഈസത്രത്തിൽ സേതുപാർവ്വതിഭായിയും സേതുലക്ഷ്മിഭായിയും ദിവസങ്ങളോളം താമസിച്ചിരുന്നു.

തർക്കപരിഹാരങ്ങൾ നിർദ്ദേശിച്ചിരുന്നത് കണ്ണംകരഇല്ലക്കാരായിരുന്നു. അവരുടെ തീർപ്പ് എന്തുതന്നെ ആയിരുന്നാലും അതനുസരിക്കൻ ജനങ്ങൾ ബാധ്യസ്ഥരായിരുന്നു. മാർത്താണ്ഡവർമ്മ രാജാവിന്റെ പടയോട്ടകാലത്ത് ക്ലാപ്പനയുടെ ഇടകർത്താവിന് കീഴടങ്ങുവാൻ രാമയ്യൻ മൂന്നുദിവസത്തെ സമയം അനുവുദിയ്ക്കുകയും കീഴടങ്ങിയില്ലെങ്കിൽ പരസ്യമായി വധിയ്ക്കുമെന്ന് പ്രഖ്യാപിയ്ക്കുകയും ചെയ്തു. വലിയൊരുസൈന്യവുമായി ഏറ്റുമുട്ടാനുള്ള ശേഷിതനിയ്ക്കില്ലെന്ന് മനസ്സിലാക്കിയ ഇടക്കർത്താവ് പാലായനം ചെയ്യുവാൻതന്നെ തീരുമാനിച്ചു. പണ്ടാരത്തിലുള്ള സ്വർണ്ണം ശത്രുകൈവശപ്പെടുത്തരുതെന്നുള്ള നിർബന്ധത്താൽ അതു മുഴുവനും കോട്ടയ്ക്കുള്ളിലെ ഒരു കിണറ്റിൽ നിക്ഷേപിച്ച് കിണർപൊളിച്ചമൂടി നിരപ്പാക്കി അവിടെ ഒരുയുവതിയെ ബലികൊടുത്തശേഷമാണ് അദ്ദേഹം പരിവാരങ്ങളുമായി വടക്കോട്ട് പാലായനം ചെയ്തത്.



സെന്റ് ജോർജ്ജ് ദേവാലയം

മരുമക്കത്തായ സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനമാണ് നൽകിയത്. വിവാഹബന്ധംപോലും സ്ത്രീയ്ക്ക് ഏകപക്ഷീയമായി വേർപെടുത്തുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. തിരണ്ടുകുളിപോലെയുള്ള അനാചാരങ്ങൾ സാർവത്രികമായിരുന്നു. ഒരുസ്ത്രീയ്ക്ക് രണ്ടുവിവാഹങ്ങൾ നിർബന്ധിതമായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ ഒന്നാംവിവാഹം നടക്കുമായിരുന്നു. ഈ വിവാഹം കഴിഞ്ഞ് 3 ദിവസം കൂടെകഴിയുവാനെ ഭർത്താവിന് അർഹതയുണ്ടായിരുന്നുള്ളു. അയാൾ നടുവിട്ടശേഷം മുറച്ചെറുക്കൻ പുടവകൊടുത്ത് താലികെട്ടി സ്വീകരിക്കുകയാണ് പതിവ്. മാർത്താണ്ഡവർമ്മ രാജാവിന്റെ കാലത്ത് എടുത്തുപറയാവുന്ന സംഭവങ്ങളൊന്നും ഇവിടെ നടന്നതായിട്ട് അറിയുവൻ കഴിഞ്ഞിട്ടില്ല. എങ്കിലും സാസംസ്കാരികമായി ഉയർന്ന ഒരു പാരമ്പര്യം ക്ലാപ്പനയ്ക്കുണ്ടായിരുന്നതെന്ന് മനസ്സിലാക്കാം.

ആയുർവ്വേദപണ്ഡിതരും ചികിൽസകരുമായിരുന്ന നിരവധിവ്യക്തികൾ ഇവിടെ ഉണ്ടായിരുന്നു. മഹാവൈദ്യനെന്ന് നാട്ടിലും പുറത്തും പുകൾപെറ്റ കൊച്ചിരികണ്ട വൈദ്യനായിരുന്നു അതിൽ പ്രധാനി. ചീന്തിയെടുത്ത മൂളന്തണ്ടുകൊണ്ട് അദ്ദേഹം ശസ്ത്രക്രിയ നടത്തിയിരുന്നുവെന്നതിന് ഇന്നു ജീവി

ച്ചിരിക്കുന്ന കാരണവൻമാരിലാർക്കും അഭിപ്രായവ്യത്യാസമില്ല. വൈദ്യശാസ്ത്രത്തിലും വിശേഷിച്ച് വിഷചികിൽസയിലും വിഖ്യാതനായ കടമ്പാട്ടു ഗോവിന്ദൻ നമ്പൂതിരി, പ്രസിദ്ധിനായ കുമ്മമ്പിള്ളി രാമൻപിള്ള ആശാന്റെ ശിഷ്യനായിരുന്നു. ജോത്സ്യം, മന്ത്രവാദം തുടങ്ങിയവയിലും ഗോവിന്ദൻ നമ്പൂതിരി പേരുകേട്ടിരുന്നു. വിഷചികിൽസയിൽ അറിയപ്പെട്ടിരുന്ന പ്ലാക്കാട്ട് ഗോപാലപിള്ള, "വിഷചികിൽസാവിഷാരദ്" എന്ന പരീക്ഷാബിരുദം അക്കാലത്ത് നേടിയുരുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരനായിരുന്ന പ്ലാക്കാട്ട് കുഞ്ഞികൃഷ്ണപിള്ളയും വിഷിചികിൽസയിൽ ശ്രദ്ധേയനായിരുന്നു. വിഷചികിൽസയിൽ വലിയകണ്ടത്തിൽ കുമാരൻ വൈദ്യനും പേരുകേട്ടിരുന്നു. മണ്ണാറ ഗോവിന്ദൻ വൈദ്യർ കളീയ്ക്കൽ ചക്രപാണിവൈദ്യർ, ക്ലാപ്പനയിൽ സ്ഥിരതാമസമാക്കിയിരുന്ന ആറാട്ടുപുഴക്കാരി കാളിക്കുട്ടി ആശാട്ടി എന്നിവരും അക്കാലത്തെ പ്രധമശ്രേണിയിൽ പ്പെട്ട ആയുർവേദചികിൽസകരായിരുന്നു.

പേപ്പട്ടി വിഷചികിൽസയിൽ വിഖ്യാതനായിരുന്ന കുഞ്ഞുപണിയ്ക്കൻ വൈദ്യൻ മഞ്ഞപ്പിത്തത്തിനുള്ള ചികിൽസയ്ക്ക് ക്ലാപ്പന പ്രസിദ്ധമായിരുന്നു. മാവോലിൽ വൈദ്യനും തച്ചൂർ ശങ്കരപിള്ളയും കീഴാനെല്ലിയും കൊടങ്ങലും ചേർത്തുള്ള ഒറ്റമൂലി ചികിൽസയിൽ ഖ്യതി നേടിയവാരാണ്. ഈ കുടുംബങ്ങളിൽ ഇന്നും മഞ്ഞപ്പിത്തത്തിനുള്ള ചികിൽസ തുടർന്നുവരുന്നു. മാവോലിൽ മുരളീധരൻപിള്ളയും തച്ചൂർ ശിവരാമപിള്ളയും തങ്ങളുടെ പാരമ്പര്യം കെടാതെ കാത്തുസൂക്ഷിക്കുന്നു. ഹോമിയോചികിൽസാരംഗത്തും പ്രഖ്യാതരായ പലർക്കും ജന്മമേകാൻ ക്ലാപ്പനയ്ക്കു കഴിഞ്ഞിട്ടുണ്ട്. ധർമ്മചികിൽസയിൽ അടിയുറച്ചുനിന്ന് സ്വാർത്ഥലേശവുമില്ലാതെ പ്രവർത്തിച്ച വാരേശ്ശേരിൽ ശങ്കരൻവൈദ്യരും നിരവധി ഹോമിയോചികിൽസാ ഗ്രന്ഥങ്ങളുടെ കർത്താവായ ശരവണഭവനം നടേശപ്പണിക്കരും ഈരംഗത്ത് പ്രാത: സ്മരണീയരാണ്. നടേശപ്പണിക്കർ കാന്തചികിത്സയിലും അറിയപ്പെടുന്ന പ്രഗൽഭനോണ്. മൃഗചികിൽസയിൽ പ്രാഗൽഭ്യമുണ്ടായിരുന്ന ബ്ലാലിൽ വെളുത്തകുഞ്ഞിന്റെ പേരും എടുത്തുപറയേണ്ടതായിട്ടുണ്ട്.

മർമ്മചികിൽസാരംഗത്തും ഒട്ടും പിന്നിലായിരുന്നില്ല ക്ലാപ്പന. കൊയ്പ്പള്ളിനമ്പ്യാതിരിമാർ തൊടുമർമ്മത്തിലും, ചൂണ്ടുമർമ്മത്തിലും പേരെടുത്തവരായിരുന്നു. യജുർവ്വേദികളായിരുന്ന കാരേലിൽ ആശാൻ മാർ മന്ത്രവാദചികിൽസയും നടത്തിയിരുന്നു. സകലകലാവല്ലഭനോയിരുന്ന കടമ്പാട്ട് ഗോവിന്ദൻനമ്പൂതിരി മന്ത്രവാദത്തിൽ അറിയപ്പെട്ടിരുന്ന ഒരാളാണ്.

ഗൃഹ നിർമ്മാണവിദ്യകളിൽ അദ്വിതീയരായ കലാമർമ്മജ്ഞൻമാരുടേയും നാടാണ് ക്ലാപ്പന. വിഖ്യാതരായ മീനത്തുപണിക്കൻമാർ ക്ലാപ്പനക്കാരായിരുന്നു. നാണുപ്പണിക്കർ ,കേശവപ്പണിക്കർ, ഗോവിന്ദൻ പണിക്കർ തുടങ്ങിയവർ മികവ്കാട്ടിയ തച്ചുശാസ്ത്രപണികൾ വിസ്മയത്തോടെയാണ് മുൻതലമുറകൾ നോക്കികണ്ടത്. ജലാംശം ഒട്ടുംതന്നെ അകത്തേക്ക് കടക്കാത്തവിധമുള്ളതായിരുന്നു അവരുടെ ദാരുതന്ത്രങ്ങൾ ഓണാട്ടുകരിയൽ ഇന്നുള്ള എട്ടുകെട്ടുകളും നാലുകെട്ടുകളും മാത്രമല്ല പുകൾപെറ്റ പലക്ഷേത്രങ്ങളും അവരുടെ കരവിരുന്നിന്റെ സാക്ഷ്യപത്രങ്ങളാണ്. ക്ഷേത്രശില്പങ്ങളും, മുടി,ദീപതുടങ്ങിയവയും അവർ നിർമ്മിച്ചിരുന്നു. അമ്മൻകുളങ്ങര നാരായണപ്പണിക്കനും പപ്പുപണിയ്ക്കനും തച്ചുശാസ്ത്രത്തിൽ അറിയപ്പെട്ടിരുന്നവരാണ്.

മനസ്സുകളിൽ അക്ഷരത്തിന്റെ ആദ്യവെളിച്ചം കൊളുത്തിയ കുടിപ്പള്ളിക്കൂടം ആശാൻമാർക്ക് സ്നേഹബഹുമാനങ്ങൾ നൽകുന്നതിൽ ഒട്ടും പിന്നിലായിരുന്നില്ല ക്ലാപ്പന. നിരവധിസ്ഥലങ്ങളിൽ കുടിപ്പള്ളികൂടങ്ങൾ സ്ഥാപിക്കുകയും പലപ്രമുഖൻമാർക്കും അറിവിന്റെ ആദ്യ മധുരം നൽകുകയും ചെയ്ത ഇലഞ്ഞേരികിടുആശാൻ ഒരു തലമുറയുടെ മുഴുവൻ ഗുരുവായിരുന്നെന്ന് പറഞ്ഞാൽ അതിശോക്തി യുണ്ടാകില്ല. കൊയ്പ്പള്ളിആശാനും ഈ രംഗത്ത് ഏറെ അറിയപ്പെട്ടിരുന്നു.

ജനകീയമായിരുന്ന നാടൻ കലകളിൽ ശ്രദ്ധേയമായ ഒന്നാണ് കാക്കാരശി നടകം 1958 ൽ ഗോവിന്ദക്കുറുപ്പ് ഇവിടെ ഒരു കാക്കാരശി കളരി സ്ഥാപിക്കുകയുണ്ടായി. മണ്ടഹത്തു കറത്തകുഞ്ഞ് ഇടന്നയിൽ രാമൻനായർ,കേശവൻനായർ, കവറാട്ടു കുഞ്ഞിപ്പിള്ള തുടങ്ങിയവർ ഈ കലയിൽ അറിയപ്പെട്ടിരുന്നവരാണ്. മണ്ടാനത്ത് കറത്തകുഞ്ഞ് അക്കാലത്തെ ചെണ്ട, ഉടുക്ക്, എന്നിവാദ്യങ്ങളുടെ വിദ്വാൻകൂടി ആയിരുന്നു. കാക്കാൻ വേലുപ്പിള്ളയുടെ ശിഷ്യനായിരുന്ന കൊച്ചുചെറുക്കൻ ആശാൻ കോലടികളിയിൽ വിഖ്യതനായിരുന്നു. നാടൊട്ടുക്ക് നടന്ന് ഗുസ്തിമത്സരങ്ങൾ നടത്തിവന്ന ഫയൽമാൻമാർ ഒരുകാലഘട്ടത്തിലെജനങ്ങളുടെ ഹരമായിരുന്നു. ഇലക്കൂടിക് മൈതീൻ, കട്ടച്ചിറപപ്പൂദാസ്, തുടങ്ങിയഫയൽമാൻമാരുടെ നിരയിലേക്കുയർന്ന ക്ലാപ്പാനക്കാരാണ് ഫയൽവാൻകൃഷ്ണനും കൊച്ചയ്യപ്പൻ മൂപ്പരും.സ്രാമ്പൂട്ടിൽ നാരായണനും പറയൻതറ പീറ്ററും പ്രസിദ്ധ സർക്കസ് കലാകാരനായ കിലേരികുഞ്ഞിക്കണ്ണന്റെ ശിഷ്യനായിത്തീർന്ന സ്രാമ്പൂട്ടിൽ നാരായണൻപിന്നീട് സർക്കസ്കലാകാരനായി പ്രസിദ്ധിയിലേക്കുയർന്നു. നിരവധി ഗുസ്തിമത്സരങ്ങൾക്ക് ക്ലാപ്പനവേദിയാവുകയുംചെയ്തിട്ടുണ്ട്.

കേരളത്തിന്റെ പ്രസിദ്ധി കടൽ കടന്നുപോകാൻ കാരണമായിത്തീർന്ന കഥകളിക്ക് ക്ലാപ്പനയിലും വേരുകളുണ്ട്. ആറ്റുപുറത്തെ ശ്രീകൃഷ്ണവിലാസം കഥകളിയോഗം, നിരവധി അരങ്ങുകൾക്ക് വേദിയായിട്ടുണ്ട്. കടമ്പാട്ട്, കുതിരപ്പാട്ട് തുടങ്ങിയ പ്രസിദ്ധ ഇല്ലങ്ങളോടനുബന്ധിച്ചും കഥകളിയോഗങ്ങൾ ഉണ്ടായിരുന്നു. ക്ലാപ്പന ഷൺമുഖവിലാസം സ്ക്കൂൾ കേന്ദ്രമാക്കി ഒരുകഥകളി ക്ലബ്ബും കുറേനാൾ പ്രവർത്തിച്ചിരുന്നു. കഥകളിസംഗീതത്തിൽ പ്രസിദ്ധി നേടിയ പള്ളിക്കാവ് ശങ്കരപ്പിള്ള ഈ പഞ്ചായത്തുകാരൻ തന്നെ.

തിരുവാതിര കളിയ്ക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച കവറാട്ടുതറയിൽ കല്യാണിക്കുട്ടി ആശാട്ടി വലിയൊരു ശിഷ്യസമ്പത്തിന്റെ ഉടമയായിരുന്നു. പരിശീലനം മാത്രമല്ല മറ്റെല്ലാതരത്തിലും പ്രോത്സാഹനങ്ങളും ശിഷ്യർക്കു നല്കുന്നതിൽ കല്യാണിക്കുട്ടി ആശാട്ടി ശ്രദ്ധവച്ചിരുന്നു. വെളുത്തിടത്തു ചന്ദ്രൻനായരും പണ്ടാരേത്ത് ഫ്രഡറിക് വൈദ്യനും അക്കാലത്തെ അറിയപ്പെടുന്ന മൃദംഗ വിദ്വാന്മാരായിരുന്നു. ഇഞ്ചക്കാട്ദാമോദരനാശാനും അഗസ്തി മേസ്തിരിയും മുണ്ടകത്തിൽ പീറ്റർ മേസ്തിരിയും ക്ലാർനെറ്റ് വാദ്യത്തിൽ ഖ്യാതി നേടിയിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിൽ അഴീക്കലെത്തി താമസമാക്കിയ പോർട്ടുഗീസുകാരിൽ നിന്നും നേരിട്ടുവാദ്യം പഠിച്ചവരുടെ പിൻമുറക്കാരാണിവർ.

സാഹിത്യചരിത്രതാളുകളിൽ ഉൾപ്പെടാതെപോയെങ്കിലും പ്രതിഭാധനന്മാരായ സാഹിത്യകാരന്മാർ പലരും ക്ലാപ്പനയുടെ സന്തതികളാണ്. അവരിൽ ആദ്യം സൂചിപ്പിക്കേണ്ടത് ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രം കേവ്യത്തത്തിൽ കാവ്യമാക്കിയ ക്ലാപ്പനവേണുജിയെയാണ്. കവിത, നാടകം,ചെറുകഥ തുടങ്ങിയ സാഹിത്യരംഗങ്ങളിൽ സൃഷ്ടിക്കൾ നടത്തിയിട്ടുള്ള വേണുജി നിരീക്ഷകൻ എന്നൊരു മാസികയും നടത്തിയിരുന്നു. ജനകീയമായിത്തീർന്ന നാരീചരിതംകാവ്യത്തിന്റെ കർത്താവായ സ്രാമ്പൂട്ടിൽ എസ്.കെ. നാണു,സർക്കസ് കലാകാരനായ സ്രാമ്പൂട്ടിൽ നാരായണന്റെ സഹോദരനായിരുന്നു. ലൈലാമൻസർ, Sent by Airmail എന്നീ നോവലുകളുടെ കർത്താവായ കണ്ണകര ബാലകൃഷ്ണപിള്ളയും ഇരുട്ടിലെ കഥ നോവലിന്റെ കർത്താവായ ഇത്താംതറ ജോസും, കവിയായ തച്ചൂർ നാരായണപിള്ളയും ക്ലാപ്പനക്കാർ തന്നെ. അക്ഷരശ്ലോകം ചൊല്ലലിൽ ഭ്രാന്തമായ അഭിനിവേശമുണ്ടായിരുന്ന കൊച്ചുനാണു പണിക്കനും ചെറുകോൽ മാധവൻപിള്ളയും തച്ചൂർ ശിവരാമപിള്ളയും കളയ്ക്കാട്ടുതറ നാണുവും വലിയവെട്ടിക്കൽ കുഞ്ഞുകുഞ്ഞും നിരവധി സദസ്സുകളിൽ തിളങ്ങിനിന്നതാണ്. ചിത്രകലാരംഗത്തു ശ്രദ്ധേയരായിരുന്നവരാണ് കുട്ടിപ്പണിക്കരും ഇത്താംതറ ഡെൻസിലും.

ആതുരാലയങ്ങൾ ഒന്നുമില്ലാതിരുന്ന കാലത്ത് ക്ലാപ്പനയിൽ സ്ത്രീജനങ്ങളുടെ പ്രസവരക്ഷ ഏറ്റെടുക്കാൻ പതിച്ചിമാരാണ് ഉണ്ടായിരുന്നത്. അവരിൽ ഏറെ അറിയപ്പെട്ടിരുന്നത് 107 വയസ്സുവരെ ജീവിച്ചിരുന്ന കൊല്ലായിൽ ഉണ്ണൂലിയാണ്.

കൈത്തറി നെയ്ത്തിന് അറിയപ്പെട്ട കുടുംബമായിരുന്നു നേരൂർ. ഒട്ടനവധി തറികൾ അവിടെയുണ്ടായിരുന്നു. നെയ്ത്തിൽ പരിശീലനവും അവിടെ നല്കിയിരുന്നു.

കയർപിരിക്കും ക്ലാപ്പന അറിയപ്പെട്ടിരുന്നു. കൈകൊണ്ടുണ്ടാക്കുന്ന കയറിന് ഇവിടെ എക്കാലത്തും നല്ല മാർക്കറ്റാണുണ്ടായിരുന്നത്. തലച്ചുമടായി നിരവധി സ്ഥലങ്ങളിലേക്ക് ചകിരി കൊണ്ടുപോകുകഅന്ന് പതിവായിരുന്നു.

നാടകകലയുടെ കേദാരഭൂമിയായിരുന്നു ക്ലാപ്പന. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ സംസ്ക്കാര സംദായനി നടനകലാസമിതി എന്ന നാടകസംഘം ശ്രദ്ധേയരായിക്കഴിഞ്ഞിരുന്നു. കടമ്പാട്ടു വാസുദേവശർമ്മ , കുറശ്ശേരിൽ ദാമോദരൻ പോറ്റി, സി.കെ. രാഘവൻപിള്ള, നീലകണ്ഠപിള്ള തുടങ്ങിയവരുടെ നേതൃത്വത്തിലാണ് അതു നടന്നിരുന്നത്. സി. മാധവൻപിള്ളയുടെ വീരാംഗന എന്ന നാടകം ഈ സമിതി നിരവധി സ്ഥലങ്ങളിൽ അഭിനയിച്ചു പ്രശംസ നേടിയിട്ടുണ്ട്. സമിതിയുടെ 'ചങ്ങമ്പുഴയുടെ രമണൻ' ആദിനാട് ഗോപിയുടെ 'പുലർച്ച' തുടങ്ങിയ നാടകങ്ങളും ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്. പുരുഷന്മാർ തന്നെയാണ് സ്ത്രീവേഷം കെട്ടിയിരുന്നത് എന്ന പ്രത്യേകത ഈ നാടകങ്ങൾക്കുണ്ട്. സ്വാമി ബ്രഹ്മോദയ നടനകലാസമിതിയും അക്കാലത്തെ പ്രസിദ്ധമായ ഒരു നാടകസംഘമാണ്. കുമാരനാശാന്റെ കരുണ നാടകരൂപം പുണ്ടപ്പോൾ അതിൽ അഭിനയത്തികവുകൊണ്ടു ശ്രദ്ധേയമായ എ.സി. ചെല്ലമ്മ ക്ലാപ്പന നിവാസിയാണ്. വാവല്ലൂർ കെ.വി. നീകണ്ഠപിള്ളവൈദ്യൻ, കാസിം അപ്പുക്കുട്ടൻപിള്ള, കുമാരൻ വൈദ്യൻ, പണ്ഡിറ്റ് പപ്പുആശാൻ, കൃഷ്ണഭവനം നാരായണപ്പണിക്കർ തുടങ്ങിയ പ്രതിഭാധനന്മാരായ നടന്മാരുടെ പേരുകളും പ്രസ്താവ്യമാണ്.

ഭാഗവത പാരായണത്തിൽ ശ്രദ്ധേയരായ രണ്ടുപേർ ക്ലാപ്പനയിലുണ്ടായിരുന്നു. ചിറ്റേത്തുഭാഗവതരും കൂട്ടുങ്കൽ വേലായുധൻ ഭാഗവതരുമാണവർ. വേലായുധൻ ഭാഗവതർ ഒരു നാടകക്കളരി സ്ഥാപിക്കുകയും താല്പര്യമുള്ളവർക്ക് നാടകകലയിൽ പരിശീലനം നല്കിവരുകയും ചെയ്തു.

ക്ലാപ്പനയുടെ ഏറ്റവും വലിയ പ്രത്യേകതയായി എടുത്തുകാട്ടുവാനുള്ളത് ഇവിടെ ഒരു മദ്യശാലപോലും ഉണ്ടായിരുന്നില്ല എന്നുള്ളതാണ്. സാംസ്ക്കാരികമായി ഉയർന്ന നിലവാരം പുലർത്തുവാൻ ക്ലാപ്പനയ്ക്കു കഴിഞ്ഞതിന്റെ മുഖ്യം ഇതുതന്നെയാണ്.

സുക്കിടി എന്ന പലഹാരത്തിന് ക്ലാപ്പന പേരുകേട്ടിരുന്നു. അലിയുമ്മർ ആശാന്റെ പ്രസിദ്ധമായ ഒറോട്ടി കഴിക്കുവാൻ വളരെ ദൂരെ നിന്നുപോലും ആൾക്കാർ എത്തിയിരുന്നു.

സരസ്വതീക്ഷേത്രങ്ങൾക്കു ഖ്യാതി നേടിയ സ്ഥലമായിരുന്നു ക്ലാപ്പന. മണ്ണാറ ഗോവിന്ദവിലാസം സ്ക്കൂൾ ആയിരുന്നു അവയിൽ മുഖ്യം. വിദ്വാൻ എം.കെ. അച്ചുതൻ മുൻകൈ എടുത്തു സ്ഥാപിച്ച പരശ്ശേരിൽ ഷൺമുഖവിലാസം സ്ക്കൂൾ ഇന്നു ക്ലാപ്പനയിലെ ഏക ഹൈസ്ക്കൂളാണ്. ശ്രീനാരായണ ഗുരു സന്ദർശിച്ചു. താമസിച്ചിട്ടുള്ള വിദ്യാകേന്ദ്രങ്ങളിൽ ഒന്നാണിത്. 1900-ൽ ജനപങ്കാളിത്തത്തോടെ സ്ഥാപിച്ച ആൾ സോൾസ് എൽ.പി. സ്ക്കൂൾ പിന്നീട് സെന്റ് ജോസഫ് യു.പി. സ്ക്കൂൾ ആയി ഉയർന്നു.

ഇസ്ലാംമതത്തിന്റെ കേരളത്തിലെ പ്രചാരകാലത്തുതന്നെ ക്ലാപ്പനയിലും ഇസ്ലാംമതവിശ്വാസികളുണ്ടായിരുന്നു. ഇസ്ലാംമതം സ്വീകരിച്ചതിനു ശേഷം ചേരമാൻ പെരുമാൾ തറക്കല്ലിട്ട പതിനെട്ടുപടികളിൽ ഒന്ന് ക്ലാപ്പന പുതുതെരുവ് ജുമാമസ്ജിദാണ്. ചൈനീസ് വാസ്തുശില്പ ശൈലിയിലാണ് മനോഹരമായ ഈ പള്ളി പണിതീർത്തിട്ടുള്ളത്. ക്ലാപ്പനയുടെ തെക്കുകിഴക്കുഭാഗത്തുള്ള വാർഡിന്റെ പേര് പെരുമാന്തഴ എന്നാണ്. പെരുമാളിന്റെ പടനായകന്റെ തറ എന്നർത്ഥമുള്ള പെരുമാൾതറയാണ് പെരുമാന്തഴയായതെന്ന് ഊഹിക്കുന്നു. ക്ലാപ്പന വില്ലേജിന്റെ പഴയ പേര് പെരുനാട് എന്നായിരുന്നു. ഇതും പെരുമാളുമായുള്ള ഈ നാടിന്റെ ബന്ധത്തിനും അതുവഴി ഇസ്ലാംമത പാരമ്പര്യത്തിനും നിദാനമാണ്.

1840-ലാണ് പോർട്ടുഗീസുകാർ ഈ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറുഭാഗത്തുള്ള അഴീക്കലിൽ വന്നുചേർന്നതെന്ന് ഊഹിക്കുന്നു. തുടർന്ന് പോർട്ടുഗീസ് വാസ്തുശില്പ മാതൃകയിൽ വലിയൊരു പള്ളി അവിടെ സ്ഥാപിക്കുകയുണ്ടായി. ഇതിനായി പോർട്ടുഗലിൽ നിന്നാണ് തടിയിൽ തീർത്ത ഒരു അൾത്താരയും മറ്റും കൊണ്ടുവന്നത്. ആ പള്ളി കടലാക്രമണത്തിൽ നശിച്ചുപോയപ്പോൾ ക്ലാപ്പനയിൽ മറ്റൊരുപള്ളി പണി തീർത്തു. പോർട്ടുഗീസ് അൾത്താരയും മറ്റും പുതിയ പള്ളിയിലേക്ക് മാറ്റുകയും ചെയ്തു. കൊച്ച് ഇടത്വാപള്ളി എന്നു വിളിക്കപ്പെടുന്ന ക്ലാപ്പന സെന്റ് ജോർജ്ജ് പള്ളിയുടെ മുന്നിൽ സ്ഥാപിച്ചിരിക്കുന്ന കൊടിമരം കടൽവെള്ളത്തിലൂടെ ഒഴുകി വന്ന ഒലിവുതടിയിലാണ് പണിതിട്ടുള്ളത്. വേനൽക്കാലത്ത് ഇപ്പോഴും ആ തടിയിൽ നിന്ന് ഒലിവെണ്ണ കിനിഞ്ഞുവരാറുണ്ട്. ക്രിസ്തുപ്രതിമയുടെ മുകളിലുള്ള വിളക്ക് മത്സ്യബന്ധനത്തിന് പോന്നവർക്ക് ഇന്നും ലക്ഷ്യംകാട്ടുന്നുണ്ട്.

പോർട്ടുഗീസ് പാരമ്പര്യമുള്ള പല ക്രിസ്തീയ കുടുംബങ്ങളും ക്ലാപ്പനയിലുണ്ടായിരുന്നു. കടയിൽപറമ്പിൽ, കൂട്ടുങ്കൽ തുടങ്ങിയവ അവയിലറിയപ്പെടുന്നു. കാലത്തിന്റെ പ്രവാഹത്തിൽ മാറിവന്ന പശ്ചാത്തലങ്ങളുമായി പൊരുത്തപ്പെടാനാകാതെ അവരെല്ലാം തങ്കശ്ശേരിയിലേക്കു താമസംമാറുകയാണുണ്ടായത്.

ജർമ്മനി, പോർട്ടുഗൽ തുടങ്ങിയ വിദേശരാഷ്ട്രങ്ങളിൽ നിന്നുള്ള വികാരിമാർ ക്ലാപ്പന ഇടവക ഭരിച്ചിട്ടുണ്ട്. ഇതിൽ ജർമ്മൻകാരനായിരുന്ന ഫാദർ പയസ്സിന്റെ സേവനം ശ്രദ്ധേയമായിരുന്നു. മിഷനറി പ്രവർത്തനത്തിൽ ക്ലാപ്പനയിൽ നിന്നും പലരും പങ്കാളികളായിട്ടുണ്ട്. ഇവരിൽ പ്രാതസ്മരണീയനായിട്ടുള്ളത് കടയിൽപറമ്പിൽ വിൻസന്റ് ആണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പല ഇടവകകളും ബ്രിട്ടീഷ് ഗവൺമെന്റിനോട് കൂറുപുലർത്തിയപ്പോൾ ക്ലാപ്പന ഇടവക സ്വാതന്ത്ര്യസമരസേനാനികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയുണ്ടായി.

ഇപ്പോൾ കൊല്ലാരൂപത ഭരിക്കുന്ന വികാരി ജനറലും, ബിഷപ്പും ക്ലാപ്പന സെന്റ് ജോർജ്ജ് ദേവാലയത്തിൽ ജ്ഞാനസ്നാനം ചെയ്തവരാണ്.

1951-ൽ സ്ഥാപിക്കപ്പെട്ട ഗ്രാമോദ്ധാരണ ലൈബ്രറി ഇന്ന് ക്ലാപ്പനയുടെ സാംസ്ക്കാരിക കേന്ദ്രമാണ്. തറയിൽ ലിയോൺസ്, കുന്നത്തു ഫ്രാൻസിസ് റോഡ്രിഗ്സ്, ഉറകാരശ്ശേരിൽ കൃഷ്ണൻ, കുഞ്ഞിപ്പുഴ മുഹമ്മദുകുഞ്ഞ് എന്നിവർ ചേർന്നു സ്ഥാപിച്ച ഈ ഗ്രന്ഥശാലയ്ക്ക് സൗജന്യമായി സ്ഥലം നല്കിയത് തോട്ടത്തിൽ ഇല്ലത്ത് കേശവൻ നമ്പൂതിരിയാണ്. പ്രാഥമിക വിദ്യാഭ്യാസം പോലും സാർവ്വത്രികമല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ശ്രീ കുഞ്ഞിപ്പുഴ മുഹമ്മദ്കുഞ്ഞ് പുസ്തകക്കെട്ടുകളുമായി വീടുവീടാന്തിരം കയറിയിറങ്ങിയാണ് ലൈബ്രറിയുടെ പ്രവർത്തനം നടത്തിയിരുന്നത്.

ക്ലാപ്പനയുടെ ചരിത്രത്തിൽ പ്രശസ്തിയുടെ പടവുകൾ കയറിയ പ്രഗത്ഭർ അനവധിയുണ്ട്. ഇപ്പോൾ കേരളത്തിന്റെ DGPയായ സത്താർകുഞ്ഞ്, IAS പരീക്ഷയിൽ ഉന്നതവിജയം നേടിയ കുന്നുതറയിൽ ക്രിസ്റ്റിലിയോൺ, രജിസ്ട്രേഷൻ ഐ.ജി.യായിരുന്ന മാടമ്പിശ്ശേരിൽ സ്റ്റീഫൻ നെറ്റോ, കേരളത്തിലെ ആദ്യത്തെ ഡെപ്യൂട്ടി സ്പീക്കറായ

കെ.ഒ. ഐഷാഭായി തുടങ്ങിയവർ ഇക്കൂട്ടത്തിൽപെടുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിൽ പുളകം കൊള്ളിക്കുന്ന പല ചരിത്രസംഭവങ്ങൾക്കും ക്യാപ്പന സാക്ഷ്യം വഹിച്ചിട്ടുണ്ട്. ദേശീയ പ്രക്ഷോഭത്തിന്റെ മുഖ്യധാരയിലായിരുന്നു ക്ലാപ്പനയിലെ ദേശസ്നേഹികളായ ചെറുപ്പക്കാർ മുഴുവും. ബ്രിട്ടീഷ് പട്ടാളത്തിന്റെ കിരാത വാഴ്ച്ക്കെതിരേ നടത്തിയ ത്യാഗോജ്ജ്വലമായ പ്രക്ഷോഭണങ്ങളിൽ അവരിൽ പലർക്കും കൈമോശം വന്നത് സ്ന്തം ജീവിതം തന്നെയാണ്.

ജവഹർലാൽ നെഹ്റുവിന് പഴവങ്ങാടിയിൽ വച്ച് സ്വീകരണം നല്കാനുള്ള പദ്ധതി ബ്രിട്ടീഷുകാർ തകർത്തതിനെ തുടർന്ന് അദ്ദേഹത്തിനു സ്വീകരണം നല്കിയത് കായംകുളത്തിനുവടക്ക് മരുതനാട്ടുവച്ചാണ്. നിരോധനം നിലനില്ക്കെ സംഘടിപ്പിക്കപ്പെട്ട ആ സ്വീകരണ ചടങ്ങിൽ ക്ലാപ്പനയിൽ നിന്നു പലരും സധീരം പങ്കെടുത്തു. അക്കൂട്ടത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യ സമരഭടനായ ശ്രീധരൻ വൈദ്യനും ഉണ്ടായിരുന്നു. സർ സി.പി.യ്ക്കതിരെയുള്ളജനവികാരം തിളച്ചുമറിഞ്ഞപ്പോൾ തിരുവനന്തപുരത്തുനടന്ന പ്രകടനത്തിന്റെ ക്യാപ്റ്റൻ പ്ലാവിളയിൽ സുകുമാരനായിരുന്നു. അദ്ദേഹത്തെ തിരുവനന്തപുരത്തേക്കു ബോട്ടുകയറ്റിവിടാൻ ഒരു ജനസഞ്ചയം വള്ളിക്കാവുബോട്ടുജെട്ടിയിൽ തടിച്ചുകൂടിയത് പുളകത്തോടുകൂടിയാണ് ഇന്ന് പലരും ഓർക്കുന്നത്.

സർ സി.പി. യുടെ ഒന്നാം റഗുലേഷൻ ലംഘിക്കുവാൻ വേണ്ടി ചരിത്രപ്രസിദ്ധമായ സമ്മേളനം നടത്തിയത് ക്ലാപ്പന കല്ലേശ്ശേരിൽ ക്ഷേത്ര മൈതാനത്തുവച്ചായിരുന്നു. കോട്ടൂർ കോയിക്കൽ വേലായുധൻ മാസ്റ്റർ, വിദ്വാൻ എം.കെ. അച്ചുതൻ, തച്ചൻകാട്ടിൽ സദാശിവൻ, മൂളക്കത്തറ ഗോവിന്ദനാശാൻ പുത്തൻവട്ടീൽ നാണുവൈദ്യൻ എന്നിവരായിരുന്നു അതിന്റെ സംഘാടകർ. അതിൽ പങ്കെടുത്ത പ്രമുഖരെയെല്ലാം സമ്മേളനസ്ഥലത്തുനിന്നുതന്നെ കായംകുളം പോലീസ് അറസ്റ്റുചെയ്തു. അവരെ പാർപ്പിക്കുവാൻ കായംകുളത്ത് സൗകര്യമില്ലാതിരുന്നതിനാൽ അമ്പലപ്പുഴ ജയിലിലേക്ക് അയച്ചു. ജയിലിലെ താമസ്സിനിടയ്ക്ക് അവർക്ക് നിലത്തുവിരിച്ചുകിടക്കുവാൻ ഷീറ്റു നല്കിയ കേശവൻ റൈറ്ററുടെ നടപടി ക്രൂരമായ അച്ചടക്കലംഘനമായി അധികാരികൾ മുദ്രകുത്തി അദ്ദേഹത്തെ ജോലിയിൽ നിന്നു പിരിച്ചുവിടുകയും നേതാക്കളെ വളരെ ക്രൂരമായി മർദ്ദിച്ച് അവശരാക്കുകയും ചെയ്തു. തുടർച്ചയായ മർദ്ദനത്തിന്റെ ഫലമായി ജയിൽമോചിതനാകുംമുമ്പ് തച്ചൻകാട്ടിൽ സദാശിവൻ ക്ഷയരോഗബാധിതനായി. ജയിൽമോചിതനായ തച്ചൻകാട്ടിൽ സദാശിവനുൾപ്പെടെയുള്ള നേതാക്കൾക്കു സ്വീകരണം നല്കുവാൻ ക്ലാപ്പനയിൽ കൂടിയ യോഗത്തിൽ പി.റ്റി. പുന്നൂസ് 6 മണിക്കൂർ നേരമാണ് പ്രസംഗിച്ചത്. സ്വാതന്ത്ര്യത്തെത്തുടർന്ന് അദ്ദേഹത്തെ വിദഗ്ദ്ധ ചികിത്സയ്ക്ക് നാഗർകോവിൽ ക്ഷയരോഗാശുപത്രിയിലേക്ക് സി. കേശവന്റെ നിർദേശപ്രകാരം കൊണ്ടുപോയെങ്കിലും അവിടെ വച്ച് രോഗം മൂർച്ഛിക്കുകയും അദ്ദേഹം അന്തരിക്കുകയും ചെയ്തു.

കളീക്കശ്ശേരിൽ അമ്പലമൈതനാത്തു കൂടിയ നാവികതൊഴിലാളി യൂണിയന്റെ സമ്മേളനത്തിൽ വച്ച് ഉത്തരവാദഭരണം കിട്ടാതെ വള്ളങ്ങൾ വെള്ളത്തിലിറക്കേണ്ട എന്ന തീരുമാനം ഏകകണ്ഠമായി പാസ്സാക്കി. ഇത്തരമൊരു കടുത്ത നടപടി നാവിക തൊഴിലാളി കുടുംബങ്ങളെ പട്ടിണിയിലാഴ്ത്തുമെന്നും അത് പിൻവലിക്കണമെന്നും സമ്മേളനത്തിൽ പങ്കെടുക്കുന്ന ഉന്നതർ വളരെ നിർബന്ധിച്ചതിനു ശേഷമാണ് അത് പിൻവലിച്ചത്. സ്വന്തം കുടുംബത്തിന്റെ നിലനില്പിലുപരി രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വില കല്പിക്കുവാൻ ദരിദ്രരാണെങ്കിൽ പോലും നാവികത്തൊഴിലാളികൾ തയ്യാറായി എന്നത് നിശ്ചയദാർഡ്യംഒന്നു കൊണ്ടു മാത്രമാണ്. ഇവിടെ വച്ചുനടന്ന സമ്മേളനങ്ങളിൽ മദ്ധ്യതിരുവിതാംകൂർ കർഷകത്തൊഴിലാളി സമ്മേളനവും പ്രാധാന്യമർഹിക്കുന്നു.

"നാളത്തെ പുലരിയിൽ വിടരുമല്ലോ-നെടു
നാളത്തെ സ്വപ്നത്തിൻ പൂങ്കുലകൾ
ഗന്ധിതൻ ക്ഷേമരാഷ്ട്രം പുലരുമല്ലോ-ലോക
ശാന്തിതൻ കതിരവനുയരുമല്ലോ.
സ്നേഹത്തിൻ കിളിനാദം മുഴങ്ങുമല്ലോ-ജന
ദ്രോഹത്തിൻ കൂരിരുൾ നീങ്ങുമല്ലോ....."

നാളെയുടെ പുലരികൾ സ്വാതന്ത്ര്യത്തിന്റേതാണെന്ന സ്വപ്നത്തിന്റെ തികവിൽ അലയടിച്ച ഗാനങ്ങൾ ഈ നാടിന്റെ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ ഉത്തമനിദർശനങ്ങളാണ്.

ദിവാൻ ഭരണത്തിനെതിരെയുയർന്ന അസഹസിഷ്ണുതയിൽ ഈ നാടിന്റെ ചേതനയും പങ്കുചേർന്നു. ദിവാൻ ഭരണം അവസാനിപ്പിക്കുക എന്ന് പോസ്റ്റർ എഴുതി സധീരം ഒട്ടിച്ച സ്രാമ്പൂട്ടിൽ നാരായണന് ഒരു വർഷത്തെ തടവുശിഷയും ക്രൂരമർദ്ദനവുമാണ് അനുഭവിക്കേണ്ടി വന്നത്.

വില്ലേജ് യൂണിയൻ

തദ്ദേശ സ്വയംഭരണ സംവിധാനം ആദ്യം ഏർപ്പെടുത്തിയപ്പോൾ അതിന്റെ പേര് വില്ലേജ് യൂണിയൻ എന്നായിരുന്നു. ഓച്ചിറ വില്ലേജ് യൂണിയന്റെ പരിധിയിലായിരുന്നു ക്ലാപ്പന. തഹസീൽദാർ പ്രസിഡന്റായിരുന്ന ഈ സമിതിയിൽ ജനപ്രതിനിധികൾക്കുപുറമേ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പ്രതിനിധികൾ ഉണ്ടായിരുന്നു. കടമ്പാട്ടു പരമേശ്വര ശർമ്മ, രാമവാരിയർവൈദ്യൻ, കല്ലൂർ നാരായണപിള്ള, ജോൺ ഫെർണാണ്ടസ്, വാലേൽ അബ്ദുൽ റഹ്മാൻകുഞ്ഞ്, ആനസ്ഥാനത്തുകുഞ്ഞുപണിക്കൻ എന്നിവർ ഓച്ചിറ വില്ലേജ് യൂണിയനിൽ ക്ലാപ്പനയുടെ പ്രതിനിധികളായിരുന്നു. ഇതിൽ കടമ്പാട്ടു പരമേശ്വരവർമ്മ ഇന്നും ജീവിച്ചിരിപ്പുണ്ട്. പ്രയാറുണ്ടായിരുന്ന കോയിക്കൽ കച്ചേരിയായിരുന്നു ഓഫീസ്. ഓച്ചിറ വില്ലേജ് യൂണിയൻ ഓച്ചിറ പഞ്ചായത്തായി പിന്നീട് രൂപം മാറി.

ഓച്ചിറ പഞ്ചായത്തിൽ ക്ലാപ്പനയിൽ നിന്ന് 6 മെമ്പർമാരാണുണ്ടായിരുന്നത്. ക്ലാപ്പന തെക്കുകരയിൽ നിന്ന് ശ്രീ ചിറ്റേഴ്ത്ത് ശ്രീ. സി.കെ. രാഘവൻപിള്ള, ക്ലാപ്പന വടക്കുനിന്ന് ചായക്കാരൻപറമ്പിൽ ശ്രീമാൻ രാഘവൻ, പെരുനാട്ടുനിന്ന് വെളുത്തിടത്ത് ശ്രീ ഗോപാലൻ, പ്രയാർ തെക്കുനിന്ന് മുക്കത്ത് ശ്രീ. എം.പി. പുരുഷോത്തമനും വാലേൽവീട്ടിൽ ശ്രീ. അബ്ദുൽ റഹ്മാൻകുഞ്ഞും വരവിളനിന്ന് നെല്ലിക്കോമത്ത് ശ്രീ വേലായുധൻപിള്ളയുമായിരുന്നു. ഓച്ചിറ പഞ്ചായത്തിന്റെ പ്രസിഡന്റും വൈസ്പ്രസിഡന്റും യഥാക്രമം ക്ലാപ്പനക്കാരായ വാലേൽ അബ്ദുൾ റഹ്മാൻ കുഞ്ഞും നെല്ലിക്കോമത്ത് ശ്രീ വേലായുധൻപിള്ളയുമായിരുന്നു.

പഞ്ചായത്ത് രൂപീകരണവും ഭരണസമിതികളും

26-12-1961-ലാണ് ക്ലാപ്പന പഞ്ചായത്തിന്റെ ഔദ്യോഗിക രൂപീകരണം കേരളസർക്കാർ നടത്തിയത്.1-1-1962-ൽ ഉദ്യോഗസ്ഥന്മാർ സ്ഥലത്തെത്തി അധികാരമേറ്റു. ക്ലാപ്പന പഞ്ചായത്ത് നിലവിൽ വന്നതിനുശേഷം നടത്തിയ കക്ഷിരഹിത പഞ്ചായത്തുതെരഞ്ഞെടുപ്പിൽ പ്രയാർ തെക്കുകരയിൽ നിന്ന് ശ്രീമാൻമാർ മൂലംകുഴിയിൽ അബ്ദുൽ ലത്തീഫ് (പ്രസിഡന്റ്) മുക്കത്തേരിൽ എം.കെ. ദാമോദരൻ എന്നിവരും പെരുനാട്ടുനിന്ന് കൃഷ്ണഭവനം ശ്രീ. കെ. നാരായണപ്പണിക്കർ, ക്ലാപ്പന വടക്കുനിന്നും ചെറുവിലിൽ ശ്രീ. മൈതീൻകുഞ്ഞ്, ക്ലാപ്പന തെക്കുനിന്ന് നടയിലയ്യത്ത് ശ്രീ. ഓ. ചെല്ലപ്പൻ (വൈസ്പ്രസിഡന്റ്) പെരുമാന്തഴയിൽ നിന്ന് എരമത്തു ശ്രീ വേലായുധൻ, ശ്രീ കെ. രാഘവൻ (സംവരണം) എന്നിവരും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. വരവിള വാർഡിൽ നിന്ന് മഞ്ഞാടിയിൽ ശ്രീ. അബ്ദുൽ റഹ്മാൻ സാഹിബ്ബ് മത്സരിച്ചുവിജയിച്ചു. വനിതാമെമ്പറായി പുതംകണ്ണാടിയിൽ ശ്രീമതി കാതറിൻ ഫെർണാണ്ടസ് നോമിനേറ്റ് ചെയ്യപ്പെട്ടു. ശ്രീ. എം.കെ. ദാമോദരന്റെ നിര്യാണത്തെതുടർന്ന് പനക്കുളത്ത് ശ്രീ. ആർ. സതീശൻ പ്രയാർ തെക്കുനിന്ന് മത്സരിച്ചുവിജയിച്ചു. ഈ സമിതി 1979 വരെ നിലനിന്നു.

1979-ൽ നടന്ന പഞ്ചായത്തുതെരഞ്ഞെടുപ്പിൽ മൂലംകുഴിയിൽ ശ്രീ. അബ്ദുൽ ലത്തീഫ് (പ്രസിഡന്റ്, വാർഡ് 4) വെട്ടിക്കൽവീട്ടിൽ ശ്രീ. കെ. കുട്ടപ്പൻ (വൈസ്പ്രസിഡന്റ്, വാർഡ് 8) താനുവേലിൽ ശ്രീ. റ്റി.എൻ. വിജയകൃഷ്ണൻ (വാർഡ് 1) മുളവന പടീറ്റതിൽ ശ്രീ. വി. ഗോപിനാഥ് (വാർഡ് 2) പരുതേരിമണ്ണേൽ ശ്രീമതി കെ.എം. രാജമ്മ (വാർഡ് 3) കുറ്റിയിടത്ത് ശ്രീ. കെ.ജി. നീലാംബരൻ (വാർഡ് 5) ചെറുവിലിൽ ശ്രീ. മൈതീൻകുഞ്ഞ് (വാർഡ് 6) ദീപ്തിഭവനിൽ ശ്രീ. കെ. ആനന്ദൻ (വാർഡ് 7) മാവോലിൽ ശ്രീ. കെ. രാമചന്ദ്രൻപിള്ള (വാർഡ് 9). 1984 വരെ തുടർന്ന ഈ കമ്മറ്റിയുടെ കാലഘട്ടത്തിലാണ് പഞ്ചായത്ത് ഓഫീസ് സ്വന്തം കെട്ടിടത്തിലേക്കു മാറ്റിയത്. മാവോലിൽ കൃഷ്ണപിള്ള സംഭാവന ചെയ്ത 25 സെന്റ് സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ തറക്കല്ലിടിൽ പഞ്ചായത്തുപ്രസിഡന്റ് അബ്ദുൽലത്തീഫും ഉദ്ഘാടനം പഞ്ചായത്തുഡയറക്ടർ സുബ്ബയ്യനും നിർവഹിച്ചു. 1988 വരെ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻ കീഴിലായിരുന്നു. അക്കാലത്ത് പഞ്ചായത്തു വാർഡുകളുടെ എണ്ണം 10 ആയി ഉയർത്തി.

1988 ജനുവരി 23-നു നടന്ന പഞ്ചായത്തുതെരഞ്ഞെടുപ്പിൽ പ്രയാർ A വാർഡിൽ നിന്ന് പ്ലാവോലിൽ തെക്കടത്ത് ശ്രീ. പി.റ്റി. ഉണ്ണികൃഷ്ണൻ, പ്രയാർതെക്ക് ബി. വാർഡിൽ നിന്ന് കാണവള്ളിൽ ശ്രീ. ഒ. ഗംഗാധരൻ (വൈസ്പ്രസിഡന്റ്), പ്രയാർ തെക്ക് സി. വാർഡിൽ നിന്ന് പെരുമ്പലത്ത് ശ്രീ. കെ. രാജപ്പൻ (പ്രസിഡന്റ്) പെരുനാട് A വാർഡിൽ നിന്ന് കല്ലേശ്ശേരിൽ ശ്രീമതി സ്വർണ്ണമ്മ, പെരുനാട് ബി. വാർഡിൽ നിന്ന് ഇരവിമംഗലത്തു ശ്രീ. എ. മജീദുകുഞ്ഞ്, ക്ലാപ്പന വടക്കു വാർഡിൽ നിന്ന് ചെറുത്തറയിൽ ശ്രീ. എ. താഹാക്കുഞ്ഞ്, ക്ലാപ്പനതെക്കുനിന്ന് നടയിലയ്യത്തു ശ്രീ. ഡി. ദേവസാദ്, ക്ലാപ്പന കിഴക്കുനിന്ന് തൊടീക്കാട്ടിൽ തെക്കതിൽ ശ്രീ. കെ. രാഘവൻ, പെരുമാന്തഴ വാർഡിൽ നിന്ന് തച്ചൻകാട്ടിൽ ശ്രീ. പത്മകുമാർ വര

വിളയിൽ നിന്ന് ശ്രീ സദനത്തിൽ ശ്രീമതി ശങ്കരിയമ്മ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 1988 ഫെബ്രുവരി 10-ന് അധികാരമേറ്റെടുത്ത ഈ സമിതി 1993 ഫെബ്രുവരി 9-ന് സ്ഥാനമൊഴിയേണ്ടിയിരുന്നുവെങ്കിലും 1995 സെപ്തംബർ 30 വരെ ആറുമാസത്തേക്കുവീതം വതവണ ഗവൺമെന്റ് കാലാവധി നീട്ടിക്കൊടുക്കുകയുണ്ടായി.

1995 സെപ്തംബർ 25-ാം തീയതി നടന്ന തെരഞ്ഞെടുപ്പിൽ 1 മുതൽ 10 വരെയുള്ള വാർഡുകളിൽ നിന്ന് യഥാക്രമം T.K. രാധാകൃഷ്ണൻ നായർ താനുവേലിൽ, കെ. ഭുവനചന്ദ്രൻ കുളത്തുംകട, കുമാരി ബീന കരിയിൽ, എ. സതീഷ്കുമാർ കൊച്ചുപുരയിൽ, റംലറഹിം കവറാട്ട്, എം. മജീദ്കുഞ്ഞ് ഇരവിമംഗലത്ത്, മേരിതോമസ് ക്രൂസ് അരിക്കരപുത്തൻവീട്, കെ. സുരേഷ് പണ്ടകശാലത്തറ, പി. വിജയമ്മ അശ്വതി, കെ. ശിവരാമൻനായർ ശ്രീസദനം എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

നിയോജകമണ്ഡലം

ശ്രീമൂലം അസംബ്ലിയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലും തിരു-കൊച്ചി നിയമസഭയിൽ കാർത്തികപ്പള്ളി-കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലും കേരള അസംബ്ലിയിൽ കൃഷ്ണപുരം നിയോജകമണ്ഡലത്തിലും ഈ പഞ്ചായത്ത് ഉൾപ്പെട്ടിരുന്നു. 1965 മുതൽ ക്ലാപ്പന കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിന്റെ ഭാഗമായി തുടരുന്നു.

വില്ലേജ്

ക്ലാപ്പന പഞ്ചായത്ത് മുമ്പ് പെരിനാടുവില്ലേജിന്റെ ഭാഗമായിരുന്നു. ആലപ്പാട്ടു പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള മൂന്നു വാർഡുകളും ഓച്ചിറ വില്ലേജിലെ പായിക്കുഴി, വലിയകുളങ്ങര എന്നീ കരകളും പെരിനാടു വില്ലേജിൽ ഉൾപ്പെട്ടിരുന്നു. ഇപ്പോഴത്തെ ക്ലാപ്പന വില്ലേജിൽ ക്ലാപ്പന പഞ്ചായത്തുപ്രദേശം മാത്രമാണ് ഉൾപ്പെടുന്നത്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ഭൂമിശാസ്ത്രപരമായി ഈ സ്ഥലം സമനിരപ്പായ പ്രദേശമാണ്. ഓണാട്ടുകരയുടെ നെല്ലറയായിരുന്ന ഓച്ചിറ മുണ്ടകപ്പാടം (കറുകപ്പാടം) ക്ലാപ്പന പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് തെക്കേഅറ്റം മുതൽ വടക്കേഅറ്റം വരെ സ്ഥിതി ചെയ്യുന്നു. കായംകുളം കായൽതോടിനോടു ചേർന്നുള്ള ഈ പാടത്ത് ഒരുപൂകൃഷിയാണ്. ക്ലാപ്പനയുടെ മറ്റുസ്ഥലങ്ങളിലും നെൽകൃഷി നടത്തിവരുന്നു. ക്ലാപ്പനയുടെ കിഴക്കുഭാഗത്തുള്ള വാർഡായ വരവിളയ്ക്ക് ആ പേരു ലഭിച്ചതിനു പിന്നിലും കൃഷിയുടെ മികവാണുള്ളത്. വര(ശ്രേഷ്ഠം)മായ വിളയ്ക്ക് പേരുകേട്ട സ്ഥലമായിരുന്നു വരവിള

ഓഫീസുകൾ

ക്ലാപ്പന വില്ലേജ് ആഫീസ്, ഗ്രാമ പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ എന്നിവ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. സർവ്വീസ് സഹകണ ബാങ്കും (SCB 867) ICDC സബ്സെന്ററും 5-ാം വാർഡിലും എസ്.ബി.റ്റി. ശാഖ 3- ാം വാർഡിലും സർക്കാർ ആയൂർവ്വേദ ആശുപത്രി 2-ാം വാർഡിലും സർക്കാർ മൃഗാശുപത്രി 1-ാം വാർഡിലും സ്ഥിതി ചെയ്യുന്നു. ക്ലാപ്പന പഞ്ചായത്തിന്റെ P.H. സെന്റർ 7-ാം വാർഡിനുതെക്കുമാറി കുലശേഖരപുരം പഞ്ചായത്തിലാണുള്ളത്. 2,6,9 എന്നീ വാർഡുകളിൽ കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകൾ പ്രവർത്തിക്കുന്നു. 5, 2 എന്നീ വാർഡുകളിൽ ബ്രാഞ്ച് പോസ്റ്റ് ഓഫീസുകളും 5, 6 എന്നീ വാർഡുകളിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസും പ്രവർത്തിക്കുന്നു. ആകെ 5 കയർസഹകരണ സംഘങ്ങളാണ് ക്ലാപ്പനയിലുള്ളത്. ഇതിൽ 2 എണ്ണം 3-ാം വാർഡിലും ഓരോന്നുവീതം 4,6,7 എന്നീ വാർഡുകളിലും സ്ഥിതിചെയ്യുന്നു. ഹരിജൻ സർവ്വീസ് സഹകരണസംഘവും വനിതാ ഉപഭോക്തൃസഹകരണ സംഘവും പഞ്ചായത്തിലുണ്ട്. 3 ക്ഷീര വ്യവസായസഹകരണ സംഘങ്ങളും ഒരു ഉൾനാടൻ മത്സ്യവ്യവസായ സഹകരണ സംഘവുമുണ്ട്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമായി 19 അംഗനവാടികളുണ്ട്. ഒരു ഹൈസ്ക്കൂളും ഒരു യു.പി. സ്ക്കൂളും മൂന്ന് എൽ.പി. സ്ക്കൂളുകളും ഉൾപ്പെടെ 5 സ്ക്കൂളുകളാണ് ക്ലാപ്പനയിലുള്ളത്. ഇവയിൽ 2 എൽ.പി. സ്ക്കൂളുകൾ സർക്കാർ സ്ക്കൂളുകളും ബാക്കിയുള്ളവ എയിഡഡ് സ്ക്കൂളുകളുമാണ്. പഞ്ചായത്തിന്റെ സാംസ്ക്കാരിക കേന്ദ്രം കൂടിയായ ഗ്രാമോദ്ധാരണ വായനശാല ഇവിടെ ആകെയുള്ള ഏക വായനശാലയാണ്.

ക്ലാപ്പനയുടെ ചരിത്രപുസ്തകത്തിൽ താളുകൾ ഇനിയും ബാക്കിയാണ്. അനുഭവസമ്പന്നമായ ഓർമ്മകൾ പങ്കുവയ്ക്കാൻ ചരിത്രപുരുഷന്മാർ പലരും നമ്മോടൊപ്പമില്ല. കാലയവനികയ്ക്കുള്ളിൽ മറഞ്ഞ അറിയപ്പെടുന്നവരും അല്ലാത്തവരുമായ ആ വലിയ മനസ്സുകൾക്കു മുന്നിൽ ശ്രദ്ധാഞ്ജലികളർപ്പിക്കുന്നു. ഇന്നലെകളുടെ സമ്പത്ത് നല്ല നാളെകൾക്കുള്ള പ്രചോദനമാകട്ടെ. കാലത്തിന്റെ മഹാപ്രവാഹപഥത്തിൽ നൂറു നക്ഷത്രങ്ങൾ വിരിയും പുതിയ തലമുറയ്ക്ക് വഴികാട്ടികളായി, പ്രതീക്ഷകൾ അസ്തമിക്കാതിരിക്കട്ടെ.

❖❖❖

കൃഷിയും ജലസേചനവും

കൊല്ലം ജില്ലയുടെ വടക്കുപടിഞ്ഞാറേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ക്ലാപ്പന ഗ്രാമപഞ്ചായത്ത്, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിൽ ഉൾപ്പെടുന്ന ഓണാട്ടുകരയുടെ ഭാഗമാണ്. തീര സമതല സ്ഥലമായ ഈ പഞ്ചായത്തിന്റെ വടക്ക് ദേവികുളങ്ങര പഞ്ചായത്തും കിഴക്ക് ഓച്ചിറ പഞ്ചായത്തും തെക്ക് കുലശേഖരപുരം പഞ്ചായത്തും പടിഞ്ഞാറ് ആലപ്പാട്ട് പഞ്ചായത്തുമാണ്. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം കായംകുളം കായൽതോടും വടക്ക് ഭാഗികമായി കായംകുളം കായലുമാണ്.

പഞ്ചായത്തിന്റെ ഭൂരിഭാഗവും മണൽപ്രദേശമാണ്. ചിലഭാഗങ്ങളിൽ പശിമരാശിയുള്ള മണലും മറ്റുചില ഭാഗങ്ങളിൽ ചെളിമണ്ണും കണ്ടുവരുന്നു. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശത്തും രണ്ടുമീറ്റർ താഴ്ചയിൽ ജലം ലഭ്യമാണെങ്കിലും ശുദ്ധജല ലഭ്യത കുറവാണ്. ജലത്തിൽ ഉപ്പിന്റെയും ഇരുമ്പിന്റെയും അളവ് താരതമ്യേന കൂടുതലാണ്. ശുദ്ധജലലഭ്യത ഒരു വിദൂര സ്വപ്നമാണ്. പടിഞ്ഞാറോട്ട് ഒഴുകിക്കൊണ്ടിരിക്കുന്ന നീരൊഴുക്കുതോടുകൾ ഈ പ്രദേശത്തെ ജലസ്രോതസ്സുകളുടെ സംരക്ഷകരായിരുന്നു. മണ്ണിലെ ലവണ അമ്ലാംശങ്ങളെ മുഴുവൻ ഇവ കായലിലേക്ക് ഒഴുക്കിവിട്ടുകൊണ്ടിരുന്നു. എന്നാൽ തോടുകൾ മിക്കതും നികന്നുകഴിഞ്ഞതോടെ ആ ശുദ്ധീകരണ പ്രക്രിയ അവസാനിച്ചിരിക്കുകയാണ്. ഓരുജലം പടിഞ്ഞാറു നിന്നും തള്ളിക്കയറുന്നതിന്റെ ഫലമായി മണ്ണിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന അമ്ലാംശവും ലവണാംശവും ഭൂഗർഭജലസ്രോതസ്സുകളെപ്പോലും മലിനമാക്കിക്കൊണ്ടിരിക്കുകയാണ്.

ഭൂമിയുടെ 60% നെൽവയലും 40% പുരയിടവുമായിരുന്നത് ഇപ്പോൾ 40% നെൽവയലും 60% നികന്ന പുരയിടവുമായി മാറിയിട്ടുണ്ട്. പുരയിടങ്ങളിലെ മുഖ്യ വിള തെങ്ങാണ്. കമുകും കൃഷി ചെയ്തുവരുന്നു. കൂരുമുളക്, മരച്ചീനി, വാഴ, ചേമ്പ്, ചേന, കാച്ചിൽ തുടങ്ങിയവയും പുരയിടങ്ങളിൽ ഇടവിളയായി കൃഷി ചെയ്തുവരുന്നു. നിലങ്ങളിൽ എള്ള്, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ ഇടവിളയായി കൃഷി ചെയ്തുവരുന്നു. നെൽകൃഷി കുറഞ്ഞുവരുന്നു. വീടുവയ്ക്കുന്നതിനും നെൽകൃഷിയോളം പരിചരണം ആവശ്യമില്ലാത്ത തെങ്ങ് കൃഷിചെയ്യുന്നതിനും വേണ്ടി നിലങ്ങൾ നികത്താൻ തുടങ്ങിയതോടെ മുൻപുണ്ടായിരുന്ന ഉത്പാദനക്രമത്തിൽ മാറ്റം വന്നുതുടങ്ങി. ഇതോടൊപ്പം നിലവിലുള്ള കൃഷിഭൂമി തരിശിടുവാനും കൃഷിയിൽ നിന്ന് മറ്റുമേഖലകളിലേക്ക് തിരിയാനും തുടങ്ങി. കൂലിനിരക്ക് ഉയർന്നതുമൂലം കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവ് കുറഞ്ഞുവന്നു. കർഷകന് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യതയ്ക്ക് കുറവുവന്നതായി തോന്നിയതോടെ കൃഷിപ്പണിക്ക് ആൾക്കാരെ കിട്ടാതായി. ഭക്ഷ്യോത്പാദനരംഗത്ത് കുറവുവന്നതോടൊപ്പം വയലുകൾ നികത്തിയതും തോടുകൾ നികത്തി അശാസ്ത്രീയമായി റോഡുകൾ

പട്ടിക 1

ഇടവിള കൃഷിവിവരം

വർഷം	മരച്ചീനി	വാഴ	കുരുമുളക്	എള്ള്	പയർ	പച്ചക്കറി	ചേന/ചേമ്പ്
1991	105	93	8	70	20.5	3.9	92
1992	88	73	8.3	59	16.8	4.3	86
1993	76	69	8.6	43	13.5	4.7	73
1994	63	60	9.4	36	10.8	5.1	68
1995	50	54	10	21	7.5	5.3	62



മുണ്ടക്കുപ്പാടം

നിർമ്മിച്ചതും നീർക്കെട്ടിനും പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമായി.

പഞ്ചായത്തിലെ ഭൂവുടമസ്ഥരിൽ ഭൂരിഭാഗവും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. കാർഷികവൃത്തിക്കായി കർഷകത്തൊഴിലാളികളെ ആശ്രയിക്കുന്നവരാണ് അധികവും. പുരുഷത്തൊഴിലാളികൾക്ക് 100 രൂപ മുതൽ 125 രൂപ വരെയും സ്ത്രീതൊഴിലാളികൾക്ക് 40 രൂപ മുതൽ 50 രൂപ വരെയും ദിവസക്കൂലിയുണ്ട്. എങ്കിലും കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം കൂടുതലാണ്. മണ്ണുപരിശോധനാ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ വിവിധഭാഗങ്ങളിലെ വിവിധ മൂലകങ്ങളുടെ ലഭ്യത പട്ടിക- 3-ൽ കൊടുത്തിരിക്കുന്നു.

നാളീകേര ഉത്പാദനത്തിൽ പഞ്ചായത്ത് സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. (തെങ്ങ് ഒന്നിന് 28). ഈ പ്രദേശത്ത് ഉത്പാദന ക്ഷമത കുറയുവാനുള്ള പ്രധാന കാരണം വ്യാപകമായി പടർന്നു പിടിച്ചിരിക്കുന്ന കാറ്റുവീഴ്ച രോഗമാണ്. കൂടാതെ ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, വർഷകാലങ്ങളിലെ വെള്ളപ്പൊക്കം, ശാസ്ത്രീയ കൃഷിരീതി അവലംബിക്കുന്നതിനുള്ള അലംഭാവം, പ്രായംകൂടിയ തെങ്ങുകളുടെ ആധിക്യം, പരിചരണമുറകളിൽ കാണിക്കുന്ന അവഗണന, ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ദൗർലഭ്യം എന്നിവയാണ്. പ്രതിവിധി കണ്ടെത്താത്ത കാറ്റുവീഴ്ച രോഗത്തിന്റെ പേരുപറഞ്ഞ് കേരകൃഷിയെ അവഗണിക്കുന്ന പ്രവണത ഇന്ന് നമ്മുടെ

പട്ടിക II

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം
1	ഒരു ഹെക്ടറിൽ താഴെ	1632	917.5
2	ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ	65	97.5
3	രണ്ട് ഹെക്ടറിന് മുകളിൽ	3	5.5
4.	പുറമ്പോക്ക്	-	27.5

പി.എച്ച്. മണ്ണിന്റെ അമ്ല/ക്ഷാര സ്വഭാവത്തിന്റെ അളവ്	ലയിച്ച് ചേർന്നിട്ടുള്ള ലവണങ്ങളുടെ അളവ്	മണ്ണിൽ ലഭ്യമായ രീതിയിൽ ഉള്ള പ്രധാന പോഷകമൂല്യങ്ങൾ		
		നൈട്രജൻ	ഫോസ്ഫറസ്	പൊട്ടാസ്യം കി/ഹെക്ടർ
5.6 - 6.2	0.5 - 0.1	0.15-0.60	12 - 24	30 - 100

കൃഷിഭവൻ രേഖ പട്ടിക 3

പഞ്ചായത്തിലെ കർഷകരിൽ പലർക്കുമുണ്ട്. തെങ്ങു കൃഷിക്ക് ഒരു പുതുജീവൻ നല്കാൻ കാറ്റുവീഴ്ച ബാധിച്ച ഭാഗത്ത് ഒരു സമഗ്രപരിപാലന ക്രമം സ്വീകരിച്ചേ മതിയാകൂ. തെങ്ങിൻതോട്ടത്തിന്റെ സുസ്ഥിരമായ അഭിവൃത്തിക്കും മണ്ണിന്റെ സ്വാഭാവികത നിലനിർത്താനും ജൈവവളങ്ങളും രാസവളങ്ങളും ഏകോപിപ്പിച്ചുള്ള ഒരു വളപ്രയോഗത്തിലൂടെയേ സാദ്ധ്യമാകൂ. കൃഷിയുമായി നേരിട്ട് ബന്ധമില്ലാത്തവരുടെ കൈകളിലാണ് നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം തെങ്ങിൻതോപ്പുകളും. വിദേശങ്ങളിൽ ജോലി നോക്കുന്നവർ, സർക്കാരുദ്യോഗസ്ഥർ, കച്ചവടക്കാർ തുടങ്ങിയവർ ഇക്കൂട്ടത്തിൽപെടും. ഇവരുടെ പൂർണ്ണ പിന്തുണയുണ്ടെങ്കിലേ തെങ്ങുകൃഷി അഭിവൃത്തിപ്പെടുകയുള്ളൂ.

ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന ഒരു പഞ്ചായത്താണ് ക്ലാപ്പന. ഇവിടെ ആധുനിക ജലസേചന സൗകര്യങ്ങൾ ഒന്നും തന്നെയില്ല. കിഴക്ക് തഴവയലിൽ നിന്നും പടിഞ്ഞാറോട്ടൊഴുകുന്ന ചെറുതും വലുതുമായ അനവധി നീരൊഴുക്കുതോടുകൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ വളരെയധികം സ്ഥലങ്ങളിൽ നിലം നികത്തിയതിനാലും പഴയ തോടുകൾ പലതും റോഡുകളായി രൂപാന്തരപ്പെട്ടതിനാലും നീരൊഴുക്ക് സുഗമമല്ലാതെ വെള്ളം കെട്ടിനിന്ന് നെൽകൃഷി നശിക്കുകയാൽ നിലങ്ങൾ തരിശിടുന്ന പ്രവണത കർഷകരിൽ ഏറിവരുന്നു. വറ്റാത്ത വലിയ കുളങ്ങൾ വളരെ വിരളമാണ്. ഇവ ഏതെങ്കിലും ക്ഷേത്രങ്ങളുടെയോ പള്ളികളുടെയോ വ്യക്തികളുടെയോ ഉടമസ്ഥതയിലാണ്. കഴിഞ്ഞ 10 വർഷത്തെ മഴയെ സംബന്ധിക്കുന്ന സ്ഥിതിവിവരകണക്കുകൾ (പട്ടിക 5) പരിശോധിച്ചാൽ വർഷത്തിൽ ശരാശരി 118 ദിവസങ്ങളിൽ മഴ ലഭിയ്ക്കുന്നുണ്ട്. വേനൽക്കാലത്ത് ജലസേചന സൗകര്യങ്ങളുടെ ദൗർലഭ്യവും വർഷകാലങ്ങളിൽ ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ അപര്യാപ്തതയും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

വളം

ജൈവവളങ്ങളുടെ ദൗർലഭ്യവും വിലവർദ്ധനവും മൂലം കുറഞ്ഞ അളവിൽ മാത്രമേ ഇവ പ്രയോഗിക്കു


പട്ടിക IV
ശരാശരി വിളവ്

വർഷം	നെല്ല്		തെങ്ങ്	
	വിസ്തീർണ്ണം	ഉല്പാദനം	വിസ്തീർണ്ണം	ഉല്പാദനം
91	225	2250	574	2448
92	212	1929	589	2537
93	187	2017	595	2642
94	152	1958	602	2769
95	150	1824	621	2856

പട്ടിക V

മഴയുടെ അളവ്

1986	1986	1987	1988	1989	1990	1991	1992	1993	1994	1995
ജനുവരി	0.0	0.0	0.0	11.0	33.8	0.0	0.0	0.0	6.5	24.2
ഫെബ്രുവരി	2.4	3.0	48.6	0.0	4.4	7.2	2.6	2.0	64.7	4.4
മാർച്ച്	24.0	4.2	110.1	14.2	35.0	20.0	0.0	13.5	4.6	96.1
ഏപ്രിൽ	140.6	78.2	80.6	147.5	83.0	88.9	140.1	63.0	111.4	301.5
മേയ്	128.2	398.6	317.6	211.6	657.0	291.1	313.2	251.2	392.8	191.7
ജൂൺ	387.9	575.5	339.2	613.4	356.0	1214.9	651.6	572.5	365.4	455.3
ജൂലൈ	244.0	115.4	588.2	432.1	585.0	527.8	580.9	747.6	737.4	372.4
ആഗസ്റ്റ്	220.4	399.3	263.9	223.2	89.4	287.0	680.8	137.0	262.0	317.3
സെപ്തംബർ	264.2	198.1	658.6	252.0	79.2	12.9	280.6	96.4	123.4	221.1
ഒക്ടോബർ	193.6	546.8	54.0	369.3	352.5	248.8	345.1	502.3	768.4	170.7
നവംബർ	189.8	136.8	48.9	27.4	42.7	11.5	289.9	347.3	110.6	142.9
ഡിസംബർ	6.0	108.0	23.2	8.2	2.9	1.0	0.0	61.0	0.0	1.0
ആകെ	1800.00	2563.9	2533.1	2309.9	2320.6	2721.1	3284.8	2793.8	2947.2	2298.6



ന്നുള്ളു. സഹകരണമേഖലയിൽ ഒരു വളംവില്പന ശാല മാത്രമേ ഈ പഞ്ചായത്തിൽ നിലവിലുള്ളു. ആവശ്യമായ വളങ്ങൾ പല്പോഴും ഇവിടെ നിന്ന് കർഷകർക്ക് ലഭിയ്ക്കാറില്ല. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്. രാസ വളങ്ങളുടെ വിലവർദ്ധനവ് കർഷകന് താങ്ങാൻ കഴിയാത്തതാണ്.

കീടനാശിനികൾ

കീടനാശിനികളുടെ ഉപയോഗം പ്രധാനമായും തെങ്ങ്, നെല്ല്, വാഴ പച്ചക്കറി മുതലായവയ്ക്കാണ്. ഇവ ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലോ ശാസ്ത്രീയമായ മാർഗ്ഗങ്ങളോ ഒന്നും തന്നെ അവലംബിയ്ക്കുന്നില്ല. കർഷകരിൽ ഇതിനാവശ്യമായ ബോധവത്കരണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കീടനാശിനികൾ വില്ക്കുന്ന ഒരു സ്വകാര്യസ്ഥാപനം മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളു. വളം, കീടനാശിനികൾ എന്നിവയുടെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ പട്ടിക X-ൽ ചേർത്തിരിക്കുന്നു.

കാർഷിക വായ്പകൾ

ഒരു സർവ്വീസ് സഹകരണബാങ്കും ഒരു കൊമേഴ്സ്യൽ ബാങ്കുമാണ് ഈ പഞ്ചായത്തിലുള്ളത്. കൊമേഴ്സ്യൽ ബാങ്കുകളുടെ പുതിയ നയമായ "Service Area Approach" പ്രകാരം പഞ്ചായത്തിന് അകത്തും പുറത്തുമുള്ള കൊമേഴ്സ്യൽ ബാങ്കുകൾക്ക് പഞ്ചായത്തിന്റെ പ്രത്യേക വാർഡുകൾ വിഭജിച്ച് നല്കിയിരിക്കുന്നു. എങ്കിൽത്തന്നെയും കാർഷിക ആവശ്യങ്ങൾക്ക് ഈ ബാങ്കുകളിൽ നിന്ന് വേണ്ടത്ര വായ്പ ലഭിക്കുന്നില്ല.

പാടശേഖരസമിതികളും കേരവികസന സമിതികളും

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 3 പാടശേഖര സമിതികളാണ് ഇന്ന് നെൽകൃഷിക്കായി നിലവിലുള്ളത്.1987-89 കാലഘട്ടത്തിൽ കർഷകർ ഒരുമിച്ച് ഒരേയിനത്തിലുള്ള വിത്തിട്ട് വളം ചെയ്ത് കീട-രോഗങ്ങൾ നിയന്ത്രിച്ച് കൂട്ടായ്മ കൃഷി നടത്തിയിരുന്നു. എന്നാലിന്ന് കർഷകരിൽ നിന്നും അപ്രത്യക്ഷമായ കൂട്ടായ്മ മൂലം നെൽകൃഷിയും ലാഭകരമല്ലാത്ത ഒരു സ്ഥിതിയാണുള്ളത്. പട്ടിക IX

പഞ്ചായത്തിൽ കേരവികസന സമിതികൾ നിലവിലുണ്ടെങ്കിലും വേണ്ടത്ര ഫലപ്രദമായ രീതിയിൽ അവ പ്രവർത്തിക്കുന്നില്ല.

പാടശേഖരസമിതികൾ

ക്രമന:	രജിന:	പേര്	വിസ്തീർണ്ണം	കർഷകരുടെ എണ്ണം
1.	1288/90	തഴവയൽപാടശേഖരം	21 ഹെക്ടർ	96
2.	1077/90	തച്ചൻകാട്ടിൽ പാടശേഖരം	5 ഹെക്ടർ	24
3.	449/90	ചിറക്കടവ് പാടശേഖരം	8 ഹെക്ടർ	39

പട്ടിക VII

നെൽകൃഷി സംബന്ധിച്ച വിവരം

		തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങ്					
വാർഡ് നമ്പർ	തെങ്ങ് കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വീൽട്ട്	ലീഫ്മൊട്ട്	സ്പൈസ്	ഒണ്ടും ഗ്രീഡിംഗ്	മറ്റുള്ളവ	ആകെ
1.	85 ഹെ:	3450	10450	15300	1875	1500	300	28	148	3851
2.	49ഹെ:	2850	5970	8820	2100	1000	250	11	127	3361
3.	57ഹെ:	2155	8105	10260	1400	700	500	20	186	2806
4.	51ഹെ:	3200	5980	9180	2400	1000	310	17	164	3913
5.	53ഹെ:	4000	6710	10710	1250	1500	560	28	183	3521
6.	48ഹെ:	3260	5380	8640	1100	1700	710	17	170	3697
7.	49ഹെ:	2820	6000	8820	1400	1400	470	18	146	3434
8.	45ഹെ:	2160	5940	8100	1900	1050	510	13	112	3585
9.	65ഹെ:	4970	8730	11700	2500	1400	1010	40	202	5152
10.	74ഹെ:	3960	9360	13320	2450	1123	700	36	197	4500

കൃഷിഭവൻ

1987 സെപ്തംബർ 1-നാണ് കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ ആരംഭിച്ചത്. ഒരു കൃഷിഓഫീസറും മൂന്ന് കൃഷി അസിസ്റ്റന്റുമാരും ഉൾപ്പെടേണ്ടതാണ് കൃഷിഭവൻ എങ്കിലും കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക മിക്കപ്പോഴും ഒഴിഞ്ഞു തന്നെ കിടക്കുന്നതിനാൽ കർഷകർക്ക് കൃഷിഭവന്റെ സേവനം വേണ്ടത്ര ലഭിയ്ക്കുന്നില്ല.

വിപണന സൗകര്യം

ക്ലാപ്പന പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തുതലത്തിൽ പൊതുവായ വിപണനസൗകര്യങ്ങൾ ഒന്നും തന്നെയില്ല. ഇതിന്റെ ഫലമായി കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. നാളീകേരവും മറ്റ് കാർഷികോല്പന്നങ്ങളും കൃഷിക്കാരിൽ നിന്നും ഇടനിലക്കാർ വാങ്ങുകയും ഉപഭോക്താക്കൾക്ക് അമിതമായ വിലയ്ക്ക് അവ വില്ക്കുകയും ചെയ്യുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിന്റെ 11.92 ശതമാനം വരുന്നതും മുമ്പ് ഓണാട്ടുകരയുടെ നെല്ലറ

യിരുന്നതും വളരെ കുറഞ്ഞകൃഷിച്ചെലവിൽ അത്യുത്പാദനമുണ്ടായിരുന്നതുമായ മുണ്ടകപ്പാടങ്ങൾ തരിശുനിലങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. കാരണങ്ങൾ-

a. കായലിൽ നിന്നും ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നു.

b. തഴവയിൽ നിന്നും ആരംഭിച്ച്, മുണ്ടകനിലങ്ങളിൽ ശുദ്ധജലം എത്തിച്ച് ഓരു കഴുകിക്കളയാൻ സഹായിച്ചിരുന്ന നാട്ടുതോടുകൾ കൂടുതലായും നികന്നിരിക്കുന്നു.

c. ആയിരംതെങ്ങുമുതൽ വള്ളിക്കാവ് വരെയുണ്ടായിരുന്ന കായൽ ബണ്ടും ബണ്ടിലെ ഷട്ടറുകളും നശിച്ചിരിക്കുന്നു.

2. ജലസേചന സൗകര്യങ്ങളുടെ ദൗർലഭ്യം

3. പലരീതിയിലും പലസമയത്തുമുള്ള കൃഷിസമ്പ്രദായം.

4. കാർഷിക വായ്പകളുടെ അപര്യാപ്തത.

5. അടിക്കടിയുണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങൾ

6. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ അഭാവം

7. ഭാരിച്ച കൃഷിച്ചെലവുകൾ

8. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം.

9. നിജമല്ലാത്തതും ആനുപാതികമല്ലാത്തതുമായ കബളിസമ്പ്രദായം

10. മണ്ണിന്റെ ഘടനയറിയാതെയും സമയോചിതമല്ലാത്തതുമായ വളപ്രയോഗം.

11. ജൈവവളങ്ങളുടെ അഭാവം.

12. വിപണകേന്ദ്രങ്ങളുടെ അഭാവം

13. തുണ്ടുതുണ്ടുകളായി മാറ്റുന്ന കൃഷിഭൂമികൾ

14. കൃഷിയെ ബാധിക്കുന്ന വിവിധ കീടരോഗബാധകൾ

15. കാർഷിക ഉല്പന്നങ്ങൾ സംസ്ക്കാരിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.


നിർദ്ദേശങ്ങൾ

1. സമഗ്രമായ സർവ്വേയുടെ അടിസ്ഥാനത്തിൽ കായൽ ബണ്ടുകൾ സ്ഥിരമായി അടയ്ക്കുക. പുഞ്ചപ്പാടങ്ങളിലേതുപോലെ പാടത്തിനു മദ്ധ്യഭാഗത്തുകൂടി ഒരു ജലസേചന കനാലും ആവശ്യത്തിന് കൈത്തോടുകളും നിർമ്മിക്കുക. ആവശ്യമായ കുഴൽക്കിണറുകൾ സ്ഥാപിച്ച് പാടങ്ങളിലെ ഓരിനെ ഒഴുക്കിക്കളയുകയും വിളകൾക്ക് അനുയോജ്യമായ രീതിയിൽ ജലത്തിന്റെ അളവ് ക്രമീകരിക്കുകയും ചെയ്യുക.

2. കൂട്ടുകൃഷി ഏർപ്പെടുത്തി ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത്, മെതിയന്ത്രങ്ങൾ തുടങ്ങിയവ സബ്സിഡി നിരക്കിൽ ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് നല്കുക.

കീടനാശിയുടെയും വളത്തിന്റെയും ഉപയോഗം

വർഷം	നൈട്രജൻ (ടൺ)	ഫോസ്ഫേറ്റ് (ടൺ)	പൊട്ടാഷ് (ടൺ)	ഖരം (കിലോ)	ദ്രാവകം (ലിറ്റർ)
1986	8.9	7.8	10.5	16.5	0.7
1987	9.4	8.7	13.0	20.9	0.9
1988	10.7	10.3	15.9	23.4	1.5
1989	12.8	14.5	17.3	29.6	1.8
1990	13.4	14.9	18.9	30.7	2.5
1991	14.8	16.3	19.8	40.3	2.7
1992	17.8	18.7	20.6	45.6	3.2
1993	20.0	19.6	23.4	49.8	3.5
1994	20.8	23.8	25.9	53.9	3.8
1995	21.5	25.0	27.0	60.0	4.5



പള്ളിക്കടവ് ബണ്ടും തുറന്നുകിടക്കുന്ന ചീപ്പും

3. കൃഷിഭവൻ മുഖേന അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ കാലാകാലങ്ങളിൽ കൃഷിക്കാർക്ക് നല്കുക.

4. തരിശുകിടക്കുന്ന ഭൂമികൾ പഞ്ചായത്തുകർഷകസമിതികൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുക.

5. സബ്സിഡിയായി രൂപ നല്കുന്നതിന് പകരം വിത്തും വളവും യഥാസമയം ലഭ്യമാക്കുക.

6. ഗുണമേന്മയുള്ള പച്ചക്കറി വിത്തിനങ്ങൾ കർഷകർക്കെത്തിച്ച് ജൈവവളത്തിനു മുൻതൂക്കം നല്കി പച്ചക്കറി കൃഷി വ്യാപിപ്പിക്കുക. അടുക്കളത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

7. മുൻകാലങ്ങളിൽ പരിസ്ഥിതി സംരക്ഷിക്കുന്നതിലും നീർക്കെട്ടൊഴിവാക്കുന്നതിലും വലിയ പങ്ക് വഹിച്ചിരുന്ന തോടുകളും കുളങ്ങളും കർഷകരുടെ സഹായത്തോടെ പുനഃസ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

8. കൃഷിഭൂമിയെ സംരക്ഷിക്കാനുതകുന്ന രീതിയിൽ ട്രെയിനേജ് സൗകര്യങ്ങളുണ്ടാക്കുക.

9. രാസവളവിതരണ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. ജൈവവളത്തിന്റെ കുറവ് നികത്തുന്നതിന് ശീമക്കൊന്ന, ചണമ്പ് തുടങ്ങിയവ കൂടുതൽ വളർത്തണം. മണ്ണിര കമ്പോസ്റ്റുരീതിയും സാധാരണ കമ്പോസ്റ്റുനിർമ്മാണവും കർഷകരുടെയിടയിൽ വ്യാപിപ്പിക്കുക. ചകിരിച്ചോറ് ഉപയോഗപ്പെടുത്തി ജൈവവളം നിർമ്മിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

10. അഗ്രോ ക്ലിനിക് സ്ഥാപിക്കുക.

11. നാളീകേരം, നെല്ല്, പച്ചക്കറി തുടങ്ങിയ കാർഷികോല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനായി പഞ്ചായത്തിന്റെ മധ്യഭാഗത്ത് ഒരു മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുകയും ഇതിന് വാർഡുതലത്തിൽ സബ്സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക.

12. പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധസസ്യങ്ങൾ കണ്ടെത്തി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

13. തെങ്ങുരോഗത്തിന് തുടക്കത്തിൽ തന്നെ നിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കണം. രോഗം വന്ന തെങ്ങിനു സമീപം രോഗപ്രതിരോധ ശേഷിയുള്ള തൈകൾ വച്ചുപിടുപ്പിക്കുകയും അവ വളരുന്ന മുറയ്ക്ക് രോഗം വന്ന തെങ്ങുകൾ മുറിച്ചുമാറ്റുകയും ചെയ്യുക. തെങ്ങിന് എല്ലാവർഷവും ഇടകിളയ്ക്കൽ നിർബന്ധമാക്കുക.

14. കച്ചി അസംസ്കൃത വസ്തുവായി ഉപയോഗിച്ച് കൂൺകൃഷി വ്യാപകമായി നടപ്പിലാക്കുക.

15. ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷി ഊർജ്ജിതപ്പെടുത്തുക.

16. പഞ്ചായത്തുതല കേര കർഷക സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി വർഷത്തിൽ ഒന്നോ രണ്ടോ തവണ പഞ്ചായത്തിലുള്ള എല്ലാ തെങ്ങുകൾക്കും മരുന്നുതളിക്കുകയും ഇതിനുള്ള കൂലി നിശ്ചയിച്ച് കർഷകരിൽ നിന്നും അത് ഈടാക്കുകയും വേണം.

പുതിയ ചീപ്പുകൾ സ്ഥാപിക്കേണ്ടത്.

1. മൂന്നാംവാർഡിൽ മൂക്കത്തുപടിഞ്ഞാറുവശം ചീപ്പുനിർമ്മിക്കണം.

2. മൂന്നാം വാർഡിൽ മുണ്ടകപ്പാടത്തിന് പടിഞ്ഞാറുവശത്തും വടത്തുവശത്തും ചീപ്പുനിർമ്മിക്കുക.

3. ആയിരംതെങ്ങ്-ആലുംപീടിക തോട്ടിൽ പുതിയ ഒരു ചീപ്പുകൂടി നിർമ്മിക്കുക.

4. നാട്ടുതോട്ടിൽ ഉള്ള മൂന്നുചീപ്പുകളും നശിച്ച്കിടക്കുകയാണ്. അവ പുതുക്കിപണിയണം.

5. പള്ളിത്തോട്ടിലെ നിലിവിലുള്ള ചീപ്പുകൾ പുതുക്കിപണിയുകയും പുതുതായി ഒരു ചീപ്പുകൂടി സ്ഥാപിക്കുകയും ചെയ്യുക.

6. ചീപ്പുകൾ യഥാകാലം അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതിന് ഓരോ വാർഡിലും വാച്ചർമാരെ നിയമിക്കേണ്ടതാണ്.

7. മുണ്ടകപ്പാടത്ത് വാർഡ് III, IV, VI, VIII എന്നിവിടങ്ങളിൽ പാടശേഖരകമ്മിറ്റികൾ രൂപീകരിച്ച് കൂട്ടുകൃഷിക്ക് സാദ്ധ്യതയൊരുക്കുക.

നിലവിലുള്ള തോടുകൾ

നമ്പർ	വാർഡ്	പേര്	ദൈർഘ്യം	സൈഡ്വാൾ കെട്ടിയത്	സൈഡ്വാൾ കെട്ടേണ്ടത്	നികന്നത്
1.	I	വല്ലത്തുതോട്	2400 m.	400m.	2000m.	500m
2.	II	കണ്ണങ്കര തോട്	1000m.	-	1000m.	-
3.	III	നെടുമ്പ്രത്തുതോട്	800m.	30 m.	770m.	-
4	III	മുണ്ടകപ്പാടം ഇറിഗേഷൻ തോട്	750m.	-	750m.	-
5	IV	കോട്ടത്തോട്	1200m.	400m.	800m.	-
6.	IV	പരിശ്ശേരിൽതോട്	400m.	-	400m.	-
7.	IV	പുളിക്കശ്ശേരിൽ റോഡ്	400m.	-	400m.	-
8.	V	പാറാളിത്തോട്	700m.	400m.	300m.	-
9.	IV	ഇളശ്ശേരിൽതോട്	150m.	-	150m.	-
10.	VI	ധർമ്മാശ്ശേരിൽ തോട്	500m.	100m.	400m.	-
11.	VI	വ്ളാലിൽ തോട്	200m.	-	200m.	-
12.	III	കാഞ്ഞിനാട് തോട്	200m.	-	-	-
13.	VII	പുള്ളിത്തോട്	2000m.	1000m.	1000m.	-
14.	VII	തെക്കേഅതിർത്തിത്തോട്	1000m.	-	1000m	-
15.	VII	പറാംതറ തോട്	1000m.	-	1000m.	200m.
16.	VII	മാലേൽ പുതുവൽ തോട്	100m.	-	100m.	-

17.	VII	തെക്കേഅതിർത്തിത്തോട്	1000m.	-	1000m.	-
18.	VII	പനക്കാട്ടിൽതോട്	200m.	-	200m.	50m.
19.	VII	ഗ്രാമ്പൂട്ടിൽതോട്	300m.	-	300m.	-
20.	VIII	പനച്ചയ്ക്കൽ റോഡ്	200m.	50m.	150m.	-
21.	VIII	മാളികയ്ക്കൽ റോഡ്	700m.	400m.	300m.	-
22.	IX	ഭൂതംകണ്ണാടിയിൽ റോഡ്	1200.	400m.	800m.	-
23.	IX	കുറ്റിയിടത്ത് തോട്	150m.	150m.	-	-
24.	IX	കാട്ടിൽതോട്	200m.	-	200m.	-
25.	IX	പ്ലാലിൽ തോട്	300m.	50m.	250m.	-
26.	IX	കോട്ടവാതുക്കൽ റോഡ്	300m.	-	300m.	-
27.	X	നിലയ്ക്കൽതോട്	4150m.	2000m.	2150m.	-
28.	X	കളരിയ്ക്കൽ തോട്	200m.	50m.	150m.	-



കൃഷിയും മത്സ്യബന്ധനവും ഒരുമിച്ച്

ദീർഘവീക്ഷണത്തിന്റെ സാക്ഷിപത്രം

കുപ്പനപഞ്ചായത്തു്
വിഭവ ഭൂപട നിർമ്മാണ പദ്ധതി

പ്രിയസുഹൃത്തേ,

നമ്മുടെ മണ്ണും നേരിടുന്ന വികസനപ്രതിസന്ധി അങ്ങേ ചെയ്യുന്നതിനും, അല്ലുവഴി കൊഴിഞ്ഞുപോയ്കയും മാറ്റിയുവും മെച്ചപ്പെടുത്തുകയെങ്കിലും, പരിഹരിക്കുന്നതിനും അധികാരം വികേന്ദ്രീകരിക്കേണ്ടതിന്റെ അവശ്യകത സജീവമായി ചർച്ചചെയ്തുപോരുകയാണല്ലോ. കഞ്ഞിവെള്ളായ്കയും, മാറ്റിയുവും, തലമുറയായ അസംതൃപ്തിയും; ചിരവാസനകയ ഉലൊടുക്കാനും വളരാനും വലിയതോതിൽ സഹായിച്ചിട്ടുണ്ട്. ഇങ്ങനെയും കേന്ദ്രീകൃതാധികാരവും, പ്ലാനിംഗ്, ജനകീയമല്ലാത്ത അതിന്റെ നടത്തിപ്പും; കോടിക്കണക്കിന രൂപാ ഇതിനകം പാഴാക്കിക്കളഞ്ഞിട്ടുണ്ട്. ചില വികസന പദ്ധതികളം ഗ്രാമത്തിന പകരം ദോഷം ചെയ്ത അനുഭവവും നമുക്കുണ്ട്. ആ സൂക്ഷ്മതലത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പാക്കിയാൽ ഈ പോരായ്മകളം നമുക്ക് പരിഹരിക്കാൻ കഴിയും. ഈ സാഹചര്യത്തിലാണ് സംസ്ഥാന-ജില്ലാ-പഞ്ചായത്ത്-വാർഡ് തലങ്ങളിലേക്ക് അധികാരം വികേന്ദ്രീകരിക്കപ്പെടണമെന്ന ആവശ്യം പ്രസക്തമാകുന്നത്.

ഇങ്ങനെ ലഭിക്കുന്ന അധികാരം വിനിയോഗിക്കാനുള്ള അറിവും കഴിവും, സന്നദ്ധതയും മുൻകൂറായി നാം ആർജ്ജിക്കേണ്ടതുണ്ട്. ഇതിന് പഞ്ചായത്തിലെ വിഭവങ്ങളെപ്പറ്റിയുള്ള (മണ്ണ്, കുന്ന്, വെള്ളം, പാർപ്പിടം, വ്യവസായം, ശുചിത്വം, പൊതുസ്ഥാപനങ്ങൾ, തൊഴിലവസരങ്ങൾ) വിവരം ശേഖരിച്ച് പഞ്ചായത്ത് ഭൂപടത്തിൽ രേഖപ്പെടുത്തുന്ന അതിബൃഹത്തായ ഒരു പ്രവർത്തനമാണ് പഞ്ചായത്തു് വിഭവ ഭൂപടനിർമ്മാണം.

പ്രാരംഭമായി കേരളത്തിലെ 25 പഞ്ചായത്തുകളിലാണ് ഈ വർഷം വിഭവഭൂപടം തയ്യാറാക്കുന്നത്. കൊല്ലം ജില്ലയിൽ ഈ പ്രവർത്തനത്തിന് നമ്മുടെ പഞ്ചായത്താണ് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് സാങ്കേതിക സഹായം നൽകുന്നത്, തിരുവനന്തപുരത്തെ ദേശീയ ശാസ്ത്ര പഠനകേന്ദ്രം, സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കേരളശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവയാണ്. നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്തംഗങ്ങളിൽനിന്നുമുള്ള ആളുകളുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെയും സഹായത്തോടെ രൂപീകരിക്കുന്ന ശാസ്ത്രജ്ഞന്മാരും, സാങ്കേതികവിദഗ്ദ്ധരും, സന്നദ്ധപ്രവർത്തകരും ഉൾപ്പെടുന്ന ഒരു ടീമാണ് ഈ പദ്ധതിയുടെ ആസൂത്രണം, നടത്തിപ്പ് എന്നിവയുടെ ചുമതല വഹിക്കുന്നത്. ഈ പദ്ധതിയിൽ ഏവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങൾ ചെയ്യേണ്ടത്

1. സെപ്റ്റംബർ 9 മുതൽ പഠനസംഘം നിങ്ങളുടെ വീട്ടിൽവരുമ്പോൾ അവർക്ക് ആവശ്യമായവിവരം നൽകുക.
2. കുപ്പന പഞ്ചായത്തിൽ നിങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ സർവ്വേനമ്പർ കുറിച്ചുവച്ച് പഠനസംഘത്തിന് നൽകുക.
3. മൊത്തം പ്രവർത്തനത്തിനും നേതൃത്വം നൽകുന്നതിനുംവേണ്ടി പഞ്ചായത്തുവാർഡുതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന സാമാന്യസംഘവുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ വിഭവഭൂപട നിർമ്മാണ പദ്ധതി വിജയിപ്പിക്കുക.

കുപ്പന, 20.8.91

സഹകരണം, സമാഗമസംഘത്തിനുവേണ്ടി
ചെയർമാൻ, കെ. രാജപ്പൻ (പഞ്ചായത്ത് പ്രസിഡന്റ്)
കൺവീനർ, പി. ബർണബാസ്

വിഭവഭൂപടനിർമ്മാണത്തോടനുബന്ധിച്ച് പഞ്ചായത്ത് പ്രസിദ്ധീകരിച്ച നോട്ടീസ്
ജനകീയാസൂത്രണത്തിന്റെ പ്രാരംഭരേഖകൾ ഇതിൽ കാണാം

ആരോഗ്യം

ആധുനിക ചികിത്സാരീതിയുടെ ആവിർഭാനത്തിനുമുമ്പേ, ലിഖിതരൂപമില്ലാതെ പാരമ്പര്യമായി കൈമാറ്റപ്പെട്ട പ്രകൃതിജന്യ ഔഷധങ്ങളും ചികിത്സാരീതികളും തന്നെയായിരുന്നു ക്ലാപ്പനയിലും നിലനിന്നിരുന്നത് വർഷങ്ങളുടെ അനുഭവത്തിലൂടെ ആർജ്ജിച്ച ചികിത്സാവിധികൾ പ്രതിഫലം പറ്റാതെ ആതുരശുശ്രൂഷയ്ക്കുവേണ്ടി പ്രയോഗിക്കുകയും അതിലേക്കായി ജീവിതം ഉഴിഞ്ഞുവയ്ക്കുകയും ചെയ്ത മഹാരഥന്മാർ ഈ ഗ്രാമത്തിന്റെ ചരിത്രത്തിൽ അനവധിയാണ്.

മഹാവൈദ്യനെന്നുപേരുകേട്ട ആയുർവ്വേദ ചികിത്സയിൽ അഗ്രഗണ്യനായിരുന്ന കൊച്ചിരിക്കണ്ടം വൈദ്യനും വൈദ്യം, മർമ്മം, വിഷചികിത്സാവിധികൾ എന്നിവയിൽ പേരെടുത്ത കടമ്പനാട് ഗോവിന്ദൻ നമ്പൂതിരിയുമായിരുന്നു ചികിത്സകരിൽ അറിയപ്പെട്ടിരുന്ന യജുർവേദികളായ കാരേലിൽ ആശാന്മാർ, പേപ്പട്ടി വിഷചികിത്സകരായിരുന്ന മണ്ണാറ ഗോവിന്ദൻവൈദ്യൻ, കുഞ്ഞുപണിക്കൻ വൈദ്യൻ, കാളിക്കുട്ടി ആശാട്ടി എന്നിവരും മർമ്മചികിത്സകനായിരുന്ന കൊയ്പ്പള്ളി നമ്പ്യാതിരിയും, വിഷചികിത്സാ വിശാരദപരീക്ഷ പാസ്സായ പ്ലാക്കോട്ട് ഗോപാലപിള്ള, പ്ലാക്കാട്ട് കുഞ്ഞികൃഷ്ണപിള്ള എന്നിവരും വിഷതികിത്സകരായിരുന്ന വലിയകണ്ടത്തിൽ കുമാരൻ വൈദ്യൻ, സഹോദരങ്ങൾ ശേഖരൻ വൈദ്യൻ, രാഘവൻ വൈദ്യൻ എന്നിവരും ആയുർവ്വേദ ചികിത്സകൻ കളിയിക്കൽ ചക്രപാണി വൈദ്യൻ, മഞ്ഞപ്പിത്ത രോഗത്തിനുള്ള ഒറ്റമൂലി ചികിത്സകരായ തച്ചൂർ ശങ്കരപ്പിള്ള, മകൻ തച്ചൂർ ശിവരാമപിള്ള, മാവോലിൽ കൃഷ്ണപിള്ള എന്നിവരും പരാമർശിക്കപ്പെടേണ്ടവരാണ്.

ആയുർവേദത്തിനോളം പഴക്കമില്ലെങ്കിലും ഹോമിയോ ചികിത്സയും ക്ലാപ്പനയിൽ വേരുറച്ചതാണ്. ഗ്രാമത്തിലെ ഹോമിയോപതി ചികിത്സയുടെ പാദമുദ്രകൾ തേടുമ്പോൾ പുകൾപെറ്റവരുടെ ശ്രേണിയിൽ ആലുംപീടികയിൽ തലക്കളിത്തറയിൽ മൺമറഞ്ഞുപോയ സാത്വികനും സ്വാതികായിരുന്ന ഡോക്ടർ ടി.കെ. വേലായുധനും ഉൾപ്പെടുന്നു. ധർമ്മചികിത്സകനായിരുന്ന വാരേശ്ശരിൽ ശങ്കരൻവൈദ്യൻ, ഹോമിയോപതിയിൽ നിരവധി ഗവേഷണ ഗ്രന്ഥങ്ങളുടെ രചയിതാവും ചികിത്സകനുമായ ശരവണഭവനം നടേശപ്പണിക്കർ തുടങ്ങിയവരുടെ നിസ്തുല പ്രവർത്തനം ഈ മേഖലയിൽ സ്മരണീയമാണ്.



ക്ലാപ്പന പ്രാഥമിക ആരോഗ്യകേന്ദ്രം

കടമ്പാട്ട് കുടുംബം സംഭാവന ചെയ്ത സ്ഥലത്തുണ്ടായിരുന്ന സത്രത്തിലാണ് ആധുനിക ചികിത്സയ്ക്കായി ഒരു ആശുപത്രി സ്ഥാപിച്ചത്. പഞ്ചായത്ത് വിഭജനത്തോടെ ആശുപത്രി കുലശേഖരപുരം പഞ്ചായത്തിലായെങ്കിലും 1988-ൽ ഈ സ്ഥാപനത്തെ ക്ലാപ്പന പഞ്ചായത്തിന്റെ പ്രാഥമിക ആരോഗ്യകേന്ദ്രമായി ഉയർത്തുകയും ചെയ്തു. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഇന്ന് ആരോഗ്യകേന്ദ്രത്തിന്റെ സേവനം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഈ പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രി സ്ഥാപിക്കുക എന്ന സ്വപ്നം നാളിതുവരെ സഫലീകരിച്ചിട്ടില്ല.

രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ലഭ്യമല്ലാത്തതിനാൽ രോഗികൾ കിലോമീറ്ററുകൾ താണ്ടി താലൂക്ക് ആശുപത്രിയിലെത്തേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി കിടക്കകളോടുകൂടിയ 4 സ്വകാര്യ ആശുപത്രികളുണ്ടെങ്കിലും അവയും ക്ലാപ്പനയിലെ ചികിത്സാരംഗത്ത് അപര്യാപ്തങ്ങളാണ്. പഞ്ചായത്തിൽ 4 ആയുർവേദ ചികിത്സകരും 3 ഹോമിയോ ചികിത്സകരും പ്രവർത്തിച്ചുവരുന്നു.

1995-96 വർഷം പഞ്ചായത്തിൽ 1996 ജലജന്യരോഗങ്ങളും, 2621 വായുജന്യരോഗങ്ങളും 13 പ്രാണിജന്യരോഗങ്ങളും 29503 മറ്റു രോഗങ്ങളും നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി.

കുഷ്ഠരോഗനിവാരണത്തിനുവേണ്ടി ആരോഗ്യകേന്ദ്രത്തോട് S.E.T. സെന്റർ പ്രവർത്തിച്ചുവരുന്നു. രോഗം തുടക്കത്തിൽ തന്നെ കണ്ടെത്തുവാനും ഫലപ്രദമായി ചികിത്സിക്കുവാനും സംവിധാനമുള്ള ഈ സെന്ററിൽ കുഷ്ഠരോഗം പുതുതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

ദേശീയ മലമ്പനി നിർമ്മാർജ്ജനപദ്ധതി

ഭവനസന്ദർശനം നടത്തി ഫീൽഡ് സ്റ്റാഫ് ശേഖരിക്കുന്ന രക്തസാമ്പിളുകൾ വിദഗ്ദ്ധപരിശോധനയ്ക്കു വിധേയമാക്കി രോഗം കണ്ടെത്തി ചികിത്സിച്ചുവരുന്നു. 1995-96 വർഷം 13 മലേറിയ രോഗികൾ പ്രാഥമിക ആരോഗ്യകേന്ദ്രം വഴി ചികിത്സയ്ക്കു വിധേയരായി. ഇവരെല്ലാം സംസ്ഥാനത്തിന് പുറത്തുനിന്നും വന്നവരാണെന്ന് കണ്ടെത്താൻ കഴിഞ്ഞു. കൊതുകുകൾ പരത്തുന്ന രോഗമാകയാൽ പരിസരശുചിത്വവും വ്യക്തിശുചിത്വവും ഈ രോഗം പ്രതിരോധിക്കുന്നതിന് അനിവാര്യമാണ്.



ഗവ: ആയുർവേദ ആശുപത്രി

ഇവ കൂടാതെ, മാതൃശിശു സംരക്ഷണം, കുടുംബാസൂത്രണ പരിപാടികൾ, രോഗപ്രതിരോധ കുത്തിവയ്പുകൾ, നേത്ര പരിശോധനാക്യാമ്പുകൾ, പ്രൈമറി സ്ക്കൂൾ കുട്ടികൾക്കായുള്ള ആരോഗ്യപരിശോധനയും ചികിത്സയും, പൊതുജനാരോഗ്യ ബോധവത്കരണം തുടങ്ങിയ പ്രവർത്തനങ്ങളും പ്രാഥമിക ആരോഗ്യകേന്ദ്രം വഴി നടത്തപ്പെടുന്നു.

ആരോഗ്യപ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ഹോമിയോ

ആശുപത്രിയുടെ അഭാവം പാവപ്പെട്ട രോഗികൾക്ക് ഹോമിയോ ചികിത്സയ്ക്കുള്ള സാധ്യത ഇല്ലാതാക്കുന്നു.

2. പ്രാഥമിക ആരോഗ്യകേന്ദ്രം വിപുലീകരിക്കുകയോ, കിടക്കകളോടുകൂടിയ 24 മണിക്കൂർ സേവനം ലഭിക്കുകയോ ചെയ്യാത്തതിനാൽ രോഗാതുരർ ബുദ്ധിമുട്ടുന്നു.

3. അലംഭാവമോ അറിവില്ലായ്മയോ മൂലം രോഗലക്ഷണങ്ങൾ തുടങ്ങുമ്പോൾതന്നെ ആരോഗ്യകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ ആളുകൾക്ക് കഴിയാതെവരുന്നു.

4. ജലജന്യമായ പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ പര്യാപ്തമായ ശുദ്ധജലലഭ്യതയുടെ കുറവ് നിലനിൽക്കുന്നു.

5. കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന പഞ്ചായത്തിലെ സ്വകാര്യ, പൊതുകിണറുകൾ കാലാകാലങ്ങളിൽ ക്ലോറിനേറ്റുചെയ്യാൻ കഴിയുന്നില്ല.

6. തുറസ്സായ സ്ഥലങ്ങളിലെ മലവിസർജ്ജനം നിരുത്സാഹപ്പെട്ടിട്ടുണ്ടെങ്കിലും മുഴുവൻ ആളുകൾക്കും കക്കൂസ് നിർമ്മിച്ച് ഉപയോഗിക്കുവാനുള്ള സാമ്പത്തികപരാധീനത നിലനിൽക്കുന്നു.

7. നീരൊഴുക്ക് സാധ്യത നഷ്ടപ്പെട്ട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെട്ടിക്കിടക്കുന്ന മലിനജലം കൊതുകുശല്യം വർദ്ധിപ്പിക്കുന്നു.

8. ചന്തകളിലല്ലാതെ പല സ്ഥലങ്ങളിലും റോഡരുകിൽ നടത്തപ്പെടുന്ന മത്സ്യവില്പന ദുർഗ്ഗന്ധത്തിനും ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു.

9. ചപ്പുചവറുകളുടെ അശാസ്ത്രീയമായ പുറംതള്ളൽ പരിസരമലിനീകരണത്തിന് കാരണമാകുന്നു.

10. ഗുണനിലവാരം ഉറപ്പുവരുത്താത്ത മത്സ്യ-മാംസ്യങ്ങളുടെ വിൽപന ചിലപ്പോഴെങ്കിലും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്.

11. പഞ്ചായത്തിലെ ഹോട്ടലുകളിലേയും മറ്റു കടകളിലേയും ഭക്ഷണപാനിയങ്ങൾ ആരോഗ്യപ്രവർത്തകരുടെ നിരീക്ഷണത്തിന് വിധേയമല്ലാത്തതിനാൽ ആരോഗ്യപരമായ ശീലങ്ങൾക്ക് കുറവ് അനുഭവപ്പെടുന്നു.

12. പൂർവ്വരോഗങ്ങളെ കുറിച്ച് വീശദീകരിക്കുവാൻ കഴിയാത്തവർക്കായി ഹെൽത്ത് കാർഡ് സംവിധാനത്തിന്റെ പോരായ്മ.

പ്രശ്ന പരിഹാരങ്ങൾ

1. പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രി ആരംഭിക്കുക.

2. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ വിപുലീകരണം സാദ്ധ്യമാക്കി കിടക്കകളോടും സ്പെഷ്യലിസ്റ്റുകളടക്കം ഒന്നിലധികം ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തി 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കുക.

3. രോഗം വന്നുചികിത്സിക്കുന്നതിലും, രോഗം വരാതെ സൂക്ഷിക്കുകയാണ് പ്രധാനം എന്ന തത്വത്തിന് ഊന്നൽ നല്കി ആരോഗ്യപരിപാലനത്തിൽ സമഗ്രമായ ബോധവത്കരണം നടത്തുക.

4. ജലജന്യമായ പകർച്ചവ്യാധികൾ തടയുവാൻ പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.

5. നിലവിലുള്ള ശുദ്ധജലസ്രോതസ്സുകളായ കിണറുകളിലും മറ്റുംകാലാകാലങ്ങളിൽ ശരിയായ അളവിൽ ക്ലോറിൻ പ്രയോഗിക്കുക.

6. എല്ലാ ആളുകൾക്കും കക്കൂസ് ഉപയുക്തമാക്കുന്നതിലേക്ക് സമയബന്ധിതമായി നടപടി സ്വീകരിക്കുകയും ഒരു വീടിന് ഒരു കക്കൂസ് എന്ന അവസ്ഥ സാദ്ധ്യമല്ലാത്ത കോളനികളിലും മറ്റും പൊതുകക്കൂസ് നിർമ്മിക്കുകയും ചെയ്യുക.

7. നീരൊഴുക്ക് സാദ്ധ്യത നഷ്ടപ്പെട്ട് ജലം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ കൊതുകുനാശിനികൾ പ്രയോഗിക്കുക.

8. കൂടുതൽ മത്സ്യമാർക്കറ്റുകൾ ആരംഭിക്കുകയും പൊതുനിരത്തുകളിലെ മത്സ്യവ്യാപാരം അവസാനിപ്പിക്കുകയും ചെയ്യുക

9. പഞ്ചായത്തിലെ ചപ്പുചവറുകളും മറ്റു മാലിന്യങ്ങളും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാതെ നശിപ്പിക്കുവാനുള്ള ശ്രമം ഉണ്ടാവുക.

10. ആരോഗ്യപ്രവർത്തകരുടെ പരിശോധനയ്ക്കു വിധേയമായി മാത്രം മാംസം, മത്സ്യം ഇവ കച്ചവടം ചെയ്യുക.

11. പഞ്ചായത്തുകളിലെ ഹോട്ടലുകളിലേയും മറ്റു കടകളിലേയും ഭക്ഷണപാനിയങ്ങൾ പാകം ചെയ്യുന്നതും സൂക്ഷിക്കുന്നതും ആരോഗ്യപരമായ അന്തരീക്ഷത്തിലാണെന്ന് ഉറപ്പുവരുത്തുക.

12. പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും ആരോഗ്യവിവരങ്ങൾ സമ്പൂർണ്ണമായി രേഖപ്പെടുത്തിയ ഹെൽത്ത് കാർഡ് സംവിധാനം ഉറപ്പുവരുത്തുക.

◆◆◆

വ്യവസായം

ഈ തീരദേശഗ്രാമത്തിന്റെ വ്യാവസായിക പിന്നാമ്പുറങ്ങളിലേക്കുള്ള യാത്രയിൽ ഞരങ്ങിഅരയുന്ന മരച്ചക്കുകളും കക്ക നീറ്റുന്ന കുമ്മായച്ചൂളകളും കൊല്ലന്റെ ആലകളും കയർകോളിനെത്തിയിരുന്ന വെള്ളിക്കോല് മുതലാളിമാരെയുമാണ് കണ്ടുമുട്ടുകയെന്ന് നാട്ടുകാരണവന്മാർ പറയുന്നു.

നോക്കെത്തുന്ന ദൂരത്തൊക്കെ പുന്നയും പൂവരശും ആഞ്ഞിലിയും പ്രരുത്തിയും മരോട്ടിയും ചൂരൽക്കാടുകളും ചൂണ്ടപ്പനയും സംഘകാലബുദ്ധമതസ്മാരകങ്ങളെന്നോണം സർപ്പക്കാവുകളും കാണാമായിരുന്നു. കൈതയും ചെമ്പകവും ശംഖുപുഷ്പവും പാലയും ഗന്ധരാജനും കുടമുല്ലയും പൂക്കുമ്പോൾ അന്തരീക്ഷത്തിൽ പടരുന്ന സുഗന്ധവും പേറി എത്തുന്ന കുളിർതെന്നലേറ്റ് ശാന്തസുഷുപ്തിയിലായിരുന്ന ഈ ഗ്രാമത്തെ ഉണർത്തിയിരുന്നത് ചെളിപുരണ്ട ചുട്ടിത്തോർത്തുടുത്ത്, ശിരസ്സിൽ പാളത്തൊപ്പിയണിഞ്ഞ് ചക്രം ചവിട്ടുന്ന കർഷകന്റെ ഞാറ്റുപാട്ടും ചാട്ടവള്ളങ്ങളിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഹോയ് വിളികളും തൊണ്ട്തല്ലുന്ന കയർപിരി തൊഴിലാളികളുടെ കൊട്ടുവടികളുടെയും കുറുവടികളുടെയും താളാത്മകമായ ശബ്ദവുമായിരുന്നു.

റോഡുകൾ കുറവായിരുന്നു. നടവരമ്പുകളിലായിരുന്നു അധികവും. ഗതാഗതം പ്രധാനമായും ജലമാർഗ്ഗമായിരുന്നു "അരനൂറ്റാണ്ടിനു മുമ്പാ ഇവിടെ ആദ്യമായിട്ട് സിൻഡിക്കേറ്റിന്റെ വണ്ടി വന്നത്.." സ്വകാര്യബസ് ഉടമകളുടെസംഘമായ സിൻഡിക്കേറ്റാണ് പിന്നീട് കോർപറേഷനായി രൂപം പൂണ്ടത്. കൽക്കരി ഇന്ധനമായി ഉപയോഗിച്ച് ഓടുന്ന വണ്ടി ആയിരുന്നു അന്നൊക്കെ.



കയർമേഖല

ചരക്കുഗതാഗതം കൂടുതലും കേവുവള്ളങ്ങളിലായിരുന്നു. മൂക്കത്തുകടവിലും പാട്ടത്തിൽ കടവിലും വള്ളിക്കാവിലും കെട്ടുവള്ളങ്ങളിൽ ചരക്ക് എത്തിയിരുന്നു. ആലുംപീടികയും മുഹമ്മദീപുരം എന്നറിയപ്പെട്ടിരുന്ന പാട്ടത്തിൽകടവുമായിരുന്നു പ്രധാന വാണിജ്യകേന്ദ്രങ്ങൾ. ഇവിടെ നിന്ന് കയറും കൊപ്രയും കിഴക്കിന്റെ വെനീസെന്ന പ്രസിദ്ധിയാർജ്ജിച്ച ആലപ്പുഴയിൽ എത്തിച്ചിരുന്നതും ഈ വള്ളങ്ങൾ തന്നെ. നാടും നഗരവും ചുറ്റിയിരുന്ന ഈ നാവികർ പിൽക്കാലത്ത് ഈ നാടിന്റെ മാറ്റത്തിന്റെ തേരാളികളുമായി.

അന്നൊന്നും വൈദ്യുതിയേ ഉണ്ടായിരുന്നില്ല. അക്കാരണം കൊണ്ടുതന്നെ കട്ടും. രാത്രി ആയാൽ പാട്ടവിളക്കിന്റെയും കല്ലുവിളക്കിന്റെയും അരണ്ടവെളിച്ചം പള്ളിവാസൽ പദ്ധതിയൊക്കെ വന്ന് എത്രയോ കഴിഞ്ഞതിനുശേഷമാണ് നമ്മുടെനാട്ടിൽ വൈദ്യുതി എത്തിയത്.

കൃഷിയും അനുബന്ധ വ്യവസായങ്ങളും കയറും കൈത്തറിയും ബീഡിതെറുപ്പും കക്കാനീറ്റും കള്ളുചെത്തും കൊച്ചുചക്കര നിർമ്മാണവും തുന്നലും ആയിരുന്നു പ്രധാന പരമ്പരാഗത വ്യാവസായിക മേഖലകൾ. അന്നും മുന്ന് നേരവും ഏവരും ഭക്ഷണം കഴിച്ചിരുന്നില്ല.

അന്തിച്ചന്തകളും കയർമേഖലയും

പാട്ടത്തിൽകടവിലും ആലുംപീടികയിലും അഴീക്കലും ഉണ്ടായിരുന്ന അന്തിച്ചന്തകൾ ആയിരുന്നു കയർകോള് കേന്ദ്രങ്ങൾ. കൈതേപ്പ്കയർ ആയിരുന്നു പ്രചാരത്തിൽ. ഒരു റാത്തൽ കയറിന് രണ്ടര ചക്രം വരെ വില ലഭിച്ചിരുന്നു. ചിലരെങ്കിലും വീടുകളിലെ കുളങ്ങളിൽ തൊണ്ട് അഴുകുവാനായി ഉപയോഗിച്ചിരുന്നു. കുളങ്ങളിൽ മണ്ണുതുരന്ന് തൊണ്ടുമൂടുകയായിരുന്നു പതിവ്. കായലിലും തൊണ്ട് അടുക്കുന്നതിന് ഇതേ രീതി തന്നെ ആയിരുന്നു അനുവർത്തിച്ചിരുന്നത്. വെള്ളത്തിലെ മണ്ണിനടിയിൽ ആറുമാസത്തോളം സൂക്ഷിച്ച് അഴുക്കിയെടുക്കുന്ന തൊണ്ടിന് ചകിരിച്ചോർ കുറഞ്ഞും ചകിരിക്ക് നല്ല നിറവും സിദ്ധിച്ചതായിരുന്നു. പിന്നീടാണ് പടങ്ങിട്ട് മൂടുന്ന രീതിയും കൊല്ലിമൂടലും ഒക്കെ തുടങ്ങിയത്.

ഉച്ചയൂണ് കഴിഞ്ഞ് കുടുംബത്തിലെ അംഗങ്ങൾക്ക് ഏല്ലാംകൂടിയിരുന്ന് തിരി ഉണ്ടാക്കി പിന്നീട് കൈകൊണ്ടുതേച്ചാണ് ആലപ്പാടൻ കയർ നിർമ്മിച്ചിരുന്നത്. ഇവ നിറത്തിലും ഗുണത്തിലും മേന്മയേറിയതായിരുന്നു. മഴക്കാലമായാൽ കയറിന് വില കുറച്ചുകൊടുക്കുവാനും മുതലാളിമാർ മടിച്ചിരുന്നില്ല. ഇന്നലെകളിലും ഇന്നും ഏറ്റവും കൂടുതൽ ആളുകൾ ഈ മേഖലയിലാണ് പണി എടുത്ത്പോരുന്നത്.

എണ്ണയാട്ട് കേന്ദ്രങ്ങൾ

ഉഴവ് കാളകളെ ഉപയോഗിച്ചും മനുഷ്യപ്രയത്നത്താലും പ്രവർത്തിച്ചിരുന്ന കൽചക്കുകളും മരച്ചക്കുകളും എണ്ണയാട്ടുന്നതിനായി ഉപയോഗിച്ചിരുന്നു. വാണിയസമുദായത്തിൽ പെട്ടവരായിരുന്നു ഇവ നട

പട്ടിക 1

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	വിഭാഗം	തൊഴിലാളികൾ പുരുഷന്മാർ	സ്ത്രീകൾ	ആകെ തൊഴിലാളികൾ
1.	കയർ	300	1700	2000
2.	ബീഡി	90	10	100
3.	മറ്റ് പരമ്പരാഗത വ്യവസായങ്ങൾ	–	30	30
4.	കുടിൽ വ്യവസായങ്ങൾ	10	15	25
5.	ചെറുകിട ഫാക്ടറികൾ	40	5	45
6.	റിപ്പയർഷോപ്പുകൾ	20	–	20
7.	മറ്റ് വ്യവസായങ്ങൾ	–	97	3845
	ആകെ	747	1857	2604

ത്തിയിരുന്നത്. കൊപ്രയും എള്ളും മരോട്ടിക്കയും അനുബന്ധ ഉല്പന്നമായി പിണ്ണാക്കും ലഭിച്ചിരുന്നു.

കൈത്തറി കേന്ദ്രങ്ങൾ

നാടൻ മുണ്ടും ചുട്ടിതോർത്തും ആയിരുന്നു അങ്ങിങ്ങുള്ള കൈത്തറി കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ചിരുന്നത്.

ബീഡി തെറുപ്പ്.

ബീഡി തെറുപ്പ്. പണ്ടത്തെ ചെറുപ്പക്കാരുടെ ഇടയിൽ മാന്യമായ തൊഴിൽ എന്ന സ്ഥാനമായിരുന്നു ബീഡിതെറുപ്പിന്. ഒരു മുറുക്കാൻ കടയ്ക്ക് ചുറ്റുമായി ആറും ഏഴും ആളുകൾ ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നു. അഞ്ഞൂറ് മുതൽ ആയിരത്തിഞ്ഞൂറ് ബീഡി വരെ തെറുക്കുന്ന ആൾക്കാൾ ഉണ്ടായിരുന്നത്രെ .

കക്കാനീറ്റുവ്യവസായം

കായലിൽ നിന്നും കക്കാവാരൽ പ്രധാന തൊഴിലുകളിൽ ഒന്നായിരുന്നു. കക്കാ സുലഭമായി ലഭിച്ചിരുന്നു. കക്കാ നീറ്റി കുമ്മായം എടുക്കുന്ന കുമ്മായ ചൂളകളും നിരവധി ഉണ്ടായിരുന്നു. കുമ്മായം കീടനാശിനിയായും കെട്ടിടനിർമ്മാണ സാമഗ്രിയായും ഉപയോഗിച്ചിരുന്നു.

കള്ള്ചെത്തും കൊച്ചുചക്കര നിർമ്മാണവും.

കൂടുതലും പന ചെത്തി ഉണ്ടാക്കുന്ന മധുരക്കള്ള് ചിരട്ടയിൽ നിറച്ചായിരുന്നു കൊച്ചുചക്കരനിർമ്മാണം നടത്തിയിരുന്നത്.

തയ്യൽകേന്ദ്രങ്ങൾ

പരിവർത്തനത്തിന്റെ പടയാളികളായിരുന്നു തയ്യൽക്കാരിൽ പലരും. തുന്നൽ യന്ത്രങ്ങളുടെ വരവോടെ കൂടുതലും പുരുഷന്മാർ ആയിരുന്നു തയ്യൽപണിയിൽ ഏർപ്പെട്ടിരുന്നത്.

മത്സ്യബന്ധനം

കുരുത്തോലയും കയറുമായി കൂട്ടിയിണക്കി തെരളിയുണ്ടാക്കിയുള്ള മീൻപിടുത്തം സാധാരണമായിരുന്നു. കായലിൽ വെള്ളക്കുറവുള്ളപ്പോൾ കൂട്ടത്തോടെ നിരയായി നിന്ന് ഒറ്റാൽ ഊന്നിയും മീൻപിടുത്തം നടത്തിയിരുന്നു. കോരുവലയും പ്രചാരത്തിലുണ്ടായിരുന്നു. തവള പിടുത്തക്കാരെയും കാണാമായിരുന്നു. ഇവർ വിദേശനാണയം നേടിത്തന്നിരുന്നു.

47-ാം ദേശീയപാതയ്ക്ക് പടിഞ്ഞാറ് അറബിക്കടലിന് ചാരത്തായി ചതുരാകൃതിയിൽ 10 വാർഡുകളിലായി 993 ഹെക്ടർ വിസ്തൃതിയിലുള്ള 10000 ലേറെ സ്ത്രീകളും അതിനു താഴെ പുരുഷന്മാരും തദ്ദേശവാസികളായിട്ടുള്ള ഈ ഗ്രാമം വ്യാവസായികമായി നന്നേ പിറകോട്ടാണ്. നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക മാന്ദ്യത്തിന് പ്രധാന കാരണം വ്യാവസായിക വികസനപദ്ധതികൾ നേടിയെടുക്കുന്നതിലും ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിലും പിന്നോക്കം പോയത് കൊണ്ടാണോ എന്നറിയില്ല. വ്യാവസായിക മുരടിപ്പിന്റെ പിടിയിൽ അമർന്നിരിക്കുന്നു എന്നുള്ളത് ഒരു പരിചിന്തനത്തിന് വഴി തെളിക്കുന്നു.

കാർഷിക പുരോഗതിയേയും വ്യാവസായിക ഉന്നമനത്തേയും പരസ്പര പൂരകങ്ങളായി കണ്ടുകൊണ്ട് ഇവയുടെ സമന്വയത്തിലൂടെ അസംസ്കൃത സാധനങ്ങളുടെ ലഭ്യത കണക്കിലെടുത്തും സംഭരിച്ചും, പ്രാദേശിക പരിസ്ഥിതിക്കനുസൃതമായി ആധുനിക വ്യവസായങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു കാർഷിക വ്യാവസായിക ഘടന വളർത്തിയെടുത്താൽ നമ്മുടെ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് വിരാമമിടാൻ കഴിയുമെന്ന് ജനകീയ ആസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന വിശേഷാൽ ഗ്രാമസഭകളിലെ ഗ്രാമീണരുടെ ചർച്ചകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളിൽ നിന്നും അവർ നിർദ്ദേശിച്ച പരിഹാര മാർഗ്ഗങ്ങളിൽ നിന്നും വ്യക്തമാകുന്നു. വിശേഷാൽ ഗ്രാമസഭകളിലെ വ്യാവസായിക ഗ്രൂപ്പിൽ 90 പുരുഷന്മാരും 60 സ്ത്രീകളും ഉൾപ്പെടെ 150 പേർ പങ്കെടുത്തിരുന്നു. ഇവരിൽ നിന്ന് 22 കൺവീനർമാരെയും തെരഞ്ഞെടുത്തിരുന്നു. വിശേഷാൽ ഗ്രാമസഭകളിൽ വ്യാവസായിക ഗ്രൂപ്പിൽ പങ്കെടുത്ത ഗ്രാമീണരുടെ ചർച്ചകളാണ് പ്രധാനമായും ഈ റിപ്പോർട്ടിനാധാരമായി എടുത്തിട്ടുള്ളത്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ അര ശതാബ്ദത്തിന് ശേഷവും ഒരൊറ്റ വൻകിട വ്യവസായമോ അതിന്റേതായ അർത്ഥത്തിലൂടെ യൂണിറ്റുകളോ എത്തിനോക്കിയിട്ടുപോലുമില്ല. ഈ ഗ്രാമത്തിൽ ഏതാനും കയർസഹകരണസംഘങ്ങളും സ്വകാര്യ ചെറുകിട കയർ ഉല്പാദകരും ക്ഷീരവ്യവസായ സംഘങ്ങളും നാമമാത്രമായ എണ്ണയാട്ട് കേന്ദ്രങ്ങളും മൂന്നോ നാലോ അറപ്പ്മില്ലും രണ്ട് ചെറുകിട അച്ചടികേന്ദ്രങ്ങളും ഒരു അവൽകേന്ദ്രവും ഒരു അലൂമിനിയം ഫ്ളക്സ് ഉത്പാദനകേന്ദ്രവും രണ്ട് കറിപൗഡർ ഉത്പാദനകേന്ദ്രങ്ങളും ചേതനയറ്റ് കിടക്കുന്ന ഒരു റബ്ബർ യൂണിറ്റും നാല് സ്ലാബ് മതിൽ നിർമ്മാണ കേന്ദ്രങ്ങളും ഒരു വെൽഡിംഗ് വർക്ക്ഷോപ്പും അല്ലറ ചില്ലറ വ്യവസായസംരംഭങ്ങളും ആയാൽ ഈ ഗ്രാമത്തിന്റെ

പട്ടിക 2

വിവിധ മണ്ഡലങ്ങളിലെ കൂലിനിരക്ക്

നമ്പർ	ഇനം	പുരുഷൻ	സ്ത്രീ
1.	കയർ	125	40
2.	മരവ്യവസായം	150	–
3.	അച്ചടി	75	50
4.	കൊപ്ര സംസ്ക്കരണം(Piece Rate)	100	40
5.	ബേക്കറി	100	–
6.	ഓയിൽമിൽ	125	–
7.	സോഡാനിർമ്മാണം	100	–
8.	റബ്ബർ	100	–
9.	എൻജിനിയറിംഗ്	125	–
10.	ഭക്ഷ്യധാന്യം പൊടിക്കൽ	100	–
11.	കെട്ടിടനിർമ്മാണം	125	–

വ്യാവസായിക ശൃംഖല പൂർത്തിയാകുന്നു. പ്രധാന കാർഷികോത്പന്നമായ നാളീകേത്തിലധിഷ്ഠിതമായ പരമ്പരാഗതമായ കയർ മേഖലയാണ് മുന്തിയ വ്യവ സായിക മേഖല.

കയർ മേഖല

ഈ രംഗം സഹകരണമേഖലയിലും സ്വകാര്യമേ ഖലയിലുമായി വ്യാപിച്ചുകിടക്കുന്നു. മൂന്നും നാലും വാർഡുകളിൽ ഈരണ്ട് വീതവും ആറും ഏഴും വാർഡുകളിൽ ഒന്നും കയർ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഏകദേശം 3551 അംഗങ്ങളുള്ള ടി സഹകരണ സംഘങ്ങളിലായി 194 സ്ത്രീകളും 299 പുരുഷന്മാരുമായി ഏകദേശം 493 തൊഴിലാളികൾ പണിയെടുക്കുന്നു. ഇവർക്ക് 120 രൂപയും 40 രൂപയും യഥാക്രമം വേതനം ലഭിക്കാറുണ്ട്. സഹകരണ മേഖ ലയെ കൂടാതെ 75- ഓളം ചെറുകിട ഉത്പാദകരും ഉണ്ട്. ഈ മേഖലയിൽ ഏകദേശം 25-നു മേൽ തൊഴി ലാളികൾ പണിയെടുക്കുന്നു. എന്നിരുന്നാലും ഈ പഞ്ചായത്തിൽ കയറിന് ഒരു വിപണന കേന്ദ്രം നില വിലില്ല. തൊഴിലവസരത്തിന്റെ സിംഹഭാഗവും സൃഷ്ടി ക്കുന്ന ഈ പരമ്പരാഗത വ്യവസായമേഖല ഇന്ന് പ്രതി സന്ധിയെ നേരിടുന്നു. സഹകരസംഘങ്ങൾ നഷ്ടത്തി ലാണ് പ്രവർത്തിച്ചുവരുന്നത്. ചെറുകിട ഉത്പാദക രുടെ സാമ്പത്തിക സ്ഥിതിയും മറിച്ചല്ല. അസംസ്കൃത വസ്തു സംഭരിക്കുന്നതിന് ആവശ്യം വേണ്ടുന്ന സമ്പ ത്തിന്റെ പരിമിതികളും താഴ്ന്ന ഉല്പാദന ക്ഷമതയും ആഗോളവിപണിയിൽ കയർ ഉല്പന്നങ്ങളുടെ ആവശ്യം കുറയുവാനുണ്ടായ സാഹചര്യങ്ങളും ഈ പഞ്ചായത്തിൽ കയർ ഉല്പന്നങ്ങളുടെ ഒരു ഫാക്ടറി ഇല്ലാത്തതും ഈ മാന്ദ്യത്തിന് കാരണങ്ങളാണ്. നാളീ കേരത്തിൽ നിന്ന് തൊണ്ടും തൊണ്ടഴുക്കാൻ കായലും ചകിരിയാക്കാൻ തൊണ്ടുതല്ലുന്നവരും ഇന്നിപ്പോൾ യന്ത്രങ്ങളും കയർ പിരിക്കാൻ വൈദഗ്ദ്ധ്യം ഉള്ള തൊഴിലാളിക്കളും യന്ത്രവത്കൃത റാട്ടും ലഭ്യമാണി വിടെ. എന്നിട്ടുപോലും കയർ ഉല്പന്നങ്ങൾ ഉണ്ടാക്കു വാനൊരു വ്യാവസായിക കേന്ദ്രം ആരംഭിയ്ക്കാൻ ഒരു പദ്ധതിയ്ക്കും ഇതുവരെയും കഴിഞ്ഞിട്ടില്ല എന്നത് ശോചനീയം തന്നെ.

പ്രശ്നങ്ങൾ

കയർ മേഖലയിലെ പ്രതിസന്ധി

നിർദ്ദേശങ്ങൾ

1. പച്ചത്തൊണ്ട് ശേഖരിയ്ക്കാൻ ഒരു സംഭരകേന്ദ്രം സ്ഥാപിയ്ക്കുക.

2. റാട്ടിന്റെ അടിസ്ഥാനത്തിൽ തൊണ്ടും ചകി രിയും വിതരണം നടത്തുക.

3. തൊഴിലാളികൾക്ക് E.S.I. യോ തത്തുല്യമായ ആനുകൂല്യമോ ലഭ്യമാക്കുക.

4. തൊണ്ടഴുക്കൽ കേന്ദ്രമായ കുമ്പളത്തുകായി

ലിൽ ശുദ്ധജലം കയറ്റിയിറക്കുന്നതിനുള്ള ഷട്ടറുക ളുടെ പ്രവർത്തനം കൃത്യമായി നിർവഹിക്കുക.

5. തൊണ്ടുതല്ലുന്നതിനും ചകിരി മാറ്റുന്നതിനും ഉള്ള മില്ലുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭി യ്ക്കുക.

6. സർക്കാർ ഏജൻസികളെ കൊണ്ട് കയർ സംഭ രിച്ച് വിപണിയിലുള്ള വിലയിടിവ് തടയുക.

7. പരിസ്ഥിതി സംരക്ഷണത്തിനും വളത്തിനുമായി ചകിരിച്ചോർ ഉപയോഗിച്ചുള്ള ജൈവവളനിർമ്മാണ യൂണിറ്റുകൾ ആരംഭിയ്ക്കുക

8. ചെറുകിട വ്യവസായ സംരംഭകർക്ക് സാമ്പത്തി കസഹായം നല്കുക.

9. ചെറുകിട ഉത്പാദകന് ന്യായമായ ലാഭം ഉറപ്പു വരുത്തുകയും തൊഴിലാളികൾക്ക് അനുസൃതമായി വേതനം വർദ്ധിപ്പിക്കുകയും ചെയ്യുക.

10. ചെറുകിട ഉത്പാദകരെയും കയർ സഹകരണ സംഘങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് കയർ ഉല്പന്നങ്ങളുടെ ഒരു ഫാക്ടറിക്ക് രൂപം നല്കുക,

നാളീകേരവും അനുബന്ധ വ്യവസായങ്ങളും

സ്വകാര്യമേഖലയിലുള്ള ഏകദേശം 50-ഓളം ചെറുകിട കേന്ദ്രങ്ങളിലായി 350 പുരുഷന്മാരും 150 സ്ത്രീകളും ഉൾപ്പെടെ ഏകദേശം 500-ഓളം പേർ ഈ രംഗത്ത് പണിയെടുക്കുന്നു.

കൊപ്രാ വ്യവസായം

ഈ രംഗത്ത് പണിയെടുക്കുന്നവരുടെ എണ്ണം ഇന്നും ഇതര മേഖലകളുമായി താരതമ്യേന കുറവാ ണെങ്കിലും ഈ നാടിന്റെ ചരിത്രത്തോളം തന്നെ പഴ ക്കമാർന്നതാണ് കൊപ്രാവ്യവസായം.

കേരകർഷകരിൽ നിന്ന് തേങ്ങ ഒറ്റയായും കൂട്ട മായും വാങ്ങി കൊപ്രയാക്കി അരിഞ്ഞുണക്കിയും അതിൽ നിന്ന് വെളിച്ചെണ്ണ ആട്ടിയെടുത്ത് വ്യാപാരം നടത്തുന്ന 50-ഓളം കുടുംബങ്ങൾ ഈ പഞ്ചായത്തി ലുണ്ട്. കുടുംബാംഗങ്ങളുടെ സഹകരണത്തിലും മേൽനോട്ടത്തിലും നടക്കുന്ന ഇതിനെ കുടുംബവ്യവ സായമായും കരുതാം.

പ്രശ്നങ്ങൾ

നാളീകേരത്തിന്റെ ഉത്പാദനകുറവും വിലയിടിവും സംഭരണ കേന്ദ്രമില്ലായ്മയും.

നിർദ്ദേശങ്ങൾ

1. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ശാസ്ത്രീയ മുറകൾ അവലംബിച്ചും ഉത്പാദനം വർദ്ധിപ്പിച്ചും തൊഴിലില്ലാത്ത അഭ്യസ്തവിദ്യരെ ഉൾപ്പെടുത്തി കാർഷികോല്പന്നങ്ങളുടെ വിതണ ത്തിനും സംഭരണത്തിനുമായി ഒരു മാർക്കറ്റിംഗ് ഏജൻസി രൂപീകരിയ്ക്കുക.

2. കരിക്കിൻവെള്ളവും തെങ്ങിൻകള്ളും തനിമ നഷ്ടപ്പെടാതെ സൂക്ഷിക്കാനുതകുന്ന സാങ്കേതിക വിദ്യ മനസ്സിലാക്കി അതിനുള്ള യൂണിറ്റുകൾ ആരംഭി യ്ക്കാൻ വ്യാവസായിക സംരംഭകരെ പ്രോത്സാഹിപ്പി ക്കുക.

3. വനിതാ സഹകരണ സംഘങ്ങൾ വഴി ചിരട്ടയും ചകിരിനാരും മറ്റും ഉപയോഗിച്ച് കരകൗശലവസ്തു ക്കളുടെ നിർമ്മാണവും അവയുടെ വിപണന മേളയും സംഘടിപ്പിക്കുക.

4. ഒരു നാളീകേര വ്യവസായ കൂട്ടായ്മയ്ക്ക് രൂപം കൊടുക്കുക.

ക്ഷീരവ്യവസായം

3 ക്ഷീര സഹരണ സംഘങ്ങളിലായി 9 പുരുഷ ന്മാരും 5 സ്ത്രീകളുമുൾപ്പെടെ 14 പേർ ഈ രംഗത്ത് തൊഴിൽ ചെയ്യുന്നു. ലാഭത്തിൽ നടക്കുന്ന ഏക സഹ കര മേഖലയാണിത്. കൂടാതെ ഏകദേശം 100-ഓളം കുടുംബങ്ങളിൽ കന്നുകാലിവളർത്തലുണ്ട്.

പ്രശ്നങ്ങൾ

1. കന്നുകാലികളെ വാങ്ങുന്നതിന് ഗ്രാമീ ണർക്കുള്ള സാമ്പത്തകി ശേഷിക്കുറവ്.

2. മികച്ച കന്നുകാലികളുടെ ദൗർലഭ്യം.

3. പോഷകമൂല്യമുള്ളതും വില കുറഞ്ഞതുമായ കാലിത്തീറ്റയുടെ അഭാവം.

4. കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾ

നിർദ്ദേശങ്ങൾ

1. ക്ഷീരോത്പാദകർക്ക് സഹായം നല്കുക

2. മികച്ച കന്നുകാലി ജനുസ്സുകളുടെ വിതരണം

3. കാലിത്തീറ്റ നിർമ്മാണ യൂണിറ്റും തീറ്റപ്പുൽകൃ ഷിയും ആരംഭിയ്ക്കുക.

4. സഞ്ചരിക്കുന്ന മൃഗാശുപത്രി സ്ഥാപിക്കുക.

5. ഓരോ വാർഡിലും ക്ഷീരവ്യവസായ സഹക രണ സംഘങ്ങൾ ആരംഭിയ്ക്കുകയും അവയുടെ കൂട്ടാ യ്മയിലൂടെ ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതി

പട്ടിക മൂന്ന്

ചെറുകിട വ്യവസായയൂണിറ്റുകൾ

നമ്പർ	ഇനം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
1.	നാളീകേരം	50	350	150	500
2.	തടി	4	30	–	30
3.	എഞ്ചിനിയറിംഗ്	1	10	–	10
4.	അച്ചടി	2	3	2	5
5.	ബേക്കറി	4	15	–	15
6.	പൊടിപ്പുമില്ല്	12	30	–	30
7.	കയർ	173	300	1700	2000
8.	ക്ഷീരം	3	9	5	14
	ആകെ		747	1857	2604

നുള്ള യൂണിറ്റ് ആരംഭിയ്ക്കുകയും ചെയ്യുക.

6. സഹകരണാടിസ്ഥാനത്തിൽ കന്നുകാലികൃഷി വർദ്ധിച്ച തോതിൽ ആരംഭിയ്ക്കുന്നതിന് വേണ്ടത്ര പ്രോത്സാഹനം നല്കുക.

ബീഡി തെറുപ്പ് വ്യവസായം

പുകവലിക്കാരിൽ ഏറെപ്പേരും സിഗറ്റിനോട് താൽപര്യം പുലർത്തുന്നതിനാൽ ഒരുകാലത്ത് ഒട്ടേറെ പേരുടെ ഉപജീവനമാർഗ്ഗമായിരുന്ന ഈ തൊഴിൽ ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴും ഏകദേശം 75– ഓളം പേർ ഈ തൊഴിലിൽ ഏർപ്പെട്ടുവരുന്നു.

ഇതര വ്യവസായങ്ങൾ

കെട്ടിടനിർമ്മാണവും ഫർണ്ണിച്ചർ നിർമ്മാണവും.

മറുനാടൻ മലയാളികളുടെയും തീരദേശവാസികളുടെയും സേവനമിച്ചം പ്രധാനമായും കെട്ടിടനിർമ്മാണത്തിനാണ് ഉപയോഗിച്ചുവരുന്നത്. മേസ്തിരിമാരുടെയും സഹായികളുടെയും എണ്ണം കൂടിവരുന്നുവെങ്കിലും വർദ്ധിച്ചുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇവരുടെ പ്രയത്നം തികയാത്ത അവസ്ഥയാണുള്ളത്. തൊഴിലാളികൾക്ക് 115 രൂപ വേതനനിരക്ക് നിലവിലിരിക്കുന്നു. ഫർണ്ണിച്ചർ നിർമ്മാണ രംഗത്ത് വിശ്വകർമ്മ സമുദായത്തിൽപെട്ടവരാണ് കൂടുതലും പണിയെടുക്കുന്നത്. തൊഴിൽ സാധ്യതയുള്ള മേഖലയാക്കി ഇതിനെ മാറ്റുവാൻ കഴിയണം.

തുന്നൽ മേഖല

ഒരുകാലത്ത് പുരുഷന്മാർ ഏറെയായിരുന്ന ഈ മേഖലയിൽ ഇന്ന് സ്ത്രീകളുടെ പങ്കാളിത്തം കൂടുതലായി കാണുന്നു. ഏകദേശം 250–ഓളം പേർ തയ്യൽ ജോലിയിലേർപ്പെട്ടുവരുന്നു. സ്ത്രീകഴിൽ പലരും അവരുടെ വീടുകളിൽ തന്നെയിരുന്നാണ് ഈ തൊഴിലിൽ ഏർപ്പെട്ടുവരുന്നത്. വനിതകൾക്ക് പ്രാമുഖ്യം നല്കിക്കൊണ്ടുള്ള ഗാർമെന്റ് യൂണിറ്റുകൾക്ക് വളരെയേറെ സാധ്യതകൾ ഉണ്ട്.

നെല്ലുകുത്തകേന്ദ്രങ്ങളും പൊടിപ്പുമില്ലുകളും അവൽ നിർമ്മാണവും

ഏകദേശം 12 പൊടിപ്പുമില്ലുകളിലായി 30 തൊഴിലാളികൾ പണിയെടുക്കുന്നു. ഇവർ ദിവസം ഏകദേശം 100 രൂപ വരെ വേതനം പറ്റുന്നുണ്ട്. അഞ്ചാം വാർഡിലും ഒമ്പതാം വാർഡിലും ഓരോ പുളിയരിപ്പൊടി മില്ലുകൾ പ്രവർത്തിക്കുന്നു. കൂടാതെ ഒമ്പതാം വാർഡിൽ ഒരു അവൽനിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.

കൈക്കുടന്നയിൽ ഒതുങ്ങുന്ന ഒരു പിടി വ്യവസായയൂണിറ്റുകളും വിരലിലെണ്ണാവുന്ന വ്യവസായ സംരംഭകരുമായി നമ്മുടെ പഞ്ചായത്തിന് സ്വാശ്രയപഞ്ചായത്തിന്റെ പദവിയിലേക്ക് ഒരിക്കലും ഉയരുവാൻ കഴിയുകയില്ല എന്നുള്ളത് പരമാർത്ഥമായി അംഗീകരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഗ്രാമത്തെ വ്യാവസായിക

മായി മുന്നോട്ട് നയിക്കുന്നതിനായി വികസനത്തിനായി കേഴുന്ന പരമ്പരാഗത മേഖലകളെ പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.

വികസനം തേടുന്ന മേഖലകൾ

1. ക്ലാപ്പന–ഒരു ടൂറിസ്റ്റ് ഗ്രാമം

1986 മുതൽ വിനോദസഞ്ചാരം പ്രാധാന്യമുള്ള ഒന്നായി സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ കായലിനോട് തൊട്ടുരുമ്മി കിടക്കുന്ന നമ്മുടെ പഞ്ചായത്തിൽ വിനോദസഞ്ചാര വികസനത്തിന് വളരെയേറെ സാധ്യതകൾ ഉണ്ട്. മത്സ്യബന്ധന തുറമുഖത്തിന്റെ അനുബന്ധമായി ആയിരംതെങ്ങിന് സമീപമുള്ള ഫിഷ്ഫാം കേന്ദ്രമാക്കി ചാരുതയാർന്ന കെട്ടുവള്ളങ്ങൾ ഹൗസ്ബോട്ടുകളായി രൂപാന്തരപ്പെടുത്തി വള്ളംകളിയും മറ്റും ആരംഭിച്ച് വിനോദസഞ്ചാരകേന്ദ്രമാക്കി വികസിപ്പിച്ചാൽ നമ്മുടെ സമ്പദ്ഘടനയിൽ ഗണ്യമായ മാറ്റം വരുത്താൻ കഴിയും.

2. വ്യാവസായിക സാദ്ധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ ഒരു വ്യാവസായിക കുട്ടായ്മയ്ക്ക് രൂപം കൊടുക്കേണ്ടിയിരിക്കുന്നു. വ്യാവസായിക സംരംഭകർക്ക് മുൻതൂക്കം കൊടുത്ത് നാളീകേര സംസ്ക്കരണ യൂണിറ്റും നാളീകേര ഉപോല്പന്ന യൂണിറ്റുകളും ആരംഭിയ്ക്കണം. നാളീകേര കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ടുള്ള ഇത്തരം സംരംഭങ്ങൾക്കു കഴിയും. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾക്ക് ബുക്ക്ബയന്റിംഗ് പോലെയുള്ള വ്യവസായ പരിശീലനം നല്കണം. വിദ്യാർത്ഥികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. പുതിയതരം വ്യവസായികഅവബോധം പുത്തൻ തലമുറയിൽ വളർത്തിയെടുത്താൽ നമ്മുടെ പഞ്ചായത്തിന് വ്യാവസായികമായി ഉയരുവാൻ കഴിയും.

വ്യവസായ സംരംഭകരെ തളർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം വൈദ്യുതിയുടെ അപര്യാപ്തതയാണ്. വ്യാവസായിക വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കേന്ദ്രീകൃതമായി ഏർപ്പെടുത്തുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു വ്യാവസായിക നഗർ (industrial Estate) കെട്ടിപ്പടുക്കണം.

വനിതകൾക്ക് സീസണിൽ വ്യവസായ ശൃംഖല

ഓണക്കാലത്ത് അച്ചാറും ക്രിസ്തുമസിന് കേക്കും സ്ക്കൂൾ തുറക്കുന്ന അവസരത്തിൽ നോട്ടുബുക്കുകളും സ്ക്കൂൾ ബാഗുകളും യൂണിഫോമുകളും നിർമ്മിച്ച് വിപണനം നടത്താവുന്ന വനിതാ വ്യവസായ ശൃംഖലകൾ തുടങ്ങാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ ഇലക്ട്രോണിക് വ്യവസായത്തിന് ഒരു അസംബ്ലിംഗ് യൂണിറ്റും അനുബന്ധയൂണിറ്റുകളുമായി വീടുകളിൽ സ്പെയർപാർട്ട്സുകൾ വിതരണം ചെയ്ത് ചെറിയ യൂണിറ്റുകളും പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനുവേണ്ട സാങ്കേതികപരിശീലനം ലഭ്യമാക്കേണ്ടതാണ്.

ഊർജ്ജം

ക്ലാപ്പന പഞ്ചായത്തിൽ ഏകദേശം 4955 വീടുകളാണുള്ളത്. അവയിൽ വൈദ്യുതീകരിച്ചവ 2549 ആണ്. ശേഷിച്ചവയിൽ ഭൂരിഭാഗവും വൈദ്യുതീകരിക്കാവുന്നതാണ്. വൈദ്യുതി ലൈനുകൾ സമീപത്ത് എത്താത്തതും അന്യപുരയിടത്തിലൂടെ ലൈൻ വലിക്കുന്നതിനുള്ള കൺസന്റ് ലഭിക്കാത്തതും ആണ് അവ വൈദ്യുതീകരിക്കുന്നതിനുള്ള മുഖ്യ തടസ്സം. ജീവിത നിലവാരം ഉയരുന്നതനുസരിച്ചും ഗവ: ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാകുന്നതിനാലും പ്രതിവർഷം 100-ൽ കുറയാത്ത വൈദ്യുതീകരിക്കാവുന്ന വീടുകൾ നിർമ്മിക്കുന്നുണ്ട്. അവയ്ക്കും വൈദ്യുതി എത്തിക്കേണ്ടിയിരിക്കുന്നു.

ആവശ്യക്കാർക്കെല്ലാം വൈദ്യുതി എത്തിക്കുവാൻ സംസ്ഥാന വൈദ്യുതി ബോർഡിന് കഴിയുന്നില്ല. അഞ്ചുവർഷമായി CD അടച്ച് രജിസ്റ്റർ ചെയ്ത പോസ്റ്റ് വേണ്ടുന്ന അപേക്ഷകൾക്കും രണ്ടുവർഷത്തിലേറെയായുള്ള പോസ്റ്റ് വേണ്ടാത്ത അപേക്ഷകൾക്കും നോർമൽ പ്രയോറിറ്റിയിൽ വൈദ്യുതി നല്കുന്നുണ്ട്. ഹരിജനങ്ങൾ, വികലാംഗർ, പട്ടാളക്കാർ തുടങ്ങിയവർക്കുള്ള മുൻഗണനാ കണക്ഷനും രണ്ടുവർഷത്തോളമായവർക്ക് കൊടുക്കാനുണ്ട്. O.Y.E.C. തുകമുഴുവൻ അടച്ച ഉപഭോക്താക്കളും ഒരു വർഷക്കാലമായി കണക്ഷനും കാത്ത് കഴിയുകയാണ്.

നമ്മുടെ പഞ്ചായത്തിന് മാത്രമായി ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ഇല്ല. ഓച്ചിറ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ പരിധിയിലാണ് ഈ പഞ്ചായത്ത്. തോട്ടത്തിൽമുക്കിൽ ഒരു ഓവർസിയർ ഓഫീസ് പ്രവർത്തിക്കുന്നു. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലക്ഷ്യമാക്കി ആരംഭിച്ച ഈ സ്ഥാപനം അധികാരികൾ കാര്യമായി ശ്രദ്ധിക്കുന്നില്ല. മാസത്തിൽ രണ്ടു ദിവസം കാഷ്യർമാർ ഇവിടെ വന്ന് പണം സ്വീകരിക്കുന്നുണ്ട്. സബ് എഞ്ചിനിയർ ഓഫീസായി ഇതിനെ ഉയർത്തി സ്ഥിരമായി ജീവനക്കാരെ നിയമിക്കണം എന്ന ആവശ്യം നിറവേറ്റിയിട്ടില്ല. ആലുംപീടികയിൽ ഒരു പരാതി പുസ്തകം വച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര പരിഗണന ജീവനക്കാർ നല്കുന്നില്ല.

11 കെ.വി. ലൈൻ

പുതിയകാവ് സബ്സ്റ്റേഷനിൽ നിന്നുള്ള രണ്ട് 11കെ.വി. ഫീഡറുകൾ വഴിയാണ് ഈ പഞ്ചായത്തിന്റെ വൈദ്യുതി എത്തിയ്ക്കുന്നത്. സബ്സ്റ്റേഷനിൽ നിന്ന് ആരംഭിച്ച് തഴവയിലൂടെ കുലശേഖരപുരം വഴിയുള്ള വള്ളിക്കാവ് ഫീഡറും നാഷണൽ ഹൈവേ വഴിയുള്ള ഓച്ചിറ ഫീഡറും വഴിയാണ്. ഓച്ചിറ, ആലപ്പാട്, കുലശേഖരപുരം, ക്ലാപ്പന പഞ്ചായത്തുകൾക്ക് വൈദ്യുതി എത്തിക്കുന്നത്. ഈ രണ്ടുഫീഡറുകളും അമിതഭാരം വഹിക്കുന്നവയാണ്.. ഒരു ഫീഡർ തകരാറിലായാൽ അടുത്ത ഫീഡർ വഴി ബാക്ക്ഫീഡ് ചെയ്ത് സപ്ലൈ പുനസ്ഥാപിയ്ക്കാൻ കഴിയുകയില്ല. ഇത് പുതിയ ഒരു ഫീഡർ നിർമ്മിക്കുന്നതിന്റെ ആവശ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. നമ്മുടെ പഞ്ചായത്തിൽ രണ്ട് ഫീഡറുകളുമായി 12k.m. ദൂരത്തിൽ ആണ് 11കെ.വി. ലൈൻ ഉള്ളത്.

വോൾട്ടേജ് ക്ഷാമം.

ട്രാൻസ്ഫോർമർ പോയിന്റുകളിലുള്ള ഉപഭോക്താക്കൾക്ക് 150 വോൾട്ടും ലൈനുകളുടെ അവസാനമുള്ള ഉപഭോക്താക്കൾക്ക് 80 വോൾട്ടിൽ താഴെയും മാത്രമേ സന്ധ്യാനേരത്ത് വോൾട്ടേജ് ലഭിക്കുന്നുള്ളു. വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ച് ഉത്പാദനം വർദ്ധിക്കാത്തതും ഓവർ ലോഡിംഗും ലൈൻ മെയിന്റനൻസിന്റെ അഭാവവും ശേഷി വർദ്ധിപ്പിക്കാത്തതും വോൾട്ടേജ് കുറവിന് കാരണമാകുന്നു.

തെരുവുവിളക്കുകൾ

ഈ ഗ്രാമപഞ്ചായത്തിൽ ---- തെരുവുവിളക്കുകൾ ആണ് ആകെയുള്ളത്. ഇതിൽ ട്യൂബ് ലൈറ്റുകളും ഓർഡിനറി ബൾബുകളും ആണുള്ളത്. കറണ്ട് ചാർജ്ജിനത്തിൽ രൂപ പ്രതിവർഷം അടയ്ക്കുന്നുണ്ട്. വോൾട്ടേജ് കുറവുകാരണം ട്യൂബ് ലൈറ്റുകൾ പലതും പ്രകാശിക്കാറില്ല. ഫ്യൂസാകുന്ന ബൾബുകൾ യഥാസ

മയം മാറ്റിയിടാറില്ല. മാറിയിടുന്നവ പലപ്പോഴും ഒരാഴ്ച പോലും കത്താറില്ല. കാളിറ്റി കുറഞ്ഞ ബൾബുകളാണ് ബോർഡ് സപ്ലൈ ചെയ്യുന്നത്. എല്ലാ റോഡുകളിലും ആവശ്യാനുസരണം ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല.

നിലവിലുള്ള ട്രാൻസ് ഫോർമറുകളും കപ്പാസിറ്റിയും

നമ്പർ	പേര്	കപ്പാസിറ്റി
1.	മഞ്ഞാടിമുക്ക്	100 KVA
2.	പ്രയാർതെക്ക്	100KVA
3.	പ്രയാർ തെക്ക് (II)	100 KVA
4.	ആലുംപീടിക (I)	100 KVA
5.	ആലുംപീടിക II	100 KVA
6.	ആയിരംതെങ്ങ് I	100 KVA
7.	ആയിരംതെങ്ങ് II	100 KVA
8.	കാവുംകട ജംഗ്ഷൻ	100KVA
9.	തോട്ടത്തിൽ മുക്ക്	100KVA
10.	കാരേലിൽ മുക്ക്	100KVA
11.	പുത്തൻപുര മുക്ക്	100KVA
12.	പള്ളിക്കടവ്	100KVA

ഈ ട്രാൻസ്ഫോമറുകൾ എല്ലാം തന്നെ അമിതഭാരം വഹിക്കുന്നവയാണ്.

എൽ.റ്റി. ലൈനുകൾ

പഞ്ചായത്തിലെ പ്രധാന റോഡുകളിൽ എല്ലാം തന്നെ 3ഫേസ് ലൈനുകൾ ഉണ്ട്. സംഗിൾ ഫെയ്സ് ലൈനുകളിൽ പലതും ഓവർലോഡാണ്. അവയെല്ലാം 3ഫെയ്സ് ലൈനുകളാക്കി മാറ്റേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ 3,4,6,7 വാർഡുകൾ ഉൾക്കൊള്ളുന്ന മുണ്ടകപ്പാടത്തിനു സമീപത്തായി താമസിക്കുന്ന ആയിരത്തിലേറെ വീട്ടുകാർക്ക് ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ആലുംപീടികയിൽ നിന്നും തെക്കോട്ട് പള്ളിക്കടവിലേക്ക് 11 കെ.വി. ലൈൻ വലിച്ചിട്ടുണ്ടെങ്കിലും ട്രാൻസ്ഫോറുകളും LT ലൈനുകളും ഇതുവരെ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഏകദേശം 15 കി.മി. LT 3ഫേസ് ലൈനുകളും 10 കീ. മീ. സിംഗിൾ ഫെയ്സ് ലൈനകളും ഇപ്പോൾ നിലവിലുണ്ട്. എങ്കിലും ഒട്ടേറെ റോഡുകളിൽ ഇനിയും ലൈനുകൾ എത്തിയിട്ടില്ല. ഒരുവർഷം ശരാശരി 5 പുതിയ റോഡുകളെങ്കിലും നിർമ്മിക്കുന്നുണ്ട്. വൈദ്യുതിയ്ക്കും കുടിവെള്ളത്തിനും വേണ്ടി കൂടിയാണ് റോഡുകൾ നിർമ്മിക്കുന്നത്. ഈ റോഡുകൾക്കിരുവശവും ഏകദേശം 25-ൽ കുറയാത്ത അപേക്ഷകർ വൈദ്യുതി കാത്തിരിക്കുന്നുണ്ട്. അഞ്ചുവർഷക്കാലം കൊണ്ട് 95% വീടുകളിലും വൈദ്യുതി എത്തിക്കുവാൻ പരമാവധി ശ്രമിക്കണം.

പുതിയ 11 കെ.വി. ലൈനുകളും പുതിയ ട്രാൻസ്ഫോർമറുകളും

വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് താഴെ പറയുന്ന സ്ഥലങ്ങളിൽ 11 കെ.വി. ലൈനുകൾ പുതുതായി നിർമ്മിക്കുകയും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

1. പ്രയാർ തെക്ക് ട്രാൻസ്ഫോർമറിൽ നിന്ന് വടക്കോട്ട് 400 മീ. ദൂരത്തിൽ 11 കെ.വി. ലൈൻ നീട്ടുകയും ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യുക.

2. കാവുംകടമുക്കിൽ നിന്നും 300 മീ. ദൂരത്തിൽ 11 കെ.വി. ലൈൻ നീട്ടുക. ഒതളത്തുംമുട്ടിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. മഞ്ഞാടിമുക്കിൽ നിന്നും 500 മീ. ദൂരത്തിൽ തെക്കോട്ട് ലൈൻ നീട്ടുകയും ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യുക.

4. കൂട്ടുംഗൽ ജംഗ്ഷനിൽ നിന്നും ഒരു കി.മീ. കിഴക്കോട്ട് ലൈൻ നീട്ടുക. കറുത്തേരിൽ ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

5. തോട്ടത്തിൽമുക്കിൽ നിന്നും കിഴക്കോട്ട് കെ.ജി. ജംഗ്ഷനിലേക്ക് 300 മീ. ദൂരത്തിൽ ലൈൻ നീട്ടുക, ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

6. തോട്ടത്തിൽമുക്കിൽ നിന്നും SVHS ജംഗ്ഷനിലേക്ക് 300 മീ. 11 കെ.വി. ലൈൻ നീട്ടി ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

7. പള്ളിക്കടവിൽ നിന്നും 400 മീ. ദൂരം തെക്കോട്ട് ശ്രാമ്പൂട്ടിൽകടവിലേക്ക് 11 കെ.വി. ലൈൻനീട്ടി ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

8. കാരേലിൽമുക്കിൽ നിന്നും പടിഞ്ഞാറോട്ട് 500 മീറ്ററും കിഴക്കോട്ട് ഒരു കി. മീറ്ററും ലൈൻ നീട്ടുകയും കിഴക്ക് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യുക.

9. കുറ്റിയിടത്തുമുക്കിൽ നിന്നും തെക്കോട്ട് 500 മീ. ദൂരത്തിൽ 11 കെ.വി. ലൈൻ നീട്ടുകയും ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യുക.

തുടങ്ങി 5.2 കി.മീ. 11 കെ.വി. ലൈനുകളും കൂടാതെ നിലവിലുള്ള ലൈനുകളിൽ തന്നെകുറ്റിയിടത്തുമുക്ക്, ആലുംപീടിക, മാവേലിസ്റ്റോർ ജംഗ്ഷൻ, പോക്കാട്ടുമണ്ണ്, കന്നിമേൽകടവ് എന്നിവിടങ്ങളിൽട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യണം. ഓരോ ട്രാൻസ്ഫോർമറിൽ നിന്നും 2 കി.മീ. ദൂരത്തിൽ 11 കെ.വി. ലൈൻ പുതിയതായി പിടുപ്പിച്ച് ക്ലാപ്പന ഫീഡറായി പഞ്ചായത്തിനു മാത്രമായി സപ്ലൈ കൊണ്ടുവരുക. ഇലക്ട്രോണിക് ചോക്കോടുകൂടിയ 100 പുതിയ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക. 200 ഓർഡിനറി ബൾബുകൾ സ്ഥാപിക്കുക. റോഡിലൂടെയുള്ള എല്ലാ SP ലൈനുകളും 3 ഫെയ്സ് ആക്കി മാറ്റുക. കായംകുളം താപനിലയത്തിന്റെ നിർമ്മാണം പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനത്തോട് ചേർന്ന് ഒരു 110കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനേപറ്റി ഗൗരവപൂർവ്വം ആലോചിക്കുക. ഇവയെല്ലാം മുൻഗണനാക്രമത്തിൽ 9-ാം പദ്ധതികലായളവിൽ പൂർത്തീകരിക്കുക.

കുടിൽ ജ്യോതിപദ്ധതിയുടെ പ്രയോജനം വിപുലപ്പെടുത്തുക. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വയറിംഗ് ചെയ്തുകൊടുക്കുന്നവർക്കും കോളനിനിവാസികൾക്കും ആദ്യപരിഗണന നല്കി കണക്ഷൻ നല്കുക. വസ്തുവിന് കുറുകേ ലൈൻ വലിക്കുന്നതിനുള്ള വിസ്സമ്മതം മൂലം കണക്ഷൻ ലഭിക്കാത്തവരുടെ കേസുകൾ ഒരു പ്രത്യേക സമിതി പരിശോധിക്കുകയും ജില്ലാകളക്ടറുടെ അനുമതി ലഭ്യമാക്കി കണക്ഷൻ നല്കുകയും ചെയ്യുക.

വൈദ്യുതി ഓഫീസിലെ നടപടി ക്രമങ്ങളിൽ ഇടനിലക്കാരെ ഒഴിവാക്കുക. ഓരോ അപേക്ഷയും നിശ്ചിതപ്രവർത്തിദിനങ്ങൾക്കുള്ളിൽ തീർപ്പുകല്പിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക. കൺസെന്റ് ആവശ്യമുള്ള കേസുകളിൽ വൈദ്യുതി ഓഫീസിൽ നിന്നും നോട്ടീസ് നല്കി കൺസന്റ് വാങ്ങുക., വൈദ്യുത സാമഗ്രികൾ ആവശ്യമില്ലാത്ത ഡെപ്പോസിറ്റുവർക്കുകൾക്ക് അനുമതി നല്കാനുള്ള അധികാരം അസിസ്റ്റന്റ് എൻജിനിയർമാരിൽ നിഷിപ്തമാക്കുക. പവർ അലോക്കേഷൻ 11 കെ.വി. ലൈനുകൾ ഒഴികെയുള്ള വയ്ക്ക് അനുമതി നല്കാനുള്ള അധികാരം A.E.മാർക്ക് നല്കുക. 200 മീറ്ററിൽ കൂടുതൽ ദൂരം വേണ്ടിവരുന്ന OTP കണക്ഷൻ പഞ്ചായത്തായി ചെയ്യുന്നതിനുള്ള (സൗജന്യം 200 മീറ്റർ നിലനിർത്തിക്കൊണ്ട്) അനുമതി നല്കുക. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക, വൈദ്യുതി മോഷണം നടത്തുന്ന ഉപഭോക്താക്കളിൽ നിന്നും അഞ്ചിരട്ടി പിഴ ഈടാക്കുക, വീടുകളിൽ സ്റ്റെപ്പ്-അപ്പുകളുടെ നിയന്ത്രണം കർശനമായി നിയന്ത്രിക്കുക മുതലായവ നടപ്പിലാക്കുന്നതിനായി അധികാരവികേന്ദ്രീകരണത്തിനായി സമ്മർദ്ദം ചെലുത്തുക.

സേവനരംഗം

ഓച്ചിറ മേജൻസെക്ഷനാഫീസിന്റെ പ്രവർത്തനത്തിൽ ഉപഭോക്താക്കൾ പൊതുവേ അസംതൃപ്തരാണ്. നിലവിലുള്ള നിയമങ്ങൾ ഉപഭോക്താക്കൾക്ക് അറിവില്ലാത്തതാണ് കാരണം. ഇടനിലക്കാരുടെ ഇടപെടൽ വേണ്ടിവരുന്നു. വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നല്കുമ്പോൾ തന്നെ ഉപഭോക്താവ് പാലിക്കേണ്ട നിയമങ്ങളും നിലവിലുള്ള നിയമാനുസൃതനപടിക്രമങ്ങളും അറിയിച്ചുകൊണ്ടുള്ള ഒരു ലഘുലേഖ അപേക്ഷകന് നല്കിയാൽ അഴിമതി കുറയ്ക്കുന്നതിനും ജീവനക്കാരും ഉപഭോക്താക്കളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും കഴിയും. സാമൂഹ്യപ്രവർത്തകരും പഞ്ചായത്ത് സമിതി അംഗങ്ങളും ട്രേഡ് യൂണിയൻ സംഘടനാപ്രതിനിധികളും അടങ്ങുന്ന ഒരു സമിതിക്ക് രൂപം കൊടുത്താൽ സെക്ഷനാഫീസ് പ്രവർത്തനം സുതാര്യവും ജനോപകാരപ്രദവും ആകുന്നതിന് സഹായകമാകും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിലേക്ക് വൈദ്യുതി ബോർഡ് ഏറ്റെടുക്കുന്ന വികസനസേനയുടെ സേവനം പ്രയോജനപ്പെടുത്തുവാൻ നാം സന്നദ്ധരാകണം.

ഇതര ഊർജ്ജസ്രോതസ്സുകളുടെ വിനിയോഗം.

വിറകിൽ നിന്ന് LPഗ്യാസിലേക്കും മണ്ണെണ്ണ സ്റ്റൗവിലേക്കും ഉള്ള ഉപഭോഗം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കരുനാഗപ്പള്ളിയിൽ ഉള്ള സർക്കാർ LPG ഔട്ട്ലെറ്റിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനും ഗ്യാസ് കണക്ഷൻ ലഭ്യമാക്കുന്നതിനും ഈ ഗ്രാമവാസികൾക്ക് അനുമതിയില്ല. ഓച്ചിറ, ക്ലാപ്പന, ആലപ്പാട് പഞ്ചായത്തുകൾ ഉൾപ്പെടുത്തി ഗ്യാസ് ഔട്ട്ലെറ്റ് ഈ പഞ്ചായത്തിലാരംഭിക്കണം. മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുവാൻ കഴിയണം. സോളാർ ലൈറ്റുകളുടെ ഉപയോഗത്തിന് കൂടുതൽ പ്രോത്സാഹനം നല്കണം. പുകയില്ലാത്ത അടുപ്പുകൾ കൂടുതൽ ഉപയോഗിക്കുന്നതിന് പ്രചരണം നല്കണം. ബയോഗ്യാസ് പ്ലാന്റുകൾ കൂടുതൽ സ്ഥാപിക്കുന്നതിന് പരിശീലനം അത്യാവശ്യമാണ്. പാഴ്മരങ്ങൾ കൂടുതൽ വച്ചുപിടുപ്പിച്ച് വിറകിന് ഇന്നുള്ള ദൗർലഭ്യം പരിഹരിക്കുവാൻ കഴിവതും ശ്രമിക്കേണ്ടതായിട്ടുണ്ട്.

❑❑❑

വനിത

"പിതാരക്ഷതി കൗമാരേ
ഭർത്രോരക്ഷതി യൗവ്വനേ
പുത്രോ രക്ഷതി വാർദ്ധക്യേ
ന സ്ത്രീ സ്വാതന്ത്ര്യമർഹതി...."

മനുസ്മൃതിയുടെ പഴഞ്ചൻ പ്രമാണങ്ങൾ പുതിയ തലമുറയ്ക്ക് വിചിത്രമായി അനുഭവപ്പെടാം. എങ്കിലും അങ്ങനെയും ഒരു കാലമുണ്ടായിരുന്നു. വീടിന്റെ നാല്ചുവരുകൾക്കുള്ളിൽ തളച്ചിട്ടിരുന്ന സ്ത്രീത്വം. പൊതുപ്രവർത്തനത്തിനെന്നല്ല വിദ്യാഭ്യാസത്തിനായി പ്പോലും വീടുവിട്ടുപുറത്തിറങ്ങിയാൽ അവഹേളനങ്ങൾ ഏൽക്കേണ്ടി വരുന്ന സ്ത്രീത്വം ചോദ്യം ചെയ്യാൻ അർഹതയില്ലാതെ അനുസരിക്കാൻ മാത്രം അവകാശമുള്ള സ്ത്രീത്വം. മാന്യമായ വസ്ത്രധാരണത്തിനുപോലും അനുവാദമില്ലാതെ, കുടുംബത്തിനായ് വെളിച്ചം പകർന്ന് എരിഞ്ഞുതീരാൻ മാത്രമുള്ള മെഴുകുതിരികളായി അവർ ജീവിച്ചിരുന്നു.

ക്ലാപ്പനയുടെ സ്ഥിതിയും മറിച്ചായിരുന്നില്ല. കാലം മാറി. സമൂഹത്തിന്റെ സ്ത്രീകളെ കുറിച്ചുള്ള, തെറ്റായ സങ്കല്പങ്ങൾ തിരുത്തിക്കുറിച്ചുകൊണ്ട് പലരും മുന്നോട്ടുവന്നു. തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിലൂടെ കേരളത്തിന്റെ ആദ്യത്തെ ഡെപ്യൂട്ടി സ്പീക്കറായിത്തീർന്ന ശ്രീമതി കെ.ഒ. ഐഷാഭായി, ഡെപ്യൂട്ടികളക്ടറായിരുന്ന ശ്രീമതി തുളസീഭായി, പ്രശസ്ത ആയുർവേദ ചികിത്സകയായിരുന്ന ശ്രീമതി കാളിക്കുട്ടി ആശാട്ടി, മണ്ണാറശാല അമ്മയായിരുന്ന തോട്ടത്തിൽ ശ്രീമതി സാവിത്രി അന്തർജനം, ആദ്യത്തെ റെയിൽവേസ്റ്റേഷൻ മിസ്ട്രസായ ശ്രീമതി പാർവ്വതി തുടങ്ങിയവർ വിവിധ തുറകളിൽ ക്ലാപ്പനയുടെ അഭിമാനമായിത്തീർന്നവരാണ്.

ക്ലാപ്പന പഞ്ചായത്തിലെ പ്രധാനപ്പെട്ട മിക്ക ഔദ്യോഗിക സ്ഥാനങ്ങളും സ്ത്രീകൾ വഹിക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാപഞ്ചായത്ത് മെമ്പർ, 2 ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ, അഞ്ച് സ്ക്കൂളുകളിലെയും പ്രധാന അദ്ധ്യാപകർ, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേയും ആയുർവേദ ആശുപത്രിയിലേയും ഡോക്ടർമാർ തുടങ്ങിയവർ ഈക്കൂട്ടത്തിൽ പെടുന്നു.

ഈ പഞ്ചായത്തിലെ സ്വകാര്യ- സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ ഭൂരിഭാഗവും സ്ത്രീകൾ തന്നെ.

മറ്റെല്ലാ പഞ്ചായത്തുകളിലെയും പോലെ ഇവിടെയും സ്ത്രീകളാണ് ജനസംഖ്യയിൽ മുന്നിൽ. 10,000 പുരുഷന്മാരുള്ളപ്പോൾ 11,000 സ്ത്രീകളാണുള്ളത്. സ്ത്രീ സാക്ഷരതയിൽ സംസ്ഥാന നിരക്കിനേക്കാൾ ഉയർന്നതാണ് നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി. എങ്കിലും പുരുഷസാക്ഷരതയെക്കാൾ താഴെയാണ് സ്ത്രീ സാക്ഷരത. ആരോഗ്യകാര്യത്തിലാണെങ്കിൽ സ്ത്രീകൾ പുരുഷന്മാർക്കൊപ്പം നില്ക്കുന്നു.

ക്ലാപ്പനയിലെ കാർഷിക മേഖലയിൽ അദ്ധ്വാനത്തിന്റെ ഒരു വലിയ വിഭാഗം നിർവഹിച്ചുപോന്നത് സ്ത്രീതൊഴിലാളികളായിരുന്നു. സാമൂഹികമായി അവരുടെ സ്ഥാനം കാർഷികോപകരണങ്ങൾക്ക് തുല്യായിരുന്നതിനാലും കൂലിനിരക്കിലെ വിവേചനം മൂലവും ഇന്ന് അവർ എണ്ണത്തിൽ ഗണ്യമായി കുറഞ്ഞിരിക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകളുടെ കൂലി	പുരുഷന്മാരുടെ കൂലി
കർഷകത്തൊഴിലാളി	40-50	100-110
കയർതൊഴിലാളി	40-45	80-100
നിർമ്മാണതൊഴിലാളി	70-80	100-120

തീരദേശഗ്രാമമായ ക്ലാപ്പനയിലെ പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ തൊഴിലാളികൾ സംഘടിതരാണെങ്കിലും അസംതൃപ്തരാണ്. കശുഅണ്ടി രംഗത്തെ വനിതാതൊഴിലാളികൾ തൊഴിൽ ദിവസങ്ങളുടെ കുറവുമൂലം ദുരതമനുഭിക്കുന്നവരാണ്. വനിതകൾക്ക് തൊഴിൽ ലഭിക്കുമായിരുന്ന കൈത്തറിമേഖലയിലെ ഒരു യൂണിറ്റുപോലും ക്ലാപ്പനയിൽ

പ്രവർത്തിക്കുന്നില്ല.

ബോധവത്കരണത്തിന്റെ അഭാവം മൂലം സ്ത്രീകൾ അവരുടെ മോചനത്തിനായുള്ള മാർഗ്ഗം തിരിച്ചറിയാതെ പോകുന്നു. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെകുറിച്ചുള്ള അറിവില്ലായ്മ മൂലം നേടിയെടുക്കാവുന്ന പുരോഗതിയും തടസ്സപ്പെട്ടുകിടക്കുന്നു. വനിതകൾക്കുള്ള സമഗ്രമായ ഒരു ബോധവത്കരണത്തിന്റെ അനിവാര്യത വളരെ പ്രാധാന്യത്തോടെ കാണുന്നു. ഉല്പന്നങ്ങളുടെ മികവും അളവും വർദ്ധിപ്പിക്കുന്നതിന് കൃഷിമേഖലയിലും കയർമേഖലയിലും ശാസ്ത്രീ രീതികളും ആധുനിക ഉപകരണങ്ങളും സ്ത്രീകളെ പഠിപ്പിക്കുകയും പശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1. തീരദേശപഞ്ചായത്തായ ക്ലാപ്പനയിൽ ഉണ്ടാകുന്ന പകർച്ചവ്യാധികൾക്കെതിരായ പ്രധിരോധനടപടികളിൽ പരിസര ശുദ്ധീകരണത്തിന് ഏറെ പ്രാധാന്യം നല്കുന്ന പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പക്കുക.

3, ഫീഡിംഗ് സെന്ററുകൾ എന്നഇന്നത്തെ അവസ്ഥയിൽ നിന്ന് അംഗൻവാടികളുടെ പ്രവർത്തനം വിപുലപ്പെടുത്തി ശാസ്ത്രീമായ പ്രീപ്രൈമറി വിദ്യാഭ്യാത്തിന്റെ നല്ല മാതൃകകളായി അംഗൻവാടികളെ മാറ്റുക.

3. കാർഷികോലപാദനത്തിന്റെ ക്രിയാത്മക ഘടകമായി സ്ത്രീകളെ മാറ്റിയെടുക്കുന്നതിന്, അടുക്കളത്തോട്ടങ്ങൾ, കൂട്ടായ ഉടമസ്ഥതയിൽ പച്ചക്കറിതോട്ടങ്ങൾ, ഇവ പഞ്ചായത്തിന്റെ മേൽനോട്ടത്തിലും കൃഷിഭവന്റെ നേതൃത്വത്തിലുമായി നിർമ്മിക്കുക.

4. കൃഷി സംരംഭങ്ങളിലേർപ്പെടുന്ന വ്യക്തികൾക്കും സഹകരണസംഘങ്ങൾക്കും ധനസഹായം നല്കുകയും ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള പഞ്ചായത്തുതല വിപണന കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക..

അഗ്രി-ഹോർട്ടികൾച്ചർ വികസന ഏജൻസികളുമായി ബന്ധപ്പെട്ട് പഞ്ചായ്ത്ത് തലത്തിലുള്ള പച്ചക്കറി സഹകരണസംഘങ്ങളുടെ ഒരു ഏകോപനസംഘം ജില്ലാതലത്തിൽ രൂപീകരിക്കുക. പച്ചക്കറികളുടെ വിപണനത്തിന് വിപുലമായ സാദ്ധ്യതകൾ ജില്ലാതല ആസൂത്രണത്തിൽ ഉണ്ടാക്കുക.

6. ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് കമ്പോസ്റ്റ് വളമുണ്ടാക്കുവാനും ജൈവ-രാസവളങ്ങൾ ശാസ്ത്രീയമായി ഉപയോഗിക്കുവാനുമുള്ള പരിശീലനം സ്ത്രീകൾക്കും നല്കുക.

7. മുട്ടക്കോഴി, ഇറച്ചിക്കോഴി, ആടുമാടുകളെ വളർത്തൽ എന്നീ രംഗങ്ങളിൽ സ്ത്രീകൾക്ക് ശാസ്ത്രീയമായ പരിശീലനവും ധനസഹായവും നല്കുക.

8. സ്ത്രീകൾക്ക് വമ്പിച്ച തൊഴിൽ സാദ്ധ്യതയുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക, തയ്യൽ, കരകൗശലതൊഴിലുകൾ, അച്ചാർ, പപ്പടം, കറിപ്പൊടി നിർമ്മാണം എന്നീ ചെറുകിട വ്യവസായങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായോത്തോടെ പരിശീലനം നേടിയിട്ടുള്ള സ്ത്രീകളുടെ നേതൃത്വത്തിൽ വാർഡുകൾ തോറും ആരംഭിക്കുക.

9. വികസനം മുകളിൽ നിന്നു തരുന്ന ഔദാര്യമോ സൗജന്യമോ അല്ലെന്നും നമ്മുടെ അവകാശവും ആവശ്യവുമാണെന്നും തിരിച്ചറിയുന്നതിന്, വികസനപ്രവർത്തനങ്ങളിൽ തങ്ങൾക്കുള്ള പങ്കിനെ കുറിച്ച് വാർഡുതലത്തിൽ സംഘടിപ്പിക്കുന്നകുടുംബയോഗങ്ങളിലൂടെ സ്ത്രീകളെ ബോധവത്കരിക്കുക.

10. ശാസ്ത്രീയമായ കൃഷിമുറകൾ വിശദീകരിക്കുന്നതിനും തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് പരിജ്ഞാനം നല്കുന്നതിനും, വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ച് അറിവു നല്കുന്നതിനുമായി വാർഡ് അടിസ്ഥാനത്തിൽ 6 മാസത്തിൽ ഒരിക്കൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക..

11. സ്ത്രീകളുടെ പുരോതി തടയുന്ന ഒട്ടേറെ അന്ധവിശ്വാസങ്ങളും പിന്തിരിപ്പൻ ചിന്താഗതികളും സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നുണ്ട്. അത്തരം ചിന്താഗതികൾക്കും സാമുദായിക ഉച്ചനീചത്വത്തിനും എതിരായ ബോധപൂർവ്വമായ പ്രചരണം, വായനാശാലകൾ, കുടുംബയോഗങ്ങൾ അംഗൻവടികൾ തുടങ്ങിയ വേദികളിലൂടെ സംഘചടിപ്പിക്കുക.

കേരളത്തിലെ സ്ത്രീകളിൽ ഇന്ന് ഉത്സാഹവും പ്രതീക്ഷയും ഉണ്ട്.സ്വയം പര്യാപ്തത ലക്ഷ്യമാക്കുന്ന ആത്മാഭിമാനമുള്ള ഒരുസ്ത്രീസമൂഹത്തിന്റെ നിർമ്മാണത്തിനും അതുവഴി പൊതുസാമൂഹിക പുരോഗതിക്കും വേണ്ടി പുതിയ അധികാര സാദ്ധ്യതകൾ വിനിയോഗിച്ച് നമുക്ക് മുന്നേറാം....

□□□

ഗതാഗതം

ഒരു പ്രദേശത്തിന്റെ വികസനത്തിന്റെ പ്രധാന കണ്ണിയാണ് ഗതാഗതം. ജനശക്തിയും സംഘബോധവും ഗ്രാമത്തെ സചേതനമാക്കുന്നു. ഗ്രാമത്തിന്റെ ഭാവിയിൽ ലക്ഷ്യബോധമുള്ള ജനത ഇവിടെ ജീവിച്ചിരുന്നു എന്നുള്ളതിന്റെ വ്യക്തമായ രേഖയാണ് ആദ്യമായി പഞ്ചായത്തിൽ തീർത്ത ആലുംപീടിക-ഓച്ചിറ റോഡ്. കായംകുളം തോട്ടിലൂടെ നടത്തിയിരുന്ന ജലഗതാഗതസൗകര്യങ്ങൾ ഗ്രാമത്തിന്റെ വളർച്ചയ്ക്ക് അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട ജനങ്ങൾ തങ്ങളുടെ ശക്തി ക്രിയാത്മകമായി വിനിയോഗിച്ച് ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ കാലാകാലങ്ങളിൽ പരിശ്രമം നടത്തി. ജനകീയആസൂത്രണത്തിന്റെ കാഹളം മുഴങ്ങുന്ന ഇന്നും അത് കൂടുതൽ ആവേശത്തോടെ ഏറ്റെടുക്കുവാൻ പരിണതപ്രജ്ഞരായി ക്ലാപ്പനയിലെ ജനങ്ങൾക്ക് കഴിയുന്നുണ്ട്.

ഓച്ചിറ പഞ്ചായത്തിന്റെ ഭാഗമായിരുന്ന ക്ലാപ്പന 1962-ൽ ക്ലാപ്പന പഞ്ചായത്തായി രൂപം പ്രാപിച്ചപ്പോൾ ഗതാഗതയോഗ്യമായി ഉണ്ടായിരുന്നത് ആലുംപീടികയും ഓച്ചിറയും ആയി ബന്ധിപ്പിക്കുന്ന 4 കിലോമീറ്റർ ദൂരം വരുന്ന റോഡും ചങ്ങൻകുളങ്ങര വള്ളിക്കാവ് 4 കിലോമീറ്റർ റോഡുമാണ്. അത് ടാർ ചെയ്തിരുന്നില്ല. അതിനുശേഷം ഇടയനാമ്പലം-വള്ളിക്കാവ്, ചങ്ങൻകുങ്ങര-തോട്ടത്തിൽമുക്ക്, വള്ളിക്കാവ്-ആലുംപീടിക, തോട്ടത്തിൽമുക്ക്-പള്ളിക്കടവ്, ആലുംപീടിക-പുതുപ്പള്ളി, വലേത്ത്മുക്ക്-വള്ളിക്കാവ്, തോട്ടത്തിൽമുക്ക്-വള്ളിക്കാവ് റോഡുകൾ നിർമ്മിച്ചു. ഇവ കൂടാതെ പഞ്ചായത്തിന്റെ ആഴമേറിയ നീരൊഴുക്കുതോടുകളും ഗതാഗതത്തിനുവേണ്ടി പ്രയോജനപ്പെടുത്തിയിരുന്നു. പഞ്ചായത്തിന്റെ ഓരോ വാർഡിലും തലങ്ങും വിലങ്ങും ധാരാളം റോഡുകൾ ഇപ്പോൾ നിലവിലുണ്ട്.

ഇവയൊന്നും ശരാശരി സഞ്ചാരയോഗ്യതയുള്ള റോഡുകൾ അല്ല. റോഡുകളും കലുങ്കുകളുമാണ് വികസനം എന്ന മിഥ്യാബോധവും നാടിന്റെ ആവശ്യവും കൂടികലർത്തി കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന നീരൊഴുക്കു തോടുകൾ മിക്കവയും റോഡുകളാക്കി മാറ്റിയിരിക്കുന്നു. പഞ്ചായത്തിൽ ആകെ 20.750 K.M. P.W.D. റോഡുണ്ട്. സ്ഥിരമായി Bus സർവ്വീസ് നടത്തുന്നത് 20.750 k.m. റോഡിലൂടെ മാത്രം. ഗ്രാവൽ ചെയ്തതും മെറ്റൽ ചെയ്തതും 97 k.m. റോഡാണ്. മണൽ ചെയ്ത റോഡുകൾ സഞ്ചാരയോഗ്യമല്ലാത്തവ 11 k.m. മീറ്റർ റോഡാണ്. പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയും ടാർ റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് ശരാശരി ഒരു സെന്റിമീറ്റർ ടാർ റോഡ് മാത്രമേ ഉള്ളു. പഞ്ചായത്തിലെവിടെയും അംഗീകൃത ബസ് സ്റ്റാന്റില്ല. ആട്ടോ, ടാക്സി ഇവകളുടെയും അംഗീകൃത സ്റ്റാന്റില്ല.

പഞ്ചായത്തിൽ നിലിവിലുള്ള ടാർ റോഡുകൾ, അവയുടെ നീളം, വീതി, യാത്രാസൗകര്യങ്ങൾ എന്നിവ കാണിക്കുന്ന ഒരുപട്ടിക.

റോഡുശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ പരമശോചനീയമാണ്. അറ്റകുറ്റ പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്കറോഡുകളും വെള്ളക്കെട്ടുകളായി മാറുന്നു. ചതുപ്പുനിലങ്ങളിലൂടെയും കായൽ നികത്തിയും പാടശേഖരങ്ങളിലൂടെയും കടന്നുപോകുന്ന റോഡുകൾ ഒന്നും സഞ്ചാരയോഗ്യമല്ല. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവം കാരണവും വേണ്ടത്ര അറ്റകുറ്റപണി നടത്താതിരിക്കുന്നതും റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമാണ്. വരുമാനക്കുറവും ഫണ്ടില്ലായ്മയും എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാകുന്നു.

റോഡുകൾ

1 a. ടാർ റോഡുകൾ:- നിലവിലുള്ളവ അപര്യാപ്തമാണ്. ഗുണനിലവാരമില്ലായ്മ, മികച്ച യാത്രാസൗകര്യത്തിന് ഉതകുന്ന തരത്തിൽ റോഡുകൾ മെച്ചപ്പെടുത്തണം. റോഡിന്റെ വീതിക്കുറവ്, വശങ്ങളിൽ നിന്നുള്ള കയ്യേറ്റം, പാർശ്വങ്ങളിൽ നടപ്പാതയില്ലായ്മ, അപകടകരമായ വളവുകൾ എന്നീ വിഷയങ്ങൾ പരിഗണിക്കപ്പെടണം.

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം	വീതി	യാത്രസൗകര്യം
1.	മണ്ണുത്തറമുട്-ഒതളത്തുംമുട്	പഞ്ചായത്ത്	800മീ.	6മീ.	
2.	എരമത്ത് മുക്ക്-വണല്ലൂർ കോളനി	പഞ്ചായത്ത്	400മീ.	6 മീ.	
3.	വാലേത്ത്മുക്ക്-വള്ളിക്കാവ്	പഞ്ചായത്ത്	1400മീ.	6 മീ.	
4.	ക്ലാപ്പന പള്ളിമുക്ക്-ചെറുത്തറ	പഞ്ചായത്ത്	750മീ.	6 മീ.	
5.	ഓച്ചിറ-ആയിരം തെങ്ങ്	PWD	5 k.m.	8മീ.	ബസ്
6.	ഇടയനാമ്പലം-വള്ളിക്കാവ്	PWD	3.5 k.m.	8മീ.	ബസ്
7.	ആലുംപീടിക- S.W.H.S.	PWD	2.5k.m.	8മീ.	ബസ്
8.	ചങ്ങൻകുളങ്ങര-പുള്ളിക്കടവ്	PWD	4k.m.	8മീ.	ബസ്
9.	ഇടയനാമ്പലം-മഞ്ഞാടിമുക്ക് വലിയതുറ	PWD	4.250 k.m	8 മീ.	ബസ്
10.	കൊട്ടക്കാട്മുക്ക് -പള്ളിമുക്ക് എച്ച്.എസ്സ്.	PWD	750 മീറ്റർ	8 മീ.	
11.	ആലുംപീടിക-പുതുപ്പള്ളി	PWD	750 മീ.	8മീ.	ബസ്

പഞ്ചായത്തിന്റെ മെറ്റൽ റോഡിന്റെ പട്ടിക

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം	വീതി
1.	കാരേലിമുക്ക് - കൂട്ടുങ്ങൽ മുക്ക്	പഞ്ചായത്ത് 2 k.m.	3 മീ.	
2.	പുത്തൻപുര മുക്ക്-പാലാകുളങ്ങര മുക്ക്	പഞ്ചായത്ത്	75- മീ.	5 മീ.
3.	കാംവുക്കടമുക്ക്-ആലുംമുക്ക്	പഞ്ചായത്ത്	800 മീ.	5 മീ.

b. പുതിയ റോഡുകൾ:- മിക്ക വാർഡുകളിൽ നിന്നും വിശേഷാൽ ഗ്രാമസഭയിൽ പുതിയ റോഡുകൾക്കുവേണ്ടി നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവ പരിഗണിക്കാവുന്നതാണ്. യാത്രാസൗകര്യം മെച്ചപ്പെടുത്താൻ അവയെല്ലാം സാധ്യതകളുടെ അടിസ്ഥാനത്തിൽ പരിഗണിയ്ക്കണം. മിക്ക ഇടവഴികളും റോഡുകളാക്കി മാറ്റാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

c. നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ:- ഗ്രാമസഭകളിൽ പ്രതിഷേധവും ശബ്ദമുഖരിതവുമായ ചർച്ച നടന്ന വിഭാഗമാണ് ഗതാഗതം. ഗ്രാവൽ റോഡുകളും മെറ്റൽ റോഡുകളും ജനങ്ങൾക്ക് ശാപമായിരിക്കുന്നു. പൊട്ടിപ്പൊളിഞ്ഞും കുണ്ടുംകുഴിയും താറുമാറായും കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപണി നടത്തുക എന്നത് പ്രധാനപരാതിയാണ്. മെറ്റൽ ചെയ്യാനും ടാർ ചെയ്യാനുമുള്ള നിർദ്ദേശങ്ങൾ നിരവധിയാണ്. അനുബന്ധത്തിൽ വിവരങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്.

പരിസ്ഥിതി പ്രശ്നം:-

റോഡുശൃംഖല വ്യാപിക്കുന്നത് നാടിന്റെ നാനാമുഖമായ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു. എങ്കിലും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. മരങ്ങൾ വളരെ അധികം നശിപ്പിക്കപ്പെട്ടു. പറമ്പുകൾക്കിടയിലുള്ള ഇടവഴികൾ വീതി കൂട്ടുമ്പോൾ അരികിലുള്ള നിരവധി മരങ്ങൾ മുറിച്ച്മാറ്റേണ്ടി വരുന്നു. മരങ്ങളുടെ ഈ നശീകരണത്തിന് ബദൽ സംവിധാനം ഏർപ്പെടുത്തുന്നില്ല.മാത്രമല്ല, ഉയർന്ന പറമ്പുകളിലെ മണ്ണ് സംരക്ഷിച്ചിരുന്ന ഈ വൃക്ഷങ്ങൾ ഇല്ലാതാകുന്നതോടുകൂടി മണ്ണൊലിപ്പും ഉണ്ടാകുന്നു.

സമതലങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും മൺറോഡുകളായി മാറിയ ഇടത്തോടുകൾ വർഷകാലത്ത് അധികമുള്ള വെള്ളം താഴ്ന്ന പ്രദേശങ്ങളിലേക്ക് ഒഴുകി പോകുന്നതിന് സഹായകമാകുന്നു. മൺറോഡുകളുടെ നിർമ്മാണം ഈ ഒഴുക്കിന് തടസ്സമായി. സ്വാഭാവികമായും ഇത്തരം റോഡുകളിൽ വെള്ളക്കെട്ടുണ്ടാകുന്നു. തടഞ്ഞുനിർത്തപ്പെടുന്

വെള്ളം മറ്റൊരുഭാഗത്ത് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പാടശേഖരങ്ങളിലൂടെ നിർമ്മിക്കുന്ന മൺറോഡുകൾ നിലങ്ങൾ നികത്തുന്നതിന് സൗകര്യമായി ഉപയോഗിക്കുന്നു. ഇതൊക്കെ റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാവുന്ന പുതിയ പരിസ്ഥിതി പ്രശ്നങ്ങളാണ്.

റോഡുഗതാഗതം

1. റോഡിന്റെ പാർശ്വങ്ങളിലുള്ള വീതിക്കുറവ് അപകടങ്ങൾക്ക് അവസരം ഒരുക്കുന്നു.

2. ടാർ ചെയ്ത റോഡിന്റെ വീതി വർദ്ധിപ്പിക്കുക. റോഡുകളുടെ അരികിൽ നടപ്പാത സൃഷ്ടിക്കുക, കയ്യേറ്റപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമികൾ ഒഴിപ്പിച്ച് എടുക്കുക, റോഡ് സൈഡിൽ സ്ഥിരസ്വഭാവമുള്ള നിർമ്മാണങ്ങൾ ഒഴിവാക്കുക.

3. റോഡിലെ ഗതാഗത്തിന് തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് ടെലഫോൺ പോസ്റ്റുകൾ എന്നിവ പരമാവധി പാർശ്വങ്ങളിലേക്ക് ഒതുക്കി സ്ഥാപിക്കുക.

4. പാടശേഖരങ്ങളുടെ നടുവിലൂടെ തീർത്തിട്ടുള്ള റോഡുകൾ എല്ലാം തികച്ചും തന്ത്രപ്രധാനമായവയാണ്. അവയെല്ലാം പ്രത്യേക പരിഗണന നല്കി സഞ്ചായരയോഗ്യമാക്കുകയും നീരൊഴുക്കു തടസ്സപ്പെടാതെ സൂക്ഷിക്കുകയും വേണം.

5. താലൂക്ക്-ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന സർവ്വീസുകൾ നന്നേകുറവാണ്. ഇത് പരിഹരിക്കാൻ കൂടുതൽ സർവ്വീസ് ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ പരിശ്രമം ഉണ്ടാകണം.

6. നമ്മുടെ പഞ്ചായത്തുമായി ബന്ധപ്പെട്ടുകിടക്കുന്ന ആയിരംതെങ്ങ് ഗവർമെന്റ് ഫിഷ്ഫാം ദേശീയടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം പിടിച്ച സ്ഥാപനമാണ്. അതുമായി ബന്ധപ്പെടുന്ന ഗതാഗതസൗകര്യം അപര്യാപ്തമാണ്. അത് സുഗമമാക്കണം. ബസ് സ്റ്റാന്റ് ആരംഭിക്കുന്നത് നല്ലതാണ്. പ്രകൃതി മനോഹരവും ആഴം കുറഞ്ഞ കായലുകളാൽ ചുറ്റപ്പെട്ടതും കായംകുളം പൊഴി-താപനിലയം ഇവയുമായി ബന്ധപ്പെട്ട ഈസ്ഥലം ടൂറിസ്റ്റ് കേന്ദ്രമാക്കാൻ പാകത്തിൽ മനോഹരവും സുരക്ഷിതവും ഉള്ളതാണ്. ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് പ്രദേശത്തിന്റെ വികസനം പ്ലാൻ ചെയ്യുകയും ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തുകയും വേണം. അതുവഴി സമഗ്രവികസനത്തിന് ഈ പ്രദേശത്തിന് സൗഭാഗ്യം തെളിയും. ഏറ്റവും കൂടുതൽ പ്രയോജനം നമ്മുടെ പഞ്ചായത്തിന് തന്മൂലം ഉണ്ടാകും.

7. കായൽ തീരങ്ങളുമായി ബന്ധപ്പെടുന്ന നിരവധി മൺറോഡുകൾ നമുക്കുണ്ട്. അവയെല്ലാം ഗതാഗതയോഗ്യമാക്കി ബസ് സർവ്വീസ് ആരംഭിക്കാൻ ശ്രമം ഉണ്ടാകണം.

8. അംഗീകൃത ടാക്സി-ഓട്ടോ സ്റ്റാൻഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ആലുംപീടികയിൽ ബസ് സ്റ്റാന്റും വെയിറ്റിംഗ്ഷെഡും നിർമ്മിക്കണം.

9. നമ്മുടെ പഞ്ചായത്ത് ആലപ്പാട് പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഏതെങ്കിലും ഭാഗത്ത് ഒരു പാലം സ്ഥാപിച്ചുകിട്ടാൻ ശ്രമിക്കണം.

10. ആലപ്പാട് പഞ്ചായത്തുമായി യോജിച്ച് ജലഗതാഗതത്തിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ശ്രമിക്കണം.

11. ആയിരംതെങ്ങ്-വള്ളിക്കാവു വഴി ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുക. ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളും P.H. സെന്ററുമായി പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ളവർക്ക് യാത്രാസൗകര്യം മെച്ചപ്പെടുത്താൻ ഇത് സഹായിക്കും. നിർദ്ദിഷ്ട I.R.E. സ്ഥാപനവുമായി ബന്ധപ്പെടാനും ഇത് സഹായിക്കും.

12. ഇപ്പോൾ കൊല്ലത്തുനിന്നും പാട്ടത്തിൽകടവുവരെസർവ്വീസ് നടത്തുന്ന K.S.R.T.C. ബസ്സുകൾ ആയിരംതെങ്ങ് വരെ ദീർഘിപ്പിക്കുന്നത് K.S.R.T.C. യ്ക്കും നാട്ടുകാർക്കും പ്രയോജനപ്രദമായിരിക്കും.

പഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ പട്ടിക.

ക്രമ നമ്പർ	റോഡിന്റെ പേര് W.I. (A)	സ്വഭാവം	നീളം	വീതി
1.	കൊട്ടക്കാട് മുക്ക്-ചാങ്കൂർതറ മുക്ക്	ഗ്രാവൽ	760 മീ.	6 മീ.
2.	കൊട്ടയ്ക്കാട് മുക്ക്-പാലാകുളങ്ങര മുക്ക്	ഗ്രാവൽ	770 മീ.	6 മീ.
3.	ആലുംതറമുക്ക്-മുലംങ്കുഴി മുക്ക്	ഗ്രാവൽ	840 മീ.	6 മീ.

4.	കൊച്ചുവീട്ടിൽ മുക്ക്-കവറാട്ട് മുക്ക്	ഗ്രാവൽ	730മീ.	45 മീ.
5.	നായിക്കത്തിൽമുക്ക്-പ്ലാവേലിൽ മുക്ക്	ഗ്രാവൽ	300മീ.	4 മീ.
6.	മാരൂർമുക്ക്-പീടികത്തറമുക്ക്	ഗ്രാവൽ	200മീ.	3.5മീ.
7.	പ്ലാവോലിൽതെക്കടത്ത് മുക്ക്-വല്ലത്ത് മുക്ക്	ഗ്രാവൽ	250 മീ.	4.5മീ
8.	പ്ലാവോലിൽതെക്കടത്ത്-കുറുവേലിൽമുക്ക്	ഗ്രാവൽ	200മീ.	4മീ.
	ആകെ		4050മീറ്റർ	
വാർഡ് II B				
ക്രമമ്പർ	റോഡിന്റെ പേര്	സ്വഭാവം	നീളം	വീതി
9.	കവറാട്ട്മുക്ക്-വാരേശ്ശേരി മുക്ക്	ഗ്രാവൽ	350 മീ.	
10.	കവാറാട്ട് മുക്ക്-വാണല്ലൂർ IHDP കോളനി	ഗ്രാവൽ	200മീ.	
11.	വാരേശ്ശേരി മുക്ക്-ആലിൻചുവട് മുക്ക്	ഗ്രാവൽ	1000 മീ.	
12.	ചള്ളൂർ മുക്ക്മാനാദിമുക്ക്	ഗ്രാവൽ	450 മീ.	
13.	ചള്ളൂർമുക്ക്-ചാലായിൽ മുക്ക്	ഗ്രാവൽ	180മീ.	
14.	കോയികുന്നത്ത് മുക്ക്-കറത്തറമുക്ക്	ഗ്രാവൽ	450മീ.	
15.	ചക്കാലിൽമുക്ക്-മണ്ണൂത്തറ മുക്ക്	ഗ്രാവൽ	600മീ.	
16.	എരമത്ത് മുക്ക്-പാലാകുളങ്ങര മുക്ക്	ഗ്രാവൽ	600മീ.	
17.	ചാലായിൽമുക്ക്-മണിച്ചേരിൽമുക്ക്	ഗ്രാവൽ	150മീ.	
18.	ചക്കാലിത്തറമുക്ക്-മണിച്ചേരിമുക്ക്	ഗ്രാവൽ	150 മീ.	
19.	മണ്ണൂത്തറമുക്ക്-ഒതളത്ത്മൂട്മുക്ക്	ടാർ	800മീ.	
20.	എരമത്ത് മുക്ക്-വാണല്ലൂർ IHDP കോളനി	ടാർ	400മീ.	
	ആകെ		5330 ഇഞ.	
വാർഡ് III C.				
21.	ആയിരംതെങ്ങ് സിനിബേക്കറി ജംഗ്ഷൻ-സന്തോഷ് ഭവൻജംഗ്ഷൻ	മണൽ	1000മീ.	
22.	കന്നേൽപുതുവൽ ജം.-ഫിഷ്ഫോം റോഡ്	ഗ്രാവൽ	1000മീ.	
23.	പട്ടശ്ശേരിജം.-സത്യാലയം കടവ്	ഗ്രാവൽ	1000മീ.	
24.	വട്ടക്കാട്ടുമണ്ണേൽ-മാധവമന്ദിരം	ഗ്രാവൽ	800മീ.	
25.	വട്ടക്കാട്ടുമണ്ണേൽ-സന്തോഷ്ഭവൻ	ഗ്രാവൽ	200മീ.	
26.	തലിക്കിളിത്തറ ജം.-താച്ചേമണ്ണേൽ കടവ്	ഗ്രാവൽ	500മീ.	
27.	ആലുംമൂട് ജം.-പണ്ടകശാല കടവ്	മെറ്റൽ	750 മീ.	
28.	പണ്ടകശാല കടവ്-കുന്നേൽകടവ്	ഗ്രാവൽ	300മീ.	
29.	മുണ്ടുതറ ജംഗ്.-കയർഫാക്ടറി റോഡ്	ഗ്രാവൽ	200മീ.	
30.	മുണ്ടുതറ ജംഗ്.-നെടുമ്പുറത്ത്	ഗ്രാവൽ	250മീ.	
31.	ആയിരംതെങ്ങ്പള്ളി-താച്ചേൽമണ്ണേൽ കടവ്	ഗ്രാവൽ	500മീ.	
	ആകെ		7500മീ	

വാർഡ് IV

ക്രമമ്പർ	റോഡിന്റെ പേര്	സ്വഭാവം	നീളം	വീതി
32.	പുളിക്കശ്ശേരി ജംഗ്-പടിഞ്ഞാറേമണ്ണേൽ	ഗ്രാവൽ	1010മീ.	3 മീ.
33.	മാടമ്പിശ്ശേരി ജംഗ്.-കൂനേത്ത് ജംഗ്	ഗ്രാവൽ	500മീ.	3.4മീ.
34.	വയലിത്തറ ജംഗ്-പടിഞ്ഞാറേമണ്ണേൽ കടവ്	ഗ്രാവൽ	650മീ.	3.5മീ.
35.	കല്ലശേരി ജംഗ്.-മാവിലിശ്ശേരികടവ്	ഗ്രാവൽ	415മീ.	3 മീ.
36.	ഒതളത്തുംമൂട് ജംഗ്-കല്ലേശ്ശേരി ജംഗ്	ഗ്രാവൽ	1200മീ.	3മീ.
37.	ഇളശ്ശേരി ജംഗ്-തോട്ടുതറ	ഗ്രാവൽ	1250മീ.	3 മീ.
38.	കാവുംകട ജംഗ്.-പാട്ടത്തിൽകടവ്	ഗ്രാവൽ	1000മീ.	3.5മീ.
39.	ചേന്നംകര ജംഗ്-വെളിയിൽ ജംഗ്	ഗ്രാവൽ	700മീ.	2.5മീ.
40.	തൈക്കാട്-കാവുംതറ	ഗ്രാവൽ	450മീ.	3മീ.
41.	പാട്ടത്തിൽകടവ്-പോക്കാട്ടുമണ്ണേൽകടവ്	ഗ്രാവൽ	1500മീ.	4മീ.
42.	കൃഷ്ണഭവനം-ധർമ്മാശ്ശേരി ജംഗ്	ഗ്രാവൽ	1700മീ.	3മീ.
43.	കുന്നീക്കളം-കുന്നിൽ മണ്ണ്	ഗ്രാവൽ	1800മീ.	2.5മീ.
44.	പുളിക്കമണ്ണേൽ-നാട്ടുതോട്	ഗ്രാവൽ	500മീ.	2.5മീ.
45.	പുളിക്കമണ്ണേൽ-കാവുംകട ജംഗ്	ഗ്രാവൽ	250മീ.	3 മീ.
46.	കൊച്ചാളത്ത് ജംഗ്-കൃഷ്ണഭവനം	ഗ്രാവൽ	500മീ.	2.5മീ.
47.	കുമ്പളത്ത് കാവ്-നാട്ട്തോട് റോഡ്	ഗ്രാവൽ	1000മീ.	2.5മീ.
	ആകെ		14425മീ.	

വാർഡ് VIII

ക്രമനമ്പർ	റോഡിന്റെ പേര്	സ്വഭാവം	നീളം	വീതി
1.	കാരേലിമുക്ക്-കൂട്ടുംഗൽമുക്ക്	മെറ്റൽ	2000മീ.	
2.	ചേണുതറമുക്ക്-സെന്റ് ജോസഫ്	ഗ്രാവൽ	600മീ.	
3.	സെന്റ് ജോസഫ്മുക്ക്-മാളിയേക്കൽ മുക്ക്	ഗ്രാവൽ	700മീ.	
4.	മാളിയേക്കൽമുക്ക്-ജയന്തി കോളനി	ഗ്രാവൽ	650മീ.	
5.	സൊസൈറ്റിമുക്ക്-നെടുങ്ങാട്ടുമുക്ക്	ഗ്രാവൽ	600മീ.	
6.	ചേണുതറമുക്ക്-മാലേൽമുക്ക്	ഗ്രാവൽ	500മീ.	
7.	റേഷൻകടമുക്ക്-വിദ്യാസദൻ	ഗ്രാവൽ	400മീ.	
8.	കരേലിൽമുക്ക്-പാലൂർമുക്ക്	ഗ്രാവൽ	300മീ.	

വാർഡ്

1.	കണ്ടത്തിൽതറമുക്ക്-ആലുംതറമുക്ക്	1135മീ	6 മീ.	
2.	വലിയതറമുക്ക്-കളീയ്ക്കാമുക്ക്	920മീ.	4 മീ.	
3.	പുത്തൻതറമുക്ക്-കൊപ്പാറമുക്ക്	680മീ.	31/2മീ.	
4.	ചെറുകാട്ടുമുക്ക്-മുളമൂട്ടിൽമുക്ക്	770മീ.	3മീ.	
5.	പീടികത്തറമുക്ക്-ഭരണിക്കാവിൽ മുക്ക്	180മീ.	4മീ.	
6.	തച്ചൻകാട്ടിൽമുക്ക്-വെളിയിൽകോളനി	470മീ.	4മീ.	

7.	വെളിയിൽകോളനി-അപ്പത്തുമുക്ക്	80മീ.	3മീ.	
8.	മുളമൂട്ടിൽമുക്ക്-നല്ലോട്ടിൽമുക്ക്	625മീ.	4മീ.	
9.	മാളിയേക്കൽമുക്ക്-കണ്ടത്തിൽതറയിൽമുക്ക്	440മീ.	3മീ.	
10.	വാലുപറമ്പിൽമുക്ക്-താഴത്തോട്	185മീ.	3മീ.	
11.	പുത്തൻപുരമുക്ക്-തുണ്ടത്തിൽമുക്ക്	320മീ.	3മീ.	

വാർഡ് X

ക്രമനമ്പർ	റോഡിന്റെ പേര്	സ്വഭാവം	നീളം	വീതി
1.	പഞ്ചായത്താഫീസ് മുക്ക്-വരവിള U.P.S.		375മീ.	31/2മീ.
2.	പ്ലാവളയിൽമുക്ക്-കരുമ്പോലിൽമുക്ക്		865മീ.	4മീ.
3.	കരുമ്പോലിൽമുക്ക്-കാരാത്തുമുക്ക്		445മീ.	31/3മീ.
4.	കരുമ്പോലിമുക്ക്-കൊട്ടയ്ക്കാട്ടുമുക്ക്		465മീ.	31/2മീ.
5.	ആലുംചുവട്മുക്ക്-കുറ്റിയ്ക്കാട്ടുമുക്ക്		430മീ.	4മീ.
6.	കുന്നേൽമുക്ക്-ആലുംചുവട് മുക്ക്		470മീ.	31/2മീ.
7.	പട്ടരുതറമുക്ക്-കളീയ്ക്കൽമുക്ക്		700മീ.	4മീ.
8.	ചെറുകരമുക്ക്-കളരിയ്ക്കത്തറമുക്ക്		266മീ.	3മീ.
9.	കരുമ്പോലിമുക്ക്-പാറപ്പള്ളിയിൽമുക്ക്		140മീ.	3മീ.
10.	കണ്ണമത്തുമുക്ക്-നിലയ്ക്കൽമുക്ക്		200മീ.	3മീ.
11.	മാവോലിൽമുക്ക്-തഴവയൽമുക്ക്		135.മീ.	31/2മീ.
12.	മീനത്തേരിൽമുക്ക്-കുറ്റിയ്ക്കാട്ടിൽമുക്ക്		160മീ.	3മീ.
13.	കൊല്ലന്റെവടക്കതിൽമുക്ക്-മീനത്തേരിൽമുക്ക്		320മീ.	31/2മീ.
14.	മീനത്തേരിൽമുക്ക്-ഈരിയ്ക്കൽമുക്ക്		195മീ.	31/2മീ.
15.	ആലുംതറമുക്ക്-ശേഖരമന്ദിരം		210മീ.	31/2മീ.
16.	തയ്യിൽമുക്ക്-ശേഖരമന്ദിരംമുക്ക്		165മീ.	31/2മീ.
17.	ആലുംതറമുക്ക്-വെളിയത്തുതറമുക്ക്		920മീ.	5മീ.
18.	ആലുംതറമുക്ക്-വലിയവീട്ടിൽമുക്ക്	മെറ്റൽ	100മീ.	5മീ.

വാർഡ് V

1.	കാവുംകടമുക്ക്-പുത്തൻപുരമുക്ക്	ഗ്രാവൽ	1200മീ.	5മീ.
2.	പാറാളിമുക്ക്-മുണ്ടോലിൽമുക്ക്	ഗ്രാവൽ	1500മീ.	5മീ.
3.	പാറാളിൽമുക്ക്-കോട്ടൂർമുക്ക്	ഗ്രാവൽ	500മീ.	5മീ.
4.	കാവുംകടമുക്ക്-കൊച്ചേത്തുമുക്ക്		1000മീ.	
5.	കാമ്പിശ്ശേരി കോളനി പഞ്ചായത്തുമുക്ക് വഴി ഒതളത്തുംമൂട്		1000മീ.	
6.	പാലാക്കുളങ്ങരമുക്ക്-പുത്തൻപുരമുക്ക് മെറ്റൽ+ ഗ്രാവൽ		2500മീ.	
7.	പള്ളിമുക്ക്-തലച്ചിറ കോളനി		1000മീ.	
8.	സൊസൈറ്റിമുക്ക്-മഠത്തിൽമുക്ക്		1000മീ.	
9.	ചേന്നങ്കരമുക്ക്-ചെറുവില്ലിൽ മുക്ക്		1000മീ.	
10.	പുത്തൻപുരമുക്ക്-അമരാവതി കോളനി		1000മീ.	

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ക്ലാപ്പന ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ ——ശതമാനം പട്ടികജാതിക്കാരാണ്. ഏകദേശം 340 പട്ടികജാതി കടുംബങ്ങളാണ് ഇവിടെയുള്ളത്. IDHP പദ്ധതി പ്രകാരം അംഗീകരിച്ചിട്ടുള്ള രണ്ടുഹരിജൻ കോളനികൾ ഉണ്ട്. ആകെ പട്ടികജാതി അംഗങ്ങൾ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹ്യമേഖലകളിൽ ചെറിയ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് ഒരു പുരോഗതിയും കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. പട്ടികജാതിക്കാരുടെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നല്കുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്.

വിദ്യാഭ്യാസം,.

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ചുരുക്കും ചില കുടുംബങ്ങളിൽ നിന്നും മാത്രമേ ഉന്നതവിദ്യാഭ്യാസത്തിനു വിദ്യാർത്ഥികൾ പോയിട്ടുള്ളു. S.S.L.C.യ്ക്ക് ശേഷം തുർന്ന് പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. കുടുംമ്പബാദ്ധ്യത ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം നിർത്തേണ്ടിവന്ന നിരവധി കുട്ടികൾ ഉണ്ട്. ഉപരിവിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ ഉടനേ മാറ്റേണ്ടതുണ്ട്.

പാട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും മരം കയറ്റതൊഴിലായി സ്വീകരിച്ച് കഴിഞ്ഞുവരുന്നവരാണ്. എന്നാൽ അടുത്തകാലത്തായി ഏറെപ്പേർ നിർമ്മാണമേഖലയിലേക്ക് തിരിഞ്ഞിട്ടുണ്ട്. സീസൺകാലയളവിൽ കാർഷികമേഖലയുമായി ബന്ധപ്പെട്ട് പലരും പ്രവർത്തിയെടുക്കുന്നുണ്ട്. കൂലിവേല ചെയ്തുമാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും അവയ്ക്കുവേണ്ടി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ ഭവന നിർമ്മാണത്തിനു സഹായകമായിട്ടുണ്ട്. പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറ്റക്കുടിലുകളിൽ നിന്നും മോചനമായിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. പട്ടികജാതിക്കാരിൽ പലരും വിവിധഏജൻസികളിൽ നിന്നും വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. ഭൂമിയുടെ രേഖ ബന്ധപ്പെട്ട ഓഫീസുകളിൽ അകപ്പെട്ടുപോയതിനാൽ മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലുമാണ്. വീടുനിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ കാലയളവിൽ തന്നെ പലകുട്ടികളും സ്ക്കൂളിൽ നിന്ന് കൊഴിഞ്ഞുപോകുന്നു.

2. കാർഷികമേഖലയിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. പലർക്കും വീടുവയ്ക്കാൻ സ്ഥലമില്ല. വീടുനിർമ്മിക്കാൻ നല്കുന്ന ധനസഹായം അപര്യാപ്തമായതുകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ പലർക്കും കഴിയുന്നില്ല. കിട്ടുന്ന സഹായം ചിലരെങ്കിലും ദുർവിനിയോഗം ചെയ്യുന്നുമുണ്ട്.

4. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത ഏറെയുണ്ട്. കുടിവെള്ളം ആവശ്യത്തിനു ലഭിക്കുന്നില്ല.

5. പൊതു സ്മശാനം ഇല്ല.

6. ആരോഗ്യസംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല.

7. നിർദ്ധനകുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനുംധനസഹായം ലഭിക്കുന്നില്ല.

8. സർക്കാരിന്റെ പല വികസനപദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

9. പട്ടികജാതി വികസനകോർപറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കു നല്കുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

10. പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് പലർക്കും വേണ്ടത്രയില്ല.

സാദ്ധ്യതകൾ

ക്ഷേമപദ്ധതികളെ കുറിച്ച് അറിവുണ്ടാക്കുന്നതിനാവശ്യമായ ബോധവത്കരണപരിപാടികൾ അത്യാവശ്യമാണ്. അർഹതപ്പെട്ടവർക്ക് ക്ഷേമപദ്ധതികളുടെ സഹായം ലഭ്യമാക്കുന്നതിന് അനുയോജ്യമായ രീതിയിൽ അവയുടെ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.

നിർദ്ദേശങ്ങൾ

1. പട്ടികജാതിയിൽപെട്ട പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിക്കുക. ഹരിജൻ വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും അവയ്ക്കു പരമാവധി സഹായങ്ങൾ നല്കുകയും ചെയ്യുക.

2. കുടിവെള്ളപ്രശ്നം പരിഹരിക്കുക

3. അഭ്യസ്തവിദ്യരായ പട്ടികജാതിയുവാക്കൾക്ക് സർക്കാർ ഏജൻസികൾ നല്കിവരുന്ന വായ്പകളും ധനസഹായങ്ങളും പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

4. പട്ടികജാതിയുവാക്കൾക്ക് വ്യാവസായിക പരിശീലനം നല്കുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പകൾ അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോയെന്നു പരിശോധിക്കുവാനും വായ്പ ദുർവിനിയോഗം ചെയ്യുന്നതു തടയുവാനുമുള്ള അധികാരം ഗ്രാംപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

5. വീടുനിർമ്മാണത്തിനുള്ള സാമ്പത്തികസഹായം വർദ്ധിപ്പിക്കുക. വീടുവയ്ക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം നല്കുക.

6. ലക്ഷംവീടുകോളനിയിലെ ഇരട്ടവീടുകൾ വിഭജിച്ചുമാറ്റുക

7. വീടുപുതുക്കിപണിയുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും പലിശരഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

8. പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പാക്കിവരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസപദ്ധതി പഞ്ചായത്തിൽ നടപ്പാക്കി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

9. നാല് സെന്റ് കോളനികളും മറ്റും വീട് പുതുക്കിപ്പണിയുന്നതിനും ഓടു മേയുന്നതിനും . ധനസഹായം അനുവദിക്കുക.

10. പൊതുസ്മശാനം നിർമ്മിക്കുക.

11. കടുംബബാദ്ധ്യത ഏറ്റെടുത്ത് പഠനം പൂർത്തിയാവാതെ വരുന്ന കുട്ടികളെ കണ്ടെത്തി-പഠനം തുടങ്ങുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുവാൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

13. S.S.L.C. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നല്കുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക.

മൃഗ സംരക്ഷണം

എല്ലാവീടുകളിലും വളർത്തുമൃഗങ്ങളോ വളർത്തുപക്ഷികളോ ഉണ്ടായിരുന്ന ഒരു ഭൂതകാലം നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു. ഇന്ന് ആ സ്ഥിതിക്ക് മാറ്റം വന്നു. എന്തിനും ഏതിനും വേഗത കൂടിയ ഇന്നത്തെ കാലഘട്ടത്തിൽ വളർത്തുമൃഗങ്ങളെ പരിചരിക്കാൻ ഒരല്പ സമയം നീക്കിവയ്ക്കാൻ ജനങ്ങൾക്കുകഴിയാതെയായി. കാർഷികരംഗത്തെ തളർച്ചയും മൃഗചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തതയും ജനങ്ങളുടെ അലസതയ്ക്ക് ആക്കംകൂട്ടി.

നാമമാത്രമെങ്കിലും പശു, ആട്, എരുമ എന്നിവയാണ് ഇവിടെയുള്ള പ്രധാന വളർത്തുമൃഗങ്ങൾ. കൊഴികളില്ലാത്ത ഒരു പുരയിടവും കാണാൻ കഴിയില്ല എന്ന കാലവും മാറി. കോഴിവസന്തയും മറ്റു രോഗങ്ങളും വ്യാപകമായതോടെ അവയെ വളർത്തുന്നതിലും ജനങ്ങളുടെ ശ്രദ്ധ കുറഞ്ഞു. പഞ്ചായത്തിലെ നീർക്കെട്ടുള്ള പ്രദേശങ്ങളിൽ ചില വീടുകളിലെങ്കിലും താറാവുകളെ വളർത്തിയിരുന്നു. വിളവെടുപ്പുകാലത്ത് അന്യപ്രദേശങ്ങളിൽ നിന്ന് താറാവുകളെ കൂട്ടമായി കൊണ്ടുവരുകയും സീസൺ കഴിയുന്നതോടെ അവയെ തിരികെ കൊണ്ടുപോവുകയും ചെയ്യാറുണ്ട്. ചില വീടുകളിൽ കൗതുകത്തിനായി മുയലുകളെ വളർത്തിവരുന്നു.

പശുക്കളിൽ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരസംബന്ധമായ രോഗങ്ങൾ എന്നിവയാണ്. രോഗപ്രതിരോധ നടപടികളെക്കുറിച്ചുള്ള കർഷകരുടെ അജ്ഞത കാരണം രോഗാരംഭത്തിൽ തന്നെ മൃഗങ്ങൾക്ക് പരിരക്ഷ ലഭിക്കാതെ അവ മരണപ്പെടുന്നതിനു കാരണമാകുന്നു. ഈ പഞ്ചായത്തിൽ ഒന്നാം വാർഡിൽ ഒരു മൃഗാശുപത്രിയും അഞ്ചാം വാർഡിൽ ഒരു ICDP സബ്സെന്ററും പ്രവർത്തിക്കുന്നുവെങ്കിലും പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും തങ്ങളുടെ മൃഗങ്ങൾക്കുള്ള ചികിത്സ ഉറപ്പുവരുത്താൻ ഇവ തികച്ചും അപര്യാപ്തമാണ്.

ചാണകത്തിൽ നിന്ന് പാചകവാതകം നിർമ്മിക്കുന്ന ഗോബർഗ്യാസ് പ്ലാന്റുകൾ ചില വീടുകളിൽ സ്ഥാപിച്ചിരുന്നുവെങ്കിലും പ്രവർത്തനക്ഷമമായ പ്ലാന്റുകൾ ഇന്ന് അധികമില്ല. കച്ചി, പച്ചപ്പുല്ല്, വിവിധ കാലിത്തീറ്റകൾ ഇവയുടെ ദൗർലഭ്യവും വിലക്കൂടുതലും കാലിവളർത്തൽ ആദായകരമല്ല എന്ന അനുഭവത്തിൽ ജനങ്ങളെ എത്തിച്ചിരിക്കുകയാണ്. മാത്രമല്ല പാലിന് മിതമായ വില കിട്ടാത്തതും ശ്രദ്ധേയമാണ്. പഞ്ചായത്തിന്റെ ചില കോണുകളിൽ മാത്രം ക്ഷീരോത്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നതിനാൽ എല്ലാ കർഷകർക്കും പാൽ അവിടെ എത്തിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. നെൽകൃഷി ലാഭകരമാക്കുന്നതിനുള്ള തീവ്രയത്നപരിപാടി നടപ്പാക്കിയാൽ അതിനു സമാന്തരമായി കാലിവളർത്തലും ലാഭകരമാക്കുവാൻ കഴിയും എന്നു നമുക്കു പ്രതീക്ഷിക്കാം.

നിർദ്ദേശങ്ങൾ

1. കന്നുകാലികളെ വളർത്തുന്നതിന് ഗ്രാമീണർക്ക് സഹായം നല്കുക.
2. മികച്ച കന്നുകാലി ജനുസ്സുകളുടെ വിതരണം സാദ്ധ്യമാക്കുക
3. കാലിത്തീറ്റ നിർമ്മാണ യൂണിറ്റും തീറ്റപ്പുൽകൃഷിയും ആരംഭിക്കുക.
4. ഓരോ വാർഡിലും ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുകയും അവയുടെ കൂട്ടായ്മയിലൂടെ ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുകയും ചെയ്യുക.
5. മൃഗാശുപത്രിയുടെ അനുബന്ധയൂണിറ്റുകൾ ഓരോ വാർഡുകളിലും ആരംഭിക്കുക.
6. ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനായി സാമ്പത്തികസഹായം നല്കുകയും ഈ പദ്ധതിയെകുറിച്ച് കർഷകരെ ബോധവത്കരിക്കുകയും ചെയ്യുക.
7. ഇറച്ചിക്കോഴിവളർത്തൽ കേന്ദ്രങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തികസഹായത്തോടെ ആരംഭിക്കുക.
8. പ്രത്യുൽപാദനനിരക്ക് കൂടുതലുള്ള മുയലുകളെ മാംസത്തിനായി വളർത്തുവാൻ പദ്ധതി തയ്യാറാക്കുക.
9. വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും പ്രതിരോധകുത്തിവയ്പുകൾ യഥാസമയം വാർഡ് അടിസ്ഥാനത്തിൽ നല്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാവുക.
10. വളർത്തുമൃഗങ്ങളേയും വളർത്തുപക്ഷികളേയും ശാസ്ത്രീയമായി പരിരക്ഷിക്കുന്നതിനാവശ്യമായ ബോധവത്കരണം സാമാന്യജനങ്ങൾക്ക് വഭ്യമാക്കുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദരിദ്രജനവിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പല പദ്ധതികളും നിലിവിലുണ്ടെങ്കിലും ഇതിന്റെ യഥാർത്ഥ അവകാശികൾക്ക് പൂർണ്ണമായും പ്രയോജനം ലഭിക്കാത്ത ഒരു അവസ്ഥ നിലനില്ക്കുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നിയന്ത്രണത്തിനുള്ളതും തൊഴിൽ മേഖലകളിലുള്ളതുമായ ക്ഷേമപദ്ധതികളാണ് പ്രധാനം. ഇതിനുപുറമേ പട്ടികജാതിയിൽപെട്ടവരുടേയും വനിതകളുടേയും വികസനം ലക്ഷ്യമാക്കിയുള്ള കോർപറേഷനുകളും ഇന്ന് നിലവിലുണ്ട്. വിദ്യാഭ്യാസ രംഗത്തും സാംസ്ക്കാരിക രംഗത്തും കൈവരിച്ച നേട്ടം ക്ലാപ്പന പഞ്ചായത്തിന്റെ സാമൂഹ്യക്ഷേമരംഗത്തും പ്രതിഫലിച്ചിട്ടുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായിട്ടുള്ള സഹായങ്ങളാണ് നാമമാത്രമായെങ്കിലും നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതയും പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും നിമിത്തം അർഹതപ്പെട്ട പലർക്കും സഹായം കിട്ടാതിരിക്കുകയും ചെയ്യുന്ന സ്ഥിതി ഇപ്പോൾ തന്നെയുണ്ട്. ഉദ്യോഗസ്ഥതലത്തിലുള്ള ബോധവത്കരണക്കുറവും സാങ്കേതികമായി നിലനിൽക്കുന്ന ഒട്ടനവധി വൈതരണികളും വ്യാപകമായ വിമർശനത്തിന് വഴിവെച്ചിട്ടുണ്ട്. കൃഷി, കയർ, മത്സ്യം, കെട്ടിടനിർമ്മാണം, തുടങ്ങിയ ഒട്ടനവധി മേഖലകളിൽ ക്ഷേമപദ്ധതികൾ ഉണ്ടെങ്കിലും അടുക്കും ചിട്ടയോടും കൂടി ഈ രംഗങ്ങളിൽ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഉദാഹരണമായി കയർമേഖലയിൽ ഭൂരിപക്ഷം തൊഴിലാളികളും പണിയെടുക്കുന്നത് മുതലാളിമാരുടെ കയറുപിരി കളങ്ങളിലാണ്. ഇവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമപദ്ധതികളിൽ ഗുരുതരമായ വീഴ്ച നിലനില്ക്കുന്നുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് സത്യമായി നിലനില്ക്കുന്നു. വനിതകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വനിതാവികസന കോർപറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ നാളിതുവരെയും നേർഅവകാശികൾക്ക് ലഭിച്ചിരുന്നില്ല എന്നത് വിമർശനപരമായി വിലയിരുത്തുകയാണ്.

സാമൂഹ്യക്ഷേമരംഗത്ത് ഈ പഞ്ചായത്തിലെ സാധാരണ ജനഭങ്ങൾക്ക് സഹായം ലഭ്യമായിക്കൊണ്ടിരിക്കുന്നത് ഓച്ചിറ ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസിന് താഴെയുള്ള വില്ലേജ് സർക്കിളുകൾ വഴിയാണ്.

ദാരിദ്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1396 ആണെന്നു കണ്ടെത്തുകയുണ്ടായി. ദാരിദ്യരേഖയുടെ പരിധി ഉയർത്തണം എന്ന്അഭിപ്രായമാണ് പൊതുവിലുള്ളത്. സാധാരണ ജനങ്ങൾക്ക് വായ്പകൾ വിതരണം ചെയ്യുന്ന കാര്യത്തിൽ ദേശസാൽകൃത ബാങ്കുകൾ കാട്ടുന്ന അലംഭാവം ഗ്രാമീണ ജനങ്ങളിൽ വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. ഇതിനു പരിഹാരം എന്ന നിലയിൽ സഹകരണമേഖലയ്ക്ക് കൂടുതൽ ഫണ്ടുനല്കിക്കൊണ്ട് ഈ രംഗത്ത് ഇടപെടുവാൻ അവസരമൊരുക്കണം.

സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി കൂട്ടായി പ്രവർത്തിക്കുന്ന DWCRA പോലുള്ള സംരംഭങ്ങൾ

പട്ടിക 1

ആകെ കുടുംബാംഗങ്ങൾ	ദാരിദ്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ	IRDP സഹായം ലഭിച്ചവർ	ധനസഹായം ലഭിച്ചവർ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലായവർ
4955	1396	205	35	76

ഇവിടെയില്ല. എന്നാൽ കച്ചിപ്പടത്തിന്റെയും മറ്റു കര കൗശലപണികളുടെയും ചില യൂണിറ്റുകൾ ക്ഷേമപദ്ധതികളുടെ പിൻബലമില്ലാതെ പ്രവർത്തിക്കുന്നുണ്ട്. യുവതീയുവാക്കൾക്ക് തൊഴിൽപരിശീലനം നല്കുന്ന ട്രൈസം പദ്ധതികളുടെ ഭാഗമായി പലർക്കും പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിലും അതുമുതൽക്കൂട്ടാക്കി മാറ്റിയവരുടെ എണ്ണം പരിമിതമാണ്.

ഗൗരവപൂർവ്വം ഏറ്റെടുത്തുകൊണ്ട് ഇവർ നാടിനൊപ്പം നീങ്ങുകയാണ്. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ലക്ഷ്യമെങ്കിലും പൂർണ്ണത കൈവരിക്കുവാൻ ICDS ന് ഇനിയും കഴിഞ്ഞിട്ടില്ല. സ്വന്തമായി കെട്ടിടമില്ലാത്തതും പ്രാഥമിക സൗകര്യത്തിന്റെ പോരായ്മകളും രക്ഷിതാക്കളിലും കുട്ടിക

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

പരിശീലനം ലഭിച്ചവർ	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
53	17	5	31

അംഗനാവാടികൾ

തൊഴിലാളികളും ഇടത്തരക്കാരും തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ സാമൂഹ്യരംഗത്ത് എടുത്തുപറയത്തക്ക സ്ഥാനമാണ് അംഗനവാടികൾക്കുള്ളത്. പഞ്ചായത്തിലെ 10 വാർഡുകളിലായി 19 അംഗനവാടികൾ പ്രവർത്തിക്കുന്നു. വരേണ്യവൽക്കരിക്കപ്പെട്ടിരിക്കുന്ന വിദ്യഭ്യാസ മേഖലയിൽ ഗ്രാമീണ ജനതയുടെ പ്രതീക്ഷയായി അംഗനവാടികൾ മാറിയിട്ടുണ്ട്. ജീവിതസൂചികയ്ക്കനുസരിച്ചുള്ള വേതനം ഇനിയും ലഭിയ്ക്കാത്ത ഒരു വിഭാഗമായി ഇവിടുത്തെ ജീവനക്കാർ നില്ക്കുമ്പോഴും ഉത്തരവാദിത്വങ്ങൾ

ളിലും ജീവനക്കാരിലും അസന്തുഷ്ടിയും പ്രയാസവുമുണ്ടാക്കുന്നു. രാവിലെ 9 മണി മുതൽ 3.30 വരെയാണ് അംഗനവാടികളുടെ പ്രവർത്തനസമയം. ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ തുച്ഛമായ വേതനം പറ്റിക്കൊണ്ട് സാമൂഹ്യരംഗത്ത് മാതൃകാപരമായ പ്രവർത്തനമാണ് അംഗനവാടി ജീവനക്കാർ നടത്തുന്നത്.

നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തികഏജൻസികളിൽ നിന്ന് സഹായധനം സ്വീകരിച്ചോ JRY ഫണ്ടുപയോഗിച്ചോ അംഗനവാടികൾക്ക് കെട്ടിടമുണ്ടാക്കുകയും അറ്റകുറ്റ

വീടുനിർമ്മിക്കാൻ ധനസഹായം ആവശ്യമുള്ള കുടുംബങ്ങൾ	അനുവദിച്ച വീടുകൾ		പൂർത്തീകരിച്ച വീടുകൾ	ഇനിയും പൂർത്തിയാക്കുവാനുള്ളവ
	പഞ്ചായത്ത്	ബ്ലോക്ക് ആഫീസ്		
1472	21	34	29	26

സാനിട്ടറി കക്കൂസ് ഇല്ലാത്ത വീടുകൾ	92-ന് ശേഷം അനുവദിച്ചവ	പൂർത്തീകരിച്ചവ	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങൾ
1736	240	238	1490

പണികൾ നടത്തുകയും വേണം. പുറമ്പോക്കുഭൂമി ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

2. DWCRA യൂണിറ്റുകൾക്ക് നല്കുന്ന ഫണ്ടിന്റെ നിശ്ചിതശതമാനം ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ വാങ്ങുക

3. അംഗനവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിനുനല്കുന്ന സംഖ്യയുടെ പരിധിവർദ്ധിപ്പിക്കുക

4. അംഗനവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുയും സേവനവേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

5. ഈ രംഗത്തെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക

6. അംഗനവാടികളുടെ ശുചിത്വം ഉറപ്പാക്കുക.

പെൻഷൻ പദ്ധതികൾ

കയർ, കൃഷി, മത്സ്യം, വിധവ, വികാലാംഗ, കശുഅണ്ടി മേഖലകളിൽ അനേകം പേർക്ക് പെൻഷൻ ലഭിയ്ക്കുന്നുണ്ട്. എന്നാൽ കൃത്യമായി പെൻഷൻ വിതരണം നടത്തുന്നതിൽ വീഴ്ച പറ്റുന്നുണ്ട്. എങ്കിലും സാമൂഹ്യക്ഷേമ നടപടി എന്ന നിലയിൽ നിരവധി പാവങ്ങൾക്ക് ഇതൊരു സഹായമായി വർത്തിക്കുന്നു.

ക്ഷേമപദ്ധതികൾ

മുകളിൽ പറഞ്ഞ മേഖലകളിലൊക്കെ ക്ഷേമപദ്ധതികൾ നിലവിലുണ്ട്. സ്വകാര്യമേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികളുടെ ഗുണം പൂർണ്ണമായി ലഭിയ്ക്കാത്ത സാഹചര്യം നിലനില്ക്കുന്നു. സാമൂഹ്യക്ഷേമരംഗത്ത് റവന്യൂവകുപ്പ് പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായവും നല്കിവരുന്നു. അർഹരായ മുഴുവൻപേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും ഈ ക്ഷേമപദ്ധതികളെപറ്റിയുള്ള വിലയിരുത്തലിൽ തെളിഞ്ഞുകാണുന്നു.

പൊതുവിതരണകേന്ദ്രം

ക്ലാപ്പന പഞ്ചായത്തിൽ ——— റേഷൻ കടകൾ പ്രവർത്തിക്കുന്നു. ആകെ ——— റേഷൻ കാർഡുകളുണ്ട്. പൊതുവിതരണരംഗത്ത് ഒരു മാവേലിസ്റ്റോർ ആലംപീടികയിൽ പ്രവർത്തിക്കുന്നു. ക്ലാപ്പന സർവ്വീസ് സഹകരണബാങ്കിന്റെ നിയന്ത്രണത്തിലുള്ള ന്യായവില ഷോപ്പിന്റെ പ്രവർത്തനം ഭാഗികമാണ്. കുറച്ചുനാൾ മുമ്പുവരെ മാവേലിസ്റ്റോറിന്റെ പ്രവർത്തനത്തിൽ നിരവധി വീഴ്ചകൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചുകൊണ്ട് സാധാരണ ജനങ്ങളുടെ ജീവിതഭാരം കുറയ്ക്കുന്നതിനുള്ള പരശ്രമങ്ങൾ നടത്തിവരുന്നു. ക്ലാപ്പന സർവ്വീസ് സഹകരണബാങ്ക് ഓണച്ചന്തകൾ വഴി നടത്തുന്നപ്രവർത്തനം എടുത്തുപറയത്തക്കതാണ്. ഒരു വനിതാകൺസ്യൂമർ സൊസൈറ്റി നിലവിലുണ്ടെങ്കിലും പ്രവർത്തനരംഗത്തേക്ക് ഉയർന്നുവരാൻ ഇനിയും കഴിഞ്ഞിട്ടില്ല.

റേഷൻകടകൾ

റേഷൻകടകളുടെ പൂർണ്ണമായ നിയന്ത്രണാധികാരം പഞ്ചായത്തിനുനല്കി ഈ മേഖലയിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണണം. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തുതലത്തിൽ സ്വീകരിക്കാൻ നടപടിയുണ്ടാകണം. ഇതോടൊപ്പം റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും ശ്രദ്ധിക്കണം.

പരിഹാരങ്ങൾ

1. അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. എല്ലാ പെൻഷനുകളും തപാൽമാർഗ്ഗമാക്കുക.

3. അനർഹർക്ക് പെൻഷൻ ലഭിയ്ക്കുന്നത് ഒഴിവാക്കാൻ പഞ്ചായത്തുതലത്തിൽ സംവിധാനമുണ്ടാക്കുക.

4. എല്ലാ പെൻഷനുകളും അതതുമാസത്തിൽ തന്നെ നല്കുക.

5. വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം നല്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.

6. ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന മുഴുവൻ പേരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7. ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

❄❄❄

സഹകരണം

സഹകരണ പ്രസ്ഥാനത്തിന് മാനവരാശിയോളം തന്നെ പഴക്കമുണ്ട് പരസ്പര സഹായത്തിലൂടെയുള്ള സ്വാശ്രയത്വം എന്നതാണ് സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാനതത്വം. നിയമാധിഷ്ഠിതമായ ഒരു സംഘടിത പ്രസ്ഥാനം എന്ന നിലയിൽ ഒട്ടേറെ സഹകര സംരംഭങ്ങൾക്ക് നേതൃത്വം കൊടുത്ത ആളായിരുന്നു റോബർട്ട് ഓവൻ. അതിനാൽ അദ്ദേഹം സഹകരണ പ്രസ്ഥാനത്തിന്റെ പിതാവ് എന്നു വിശേഷിക്കപ്പെടുന്നു. റോബർട്ട് ഓവന്റെ ആശയങ്ങളെ പ്രാവർത്തികമാക്കിയ വ്യക്തിയാണ് ഷൂൾസ്. കാർഷിക-വ്യാവസായിക-വായ്പാ മേഖലകളെ ലക്ഷ്യമാക്കികൊണ്ടുള്ള സംഘങ്ങളുടെ പ്രവർത്തനമായിരുന്നു ഇവരുടെ നേട്ടം.

1904-ലാണ് ഔദ്യോഗികമായി സഹകരണപ്രസ്ഥാനം ഇന്ത്യയിൽ ആരംഭിച്ചത്. തൊഴിൽ, വിദ്യാഭ്യാസം, വ്യവസായം, ബാങ്കിംഗ്, കൃഷി, ചികിത്സാരംഗം തുടങ്ങി എല്ലാ മേഖലകളിലും ഇന്ന് സഹകരണപ്രസ്ഥാനം വേരൂന്നിക്കഴിഞ്ഞു. 1909-ൽ മലബാറിൽ കേരളത്തിലെ ആദ്യത്തെ സഹകരണസംഘം രജിസ്റ്റർ ചെയ്തു. 1916-ൽ തിരുവിതാംകൂറിൽ നിലവിൽ വന്ന സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കാണ് തിരുവിതാംകൂറിലെ ആദ്യത്തെ സഹകരണ സംഘം. ഈ സംഘമാണ് 1956-നു ശേഷം കേരളസംസ്ഥാന സഹകരണ ബാങ്കായി തീർന്നത്. നമ്മുടെ പ്രദേശത്ത് സഹകരണപ്രസ്ഥാനത്തിന്റെ പ്രവർത്തനം ആദ്യമായി ആരംഭിച്ചത് കൊല്ലവർഷം 1097-ലാണ്. കൃഷിക്കാരെയും മറ്റാളുകളെയും ഹുണ്ടികക്കാരുടെ കരാളഹസ്തങ്ങളിൽ നിന്ന് രക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് അന്നത്തെ പൊതുപ്രവർത്തകരായ സർവ്വശ്രീ പെരുമ്പാതുരുത്തിൽ ജെ.ടി. ഫെർണാണ്ടസ്, കണ്ണങ്കര മുകുന്ദൻപിള്ള, കുതിരപ്പാട്ടുതറ നാണുപിള്ള, കാതരുകുഞ്ഞ് ഞാറയ്ക്കാട്ട്, പരിശ്ശേരിൽ കേശവപണിക്കർ, പാറയ്ക്കാട്ട് ശേരിൽ കുഞ്ഞുകുഞ്ഞ്, അച്ചുതൻനായർ, തച്ചിരേത്ത് ജോർജ്ജ് ക്രൂസ് തുടങ്ങിയവർ ഈ പ്രസ്ഥാനത്തിന് ബീജാവാപം നടത്താൻ തയ്യാറായത്. തുടർച്ചയായ ഏതാനും വർഷങ്ങളിലെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി 1089-ലെ 10-ാം നമ്പർ റഗുലേഷൻ പ്രകാരം 29-11-1100-ൽ 867-ാം നമ്പർ പരസ്പര സഹായസഹകരണ സംഘം രജിസ്റ്റർ ചെയ്തു. പെരുമ്പാതുരുത്തിൽ ശ്രീ ജെ.ടി. ഫെർണാണ്ടസ് ആയിരുന്നു ഈ സംഘത്തിന്റെ പ്രഥമ പ്രസിഡന്റ്. ബോർഡ് മെമ്പർ കൂടിയായ ശ്രീ കണ്ണങ്കര മുകുന്ദൻപിള്ള പ്രഥമ സെക്രട്ടറിയും. ഇന്ന് എസ്.വി. ഹൈസ്ക്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു അന്ന് സംഘം പ്രവർത്തിച്ചിരുന്നത്. ശ്രീ. ജെ.ടി. ഫെർണാണ്ടസിനു ശേഷം സർവ്വശ്രീ എം. കാതരുകുഞ്ഞ്, അച്ചുതൻനായർ, ജോർജ് ക്രൂസ്, കെ. നാരായണപണിക്കർ, എം. മാധവപ്പണിയ്ക്കർ, ആർ. കുഞ്ഞൻ, ആർ. ഗോപാലൻനായർ, അബ്ദുൾ റഹ്മാൻ കുഞ്ഞ്, വി. കുട്ടപ്പൻ, കെ.എസ്. കിട്ടു നാണു, ചന്ദ്രശേഖരൻപിള്ള, വിൻസന്റ് ക്രൂസ്, ഫ്രാൻസിസ് റൊഡ്രിഗ്സ്, കെ.ഒ. അബ്ദുൾ ഖാദർ എന്നിവരാണ് ഇതിന്റെ പ്രസിഡന്റുമാരായി പ്രവർത്തിച്ചിട്ടുള്ളത്. ഇപ്പോൾ മഠത്തിൽ ശ്രീ. എം. നുറുദ്ദീൻകുഞ്ഞ് പ്രസിഡന്റായി പ്രവർത്തിക്കുന്നു. 1961-ൽ ഇത് സർവ്വീസ് സഹകരണസംഘമായി മാറുകയും 1971-ൽ ക്ലാപ്പന സർവ്വീസ് സഹകരണ ബാങ്ക് 867 എന്ന പേരിൽ പ്രവർത്തനം തുടരുകയും ചെയ്യുന്നു. 1961-ൽ എസ്.വി. ഹൈസ്ക്കൂൾ പ്രവർത്തിച്ചിരുന്ന സ്ഥലത്തുനിന്നും ഈ സ്ഥാപനം ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു.

പ്രശ്നങ്ങൾ

അംഗങ്ങൾക്ക് വായ്പ നല്കുന്നതിന് ഇന്നും ഈ ബാങ്ക് ജില്ലാലഹകരണ ബാങ്കിനെ ആശ്രയിക്കുകയാണ്. ഗോൾഡ് ലോൺ, ഹയർപർച്ചേസ് ലോൺ, കെട്ടിടനിർമ്മാണ വായ്പ എന്നിവ ഈ സംഘത്തിൽ നിന്ന് ഗുണഭോക്താക്കൾക്ക് നല്കുവാൻ കഴിയുന്നില്ല. ഇന്ന് സംഘം പ്രവർത്തിക്കുന്ന കെട്ടിടം ചോർന്ന് ഒലിയ്ക്കുന്നതാണ്. വളംഡിപ്പോയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

പട്ടിക ഒന്ന്

പ്രവർത്തനപരിധി	ആകെ അംഗങ്ങൾ	ഓഹരി വില	അംഗീകൃത മൂലധനം	പിരിഞ്ഞ് കിട്ടിയ ഓഹരിമൂലധനം	സർക്കാർ ഓഹരി	പരമാവധി കടം എടുക്കാവുന്ന തുക
ക്ലാപ്പന ഗ്രാമ പഞ്ചായത്ത്	9878	10 രൂപ	11 Lakh	704600	500	50 Lakh

പട്ടിക രണ്ട്

വർഷം	സ്ഥിരനിക്ഷേപം	താൽക്കാലിക നിക്ഷേപം	കാർഷികവായ്പ	കാർഷികേതര വായ്പ
91-92	157000	377000	954300	535100
92-93	389400	236000	1207852	844000
93-94	667004	744300	1390172	970600
94-95	949000	689420	1656374	869000
95-96	1006000	1073000	1780395	1550000

കയർവ്യവസായ സഹകരണസംഘം

ഈ പഞ്ചായത്തിൽ അഞ്ച് കയർവ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ ഏറ്റവും പഴക്കം ചെന്നത് ക്ലാപ്പന പഞ്ചായത്ത് ആസ്ഥാനമായിട്ടുള്ളതും കരുനാഗപ്പള്ളി താലൂക്ക് പ്രവർത്തന മേഖലയായിട്ടുള്ളതുമായ കരുനാഗപ്പള്ളി കയർവ്യവസായ സഹകരണസംഘം 3067 ആണ്. ഈ സംഘം പ്രവർത്തനം ആരംഭിച്ചത് 1951–ലാണ്. പഞ്ചായത്തിൽ രണ്ടാമത് പ്രവർത്തനം ആരംഭിച്ച കയർവ്യവസായ സഹകരണസംഘം ക്ലാപ്പന വടക്ക് കയർ സഹകരണസംഘം Q431 (പാട്ടത്തിൽകടവ്) ആണ്. ഇതിന്റെ, പ്രവർത്തനപരിധി ക്ലാപ്പന വടക്ക്, പെരിനാട്, പെരുമാന്തഴ, വരവിള എന്നീ വാർഡുകളിലാണ്. ഇതിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ വാലേൽ മജീദ്കുഞ്ഞ് ആയിരുന്നു. പ്രയാർ തെക്ക് CVCS Q 547, 1976- ലാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. കോതേരിതറയിൽ വിദ്യാധരൻ ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്. ക്ലാപ്പന വില്ലേജിലെ പ്രയാർ തെക്ക്, ഓച്ചിറ വില്ലേജിലെ പായിക്കുഴി, വലിയകുളങ്ങര എന്നീ കരകളാണ് ഇതിന്റെ പ്രവർത്തനമേഖല. പള്ളിക്കടവ് കയർവ്യവസായ സംഘത്തിന്റെ പ്രവർത്തനമേഖല പെരിനാട്, വരവിള, ക്ലാപ്പന വടക്ക് എന്നീ കരകളാണ്.

പ്രശ്നങ്ങൾ

ഈ സംഘങ്ങളിൽ പ്രയാർതെക്ക് Q 547 (പ്രയാർ തെക്ക് മൂന്നാംവാർഡിൽ പ്രവർത്തിക്കുന്ന സംഘം) ക്ലാപ്പന വടക്ക് Q431 എന്നീ സംഘങ്ങൾക്ക് കയർവ്യവസായ ഡിപ്പാർട്ടുമെന്റിൽ നിന്നും 19 ലക്ഷം രൂപാവീതം അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് സ്ഥലം വാങ്ങുകയും കെട്ടിടം നിർമ്മിക്കുകയും യന്ത്രവത്കൃത റാട്ടുകൾ വാങ്ങുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. മൂന്ന് സംഘങ്ങളിലും കെട്ടിടനിർമ്മാണം ത്വരിതഗതിയിൽ നടന്നുവരുന്നു. പ്രയാർതെക്ക് Q 547-ന്റെ കെട്ടിടനിർമ്മാണം ഏതാണ്ട് പൂർത്തീകരിയ്ക്കാറായിട്ടുണ്ട്. ഈ സംഘങ്ങളിലെ കയർ തൊഴിലാളികളിൽ കുറച്ചുപേർക്ക് യന്ത്രവത്കൃത റാട്ടിൽ കയർ പിരിക്കുന്നതിനുള്ള പരിശീലനം നല്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് ആരോഗ്യകരമായ പരിതസ്ഥിതിയിൽ ജോലി ചെയ്യാനുള്ള സാഹചര്യവും മെച്ചപ്പെട്ട കൂലിയും ലഭ്യമാക്കുക എന്നുള്ളതാണ് ഈ ഫാക്ടറിയുടെ സ്ഥാപിതലക്ഷ്യം. മേന്മയേറിയ കയർ നിർമ്മിച്ച് നല്ല വിലയ്ക്ക് വിൽക്കാൻ കഴിയും എന്നാണ് അധികാരികളുടെ പ്രതീക്ഷ.

ക്ഷീരോല്പാദക സഹകരണസംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ മൂന്ന് ക്ഷീരോത്പാദക സഹകരണസംഘങ്ങളുണ്ട്. മൂന്നും സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നു. പ്രയാർ തെക്ക് Q45(D) Apcos, പ്രയാർ തെക്ക് Q 74(D) മിൽമയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട് പ്രവർത്തിക്കുന്നു. ഈ സംഘ


ത്തിന്റെ പ്രസിഡന്റ് ഇപ്പോഴത്തെ മിൽമ ചെയർമാൻ പ്രയാർ ഗോപാലകൃഷ്ണനാണ്. പഞ്ചായത്തിലെ ഏക മൃഗാശുപത്രി പ്രയാർതെക്ക് Q45 (D)യുടെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രയാർ തെക്ക് Q74(D)യുടെ ഓഫീസിൽ ഒരു ഇൻസിമിനേഷൻ സെന്റർ പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ കാലി കർഷകർക്ക് ഈ സംഘങ്ങളുടെ പ്രവർത്തനം കൊണ്ട് ഏറെ പ്രയോജനം ലഭിയ്ക്കുന്നുണ്ട്. പ്രയാർ തെക്ക് Q74 (D) യോടനുബന്ധിച്ച് പാലിൽ നിന്ന് വിവിധ ഉല്പന്നങ്ങൾ നിർമ്മിച്ചു വിൽക്കുന്ന പ്രവർത്തനം വിജയകരമായി നടന്നുവരുന്നു.

പ്രശ്നങ്ങൾ

കാലിവളർത്തൽ ഇന്ന് അനുഭവത്തിൽ ആദായകരമല്ലാതായിരിക്കുന്നു. കച്ചി, പച്ചപ്പുല്ല്, വിവിധ കാലിത്തീറ്റകൾ ഇവയുടെ ദൗർലഭ്യവും വിലക്കൂടുതലും ആണ് ഇതിനു കാരണം. കന്നുകാലി കർഷകർക്ക് പല കാരണങ്ങളാൽ പാലിന് മതിയായ വില കിട്ടുന്നില്ല. പഞ്ചായത്തിന്റെ ചില കോണുകളിൽ മാത്രം ഈ സംഘങ്ങൾ പ്രവർത്തിക്കുന്നതുകൊണ്ട് എല്ലാ കർഷകർക്കും പാൽ അവിടെ എത്തിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു. സങ്കരവർഗ്ഗകാലികളാണ് കൂടുതലും വളർത്തപ്പെടുന്നത്. അവയ്ക്ക് വിവിധ രോഗങ്ങൾ വരാനുള്ള സാധ്യതയും മരണമുണ്ടാകാനുള്ള സാധ്യതയും വളരെ കൂടുതലാണ്.

പരിഹാര നിർദ്ദേശങ്ങൾ

തരിശായികിടക്കുന്ന എല്ലാ പുരയിടങ്ങളിലും പച്ചപ്പുൽ കൃഷി നടത്തുന്നതിന് കർഷകരെ പ്രേരിപ്പിക്കുകയും ആവശ്യമായ സബ്സിഡികൾ അനുവദിച്ച് നല്കുകയും ചെയ്യുക. നെൽപാടങ്ങളിൽ മിക്കതും വിശിഷ്യാ മുണ്ടകപ്പാടം, തരിശായി കിടക്കുന്നതുമൂലമാണ് കച്ചിക്ക് ദാരിദ്ര്യം അനുഭവപ്പെടുന്നത്. നെൽകൃഷി ലാഭകരമാക്കുന്നതിനുള്ള തീവ്രയത്ന പരിപാടി നടപ്പിലാക്കിയാൽ അതിന് സമാന്തരമായി കാലിവളർത്തലും ലാഭകരമാക്കുവാൻ കഴിയും. നെൽകൃഷിക്ക് ആവശ്യമായ വളവും വിത്തും കീടനാശിനികളും ജലസേചന സൗകര്യങ്ങളും ലഭ്യമാക്കിയാൽ കാലിത്തീറ്റകളുടെ ദാരിദ്ര്യം നല്ലൊരളവ് വരെ പരിഹരിക്കാൻ കഴിയും. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഒരു കലിത്തീറ്റ നിർമ്മാണ ഫാക്ടറി ആരംഭിച്ചാൽ കുറഞ്ഞവിലയ്ക്ക് കർഷകർക്ക് അത് ലഭ്യമാക്കാൻ കഴിയും. കർഷകർക്ക് കാലിത്തീറ്റ വളർത്തൽ ആദായകരമല്ലാത്തതുകൊണ്ട് കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് വരുന്നില്ല. കാലികർഷകർക്ക് ലോൺസൗകര്യങ്ങളും ആകർശഷകമായ സബ്സിഡിയും കാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള സംവിധാനവും അവർക്ക് എത്രയും എളുപ്പത്തിൽ ചികിത്സ കിട്ടുന്നതിനുള്ള സൗകര്യവും ലഭ്യമാക്കേണ്ടതാണ്.



പ്രവർത്തനം ആരംഭിച്ച വർഷം	സംഘത്തിന്റെ പേര്	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ	
									ലാഭം	നഷ്ടം	സ്ഥിരം	താല്ക്കാലികം
1951	കരുനാഗപ്പള്ളി കയർ വ്യവസായ സഹകരണ സംഘം 3067	ക്ലാപ്പന, കുലശേഖരപുരം	928					കയർ ഉല്പാദനം, വിതരണം കയർ ഫെഡ് ഷോറും.				
1963	ക്ലാപ്പന വടക്ക് കയർ വ്യവസായസഹകരണ സംഘം 431 (പാട്ടത്തിൽ കടവ്)	ക്ലാപ്പന വില്ലേജിൽ കുപ്പണ വടക്ക്, പെരിനാട്, പെരുമാന്തഴ, വരവിള, ഓച്ചിറ വില്ലേജിൽ ചങ്ങൻ കുളങ്ങര വലിയകുളങ്ങര	896	500000		13500	212304			243034		
1977	പ്രയാർ തെക്ക് സി.വി.എസ്. 547	ക്ലാപ്പന										
1985	പുതുമണ്ണേൽകടവ് സി.വി.എസ്. ക്യൂ. 874	ക്ലാപ്പന വില്ലേജിൽ 3-ാം വാർഡിൽ വട്ടശേരിമുക്ക് മുതൽ പടിഞ്ഞാറോട്ടുള്ള ഈ പ്രദേശം ആലപ്പാട് പഞ്ചായത്തിൽ 1, 2 വാർഡിൽ പെട്ട കായംകുളം കായലിന്റെ കിഴക്ക് ഭാഗം	396	500000			66790		5789			
1986	പുള്ളിക്കടവ് സി.വി.എസ്.	ക്ലാപ്പന പഞ്ചായത്തിലെ 4, 5, 6, വാർഡുകൾ	424	106193		9500				100600		

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗ സംഖ്യ	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ	
									ലാഭം	നഷ്ടം	സ്ഥിരം	താല്ക്കാലികം
പ്രയാർ തെക്ക് ക്യൂ 45 (ഡി) Apcos	1978	ക്ലാപ്പന ഗ്രാമപഞ്ചായത്തിലെ 1, 10 വാർഡുകൾ	307	4090	14846	201717	16833	പാൽ സംഭരണം, വിതരണം, മിൽമ കാലിത്തീറ്റ വിതരണം	108637	–	1	2
പ്രയാർ തെക്ക് ക്യൂ 74 (ഡി) ആലുംപീടിക പി.ഒ.	1980	1980-ലെ വാർഡ് വിഭജനപ്രകാരം പ്രയാർ തെക്ക് ബി. സി.	119	2290			30861.38	പാൽ സംഭരണം, വിതരണം, ക്ഷീരോൽപന്ന നിർമ്മാണം, ഇൻസെമിനേഷൻ	3383.92			
ക്ലാപ്പന കിഴക്ക് ക്യൂ 73 (ഡി)		ക്ലാപ്പന പഞ്ചായത്തിലെ 7, 8, വാർഡുകൾ						പാൽ സംഭരണം, വിതരണം, കാലിത്തീറ്റ വിതരണം				

വിദ്യാഭ്യാസം

ചരിത്രപരമായി കായംകുളം രാജാവിന്റെ ഭരണപ്രദേശമായിരുന്ന ക്ലാപ്പന ഓണാട്ടുകരയുടെ നെല്ലറയാണ്. കായംകുളംരാജാവിന്റെ സവുദിതമായ സർവ്വമതസാഹോദര്യത്തിന്റെ ചുവടുപിടിച്ചുള്ള ഒരു സാംസ്ക്കാരിക വിദ്യാഭ്യാസനിലവാരം ഈ പ്രദേശം പണ്ടുമുതലേ പുലർത്തിയിരുന്നു. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും പ്രവർത്തനം നിലച്ചുപോയതുമായ വിദ്യാലയങ്ങളുടെ പഴക്കം പരിശോധിച്ചാൽ ഈ വസ്തുത ആർക്കും ബോധ്യപ്പെടും. ആലുംപീടിക CMS LPS ന് 135 വർഷത്തെയും കെ.വി. പ്രയാർ LPSനും വരവിള ഗവൺമെന്റ് LPSനും ക്ലാപ്പന ആൾ സോൾസ് LPS നും നൂറോളം വർഷങ്ങളുടേയും ക്ലാപ്പന ഷൺമുഖവിലാസം സ്ക്കൂളിന് 75ഓളം വർഷങ്ങളുടെയും പഴക്കമുണ്ട്. പ്രവർത്തനം നിലച്ചുപോയ മണ്ണാറ ഗോവിന്ദവിലാസം പ്രൈമറി സ്ക്കൂളിനും ഏകദേശം 80ഓളം വർഷത്തെ പഴക്കം അവകാശപ്പെടാവുന്നതാണ്.

ഷൺമുഖവിലാസം സ്ക്കൂൾ ഇന്ന് പ്രവർത്തിക്കുന്ന സ്ഥലത്ത് സ്വാതന്ത്ര്യസമര സേനാനിയും സംസ്ക്കൃതപണ്ഡിതനുമായിരുന്ന പണ്ഡിറ്റ് അച്യുതൻ സാറിന്റെയും സംസ്ക്കൃത പണ്ഡിതനും സാഹിത്യകാരനുമായിരുന്ന പണ്ഡിറ്റ് കുഞ്ഞുപിള്ള പണിക്കരുടെയും നേതൃത്വത്തിൽ ത്രീതിയം വരെയുള്ള ഒരു സംസ്ക്കൃത സ്ക്കൂളും പ്രവർത്തിച്ചിരുന്നു.

ക്രിസ്ത്യൻ മിഷിനറിമാരുടെ സേവനവും സ്വാധീനവുംമൂലമാണ് ഔപചാരികമായി വിദ്യാഭ്യാസം ആദ്യമായി ഇവിടെ ആരംഭിച്ചത്. ശ്രീനാരയണ ഗുരുദേവന്റെ സാന്നിദ്ധ്യവും അനുഗ്രഹവും ഉദ്ബോധനവും ഈ പ്രദേശത്തിന് പൊതുവിൽ ഈ രംഗത്ത് ചൈതന്യം നൽകിയിട്ടുണ്ട്. ഈ പ്രദേശത്ത് ജീവിച്ച് മൺമറഞ്ഞുപോയ മഹത് വ്യക്തികളുടെ സേവനം വിദ്യാഭ്യാസ മേഖലയ്ക്ക് ലഭിച്ചിട്ടുണ്ട്.

1948വരെ മേൽ സൂചിപ്പിച്ച പ്രൈമറി സ്ക്കൂളുകൾ മാത്രമായിരുന്നു ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നത്. 1948ൽ സെന്റ് ജോസഫ്സ് സ്ക്കൂൾ പ്രവർത്തനമാരംഭിച്ചു. ഏകദേശം 15 വർഷങ്ങൾക്കുമുമ്പ് ഓരോ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ആൾ സോൾസ് LP സ്ക്കൂളും സെന്റ് ജോസഫ്സ് U.P സ്ക്കൂളും ഒരുമിച്ചുചേർത്ത് സെന്റ് ജോസഫ്സ് യു.പി. സ്ക്കൂൾ എന്ന പേരിൽ പ്രവർത്തിച്ചുവരികയാണ്. ഷൺമുഖവിലാസം L.P. സ്ക്കൂൾ 1961-62 സ്ക്കൂൾ വർഷത്തിൽ അപ്ഗ്രേഡ് ചെയ്ത് U.P സ്ക്കൂൾ ആക്കി. 1964-65 സ്ക്കൂൾ വർഷത്തിൽ അത് വീണ്ടും അപ്ഗ്രേഡ്ചെയ്ത് ഹൈസ്ക്കൂളായി പ്രവർത്തിച്ചുവരികയാണ്. ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളാണ് ഇത്.

ഷൺമുഖവിലാസം ഹൈസ്ക്കൂളിന്റെ പുറംഭിത്തികളിൽ ഒരു ഓപ്പൺ പോർട്രെയിറ്റ് ഗാലറി സ്ഥാപിച്ചിട്ടുണ്ട്. സാഹിത്യം, രാഷ്ട്രീയം, സാമൂഹികം, സംസ്ക്കാരം, ശാസ്ത്രം, ചിത്രകല, സംഗീതം തുടങ്ങിയ വിവിധ തുറകളിലെ മൺമറഞ്ഞ മഹാന്മാരുടെ ചിത്രങ്ങളും അവരുടെ ലഘുജീവിതചരിത്രക്കുറിപ്പുകളും ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു. ഏകദേശം 500ഓളം ചിത്രങ്ങളുള്ള ഈ ഗാലറി സാംസ്ക്കാരികതലത്തിൽ ഒരു അപൂർവ്വ വിസ്മയമായി നിലകൊള്ളുന്നു. ഇത് ശ്രദ്ധയോടെ പരിരക്ഷിക്കപ്പെടുന്ന കാലത്തോളം വരും തലമുറകളുടെ ബോധമണ്ഡലത്തിൽ കാലാതിവർത്തിയായ മൂല്യങ്ങൾ സംഭാവന ചെയ്യും. ഗാലറിയ്ക്ക് അനുബന്ധമായി നിർമ്മിക്കാനുദ്ദേശിച്ചിരുന്ന സ്ക്കൂൾ കം പബ്ലിക് റഫറൻസ് ലൈബ്രറി കെട്ടിടത്തിന്റെ പണിപൂർത്തിയാക്കാനാവാതെ ഇന്നും നിലകൊള്ളുന്നു. അത് പൂർത്തീകരിക്കാൻ കഴിഞ്ഞാൽ ഈ പ്രദേശത്തെ വിജ്ഞാനദാഹികൾക്ക് വളരെ പ്രയോജനമായിരിക്കും.

ഈ പഞ്ചായത്തിന്റെ ഒന്നും രണ്ടും മൂന്നും വാർഡുകളിലെ ഭൂരിപക്ഷം കുട്ടികളും ആലപ്പുഴ ജില്ലയുടെ അതിർത്തിയിൽ പ്രവർത്തിക്കുന്ന RVSM ഹൈസ്ക്കൂളിനെയും 9 ഉം 10 ഉം വാർഡുകളിലെ കുറേ കുട്ടികൾ കുലശേഖരപുരം ഗവ: HSനെയും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നു. അതുപോലെതന്നെ കുലശേഖരപുരം പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുനിന്നും ഓച്ചിറ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറുഭാഗത്തുനിന്നും കുട്ടികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി ക്ലാപ്പന SVHS ൽ എത്തുന്നുണ്ട്. 10 വാർഡുകളിലായി 20496 ജനങ്ങൾ ഈ പഞ്ചായത്തിൽ അധിവസിക്കുന്നു. ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 5 സ്ക്കൂളുകളി

ലായി 3196 കുട്ടികൾ അധ്യയനം നടത്തുന്നു. 110 അധ്യാപകർ ഈ സ്ക്കൂളിൽ സേവനം ചെയ്യുന്നുണ്ട്. (വിശദവിവരം പട്ടികതിരിച്ച് താഴെ ചേർക്കുന്നു.)

പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന KV പ്രയാർ സ്ക്കൂളിന് സ്ഥലപരിമിതിയുണ്ട്. ഇതു പരിഹരിക്കുന്നതിനാവശ്യമായ സ്ഥലം സമീപത്തുനിന്നും അക്വയർ ചെയ്ത് പുതിയ കെട്ടിടം നിർമ്മിക്കണം. ക്ലാപ്പന സെന്റ് ജോസഫ് UP സ്ക്കൂൾ ഒഴികെ LP തലത്തിലുള്ള പഞ്ചായത്തിലെ മറ്റു സ്ക്കൂളുകളിൽ ക്ലാസ്സുകൾ തമ്മിൽ വേർതിരിക്കുന്നതിനുള്ള സ്ക്രീനുകളില്ല. കുട്ടികൾക്ക് ഇരുന്നുപഠിക്കുന്നതിനാവശ്യമായ ഫർണ്ണിച്ചറുകളും അപര്യാപ്തമാണ്. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ SVHS-ൽ ലൈബ്രറിയും ലബോറട്ടറിയും ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കുറേകൂടി ഫലപ്രദമാകേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ സ്ക്കൂളുകളിൽ പൊതുവേ പഠനോപകരണങ്ങൾ പരിമിതമാണ്.

കായിക പ്രതിഭകളെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ ദേശീയവും അന്തർദേശീയവുമായി നമുക്ക് പ്രശസ്തി നേടുവാൻ കഴിയൂ. എന്നാൽ ഈ പഞ്ചായത്തിലെ ഒരൊറ്റ പ്രൈമറി സ്ക്കൂളിൽപോലും കായികാദ്ധ്യാപകരെ നിയമിക്കുന്നില്ല. പഞ്ചായത്തിലെ സ്ക്കൂളുകളിൽ കായികപരിശീലനവും അതിനാവശ്യമായ ഉപകരങ്ങളും പരിമിതമാണ്. ഇതുപോലെ തന്നെ കുട്ടികളിലെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിന് നിയമിതരാകേണ്ട സംഗീതാദ്ധ്യപകരുടെ നിയമനവും വിദ്യാർത്ഥികൾക്ക് തൊഴിൽ പരിചയം കിട്ടുന്നതിനാവശ്യമായ ക്രാഫ്ട് അദ്ധ്യാപകരുടെ നിയമനവും ഗവൺമെന്റ് തടഞ്ഞിരിക്കുന്നു. എന്ന ദുഃഖസത്യവും ഇവിടെ പ്രസ്താവ്യമാണ്.

PTAയുടെ പ്രവർത്തനം എല്ലാ സ്ക്കൂളിലും ഉണ്ടെങ്കിലും കാര്യക്ഷമമാകുന്നില്ല എന്ന അഭിപ്രായം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

പട്ടിക VIB

പൊതുവിൽ നോക്കുമ്പോൾ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗം ശരാശരി നിലവാരമേ പുലർത്തുന്നുള്ളു. സെക്കന്ററി തലത്തിനുമുകളിൽ ഉള്ള യാതൊരു വിദ്യാഭ്യാസ സ്ഥാപനവും പഞ്ചായത്തിൽ ഇല്ല. 15 ശതമാനത്തോളം കുട്ടികൾ അക്ഷജ്ഞാനവും അക്ഷരജ്ഞാനവും ഉറച്ചവരല്ല. പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതുമൂലം ഡിവിഷൻഫാൾ സംഭവിക്കുകയും ചെയ്യുന്നുണ്ട്. ഗൾഫ് പണത്തിന്റെ ആധിക്യവും രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അമിതാവേശവും അൺഎയിഡഡ് സ്ക്കൂൾ ലഭ്യമാക്കുന്ന വാഹനസൗകര്യങ്ങളും മൂലം ഈ പഞ്ചായത്തിൽ നിന്നും കുട്ടികൾ മറ്റുപഞ്ചായത്തിലെ അൺഎയിഡഡ് സ്ക്കൂളുകളിലേക്ക് പോകുന്ന ഒരു പ്രവണത നിലനില്ക്കുന്നു.

ഈ പഞ്ചായത്തിലെ 19 അംഗനവാടികൾ ഉണ്ട്. ഇതിൽ 10 എണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. എന്നാൽ 9 അംഗനവാടികൾ താല്ക്കാലിക ഷെഡുകളിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ അംഗനവാടികളിൽ കുളിപ്പുരകളോ വിശ്രമസൗകര്യങ്ങളോ ഇല്ല. ഇത് പരിഹരിക്കുന്നതിനോടൊപ്പം തന്നെ നാലാം വാർഡിലെ പാട്ടത്തിൽകടവിനു പടിഞ്ഞാറുഭാഗത്തായി മുണ്ടകൻപാടം കേന്ദ്രമാക്കിയും അഞ്ചാംവാർഡിന്റെ വടക്കുഭാഗം കേന്ദ്രമാക്കിയും ഓരോ അംഗനവാടികൾ സ്ഥാപിക്കണം. സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്കുവേണ്ടി സമീപപ്രദേശങ്ങളിലെ പുറമ്പോക്കുവസ്തുക്കൾ പ്രയോജനപ്പെടുത്താൻ പഞ്ചായത്തുസമിതി ശ്രദ്ധിക്കുകയും അംഗനവാടികളുടെ അറ്റകുറ്റപണികൾ നടത്തുകയും വേണം.

പഞ്ചായത്തിൽ 4 നഴ്സറിസ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. മിക്ക സ്ക്കൂളുകളിലും പഠനമാധ്യമം ഇംഗ്ലീഷാണ്. പലപുസ്തകങ്ങളിലെയും സിലബസ് കുട്ടികൾക്ക് താങ്ങാൻ കഴിയുന്നതല്ല. പഞ്ചായത്തിൽ നിന്നും ഗ്രാന്റു ലഭിയ്ക്കുന്ന 3 കുടിപ്പള്ളിക്കൂടങ്ങൾ ഉൾപ്പെടെ 10 കുടിപ്പള്ളിക്കൂടങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പാരലൽ കോളേജുകൾ ഒന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. 3 ട്യൂട്ടോറിയൽകോളേജുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ പ്രീ-പ്രൈമറി തലം മുതൽ ആരംഭിയ്ക്കണം.

2. പ്രീ-പ്രൈമറി സിലബസ് സംസ്ഥാനതലത്തിൽ ഏകീകരിക്കുകയും ലഘൂകരിക്കുകയും വേണം.

3. ലോവർ പ്രൈമറി തലം വരെ പഠനമാധ്യമം മാതൃഭാഷയാക്കണം.

4. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് അക്കജ്ഞാനവും അക്ഷരജ്ഞാനവും ഉണ്ടാക്കുന്നതിനും പഞ്ചായത്തിൽ നടപടിയുണ്ടാവണം.

a. നിരീക്ഷരരായ കുട്ടികളെ കണ്ടുപിടിക്കുന്നതിന്

പ്രത്യേകം പരീക്ഷകൾ നടത്തുക.

b. നിരക്ഷരത അവസാനിപ്പിക്കുന്നതിനാവശ്യമായ പരിഹാരബോധനം സ്ക്കൂൾ സമയത്തിനുശേഷം നല്കുക. അതിനാവശ്യമായ അദ്ധ്യാപകരെസ ലഭ്യമല്ലെങ്കിൽ സന്നദ്ധപവർത്തകരുടെ സേവനം ഇതിനുപയോഗിക്കണം.

5. പ്രവർത്തനോന്മുഖമായിട്ടുള്ള പഠനരീതി നടപ്പാക്കണം.

6. അദ്ധ്യാപകർക്ക് കാലാകലങ്ങളിൽ റിഫ്രഷർ കോഴ്സ് നൽകണം.

7. ടീച്ചിംഗ് എയ്ഡ്സിന്റെ ഉപയോഗം നിർബന്ധമാക്കണം.

a. ചെലവുകുറഞ്ഞ പഠനോപകരണങ്ങൾ ഉണ്ടാക്കുന്നതിനുള്ള വർക്ക്ഷോപ്പുകൾ വഴി സംഘടിപ്പിക്കണം.

8. ഇന്നത്തെ മൂല്യനിർണ്ണയരീതിയിൽ മാറ്റം വരുത്തണം.

a. വാചികവും ലിഖിതവും പ്രായോഗികവുമായ മൂല്യനിർണ്ണയരീതി സ്വീകരിക്കണം.

9. പാഠ്യേതര പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം

10 PTAകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ക്ലാസ്സ് അടിസ്ഥാനത്തിൽ മാതൃസംഗമം രൂപീകരിച്ച് ഓരോ കുട്ടിയുടേയും പഠനനിലവാരത്തെകുറിച്ച് ചർച്ച ചെയ്യുകയും വേണം.

11. 50 വീടുകളടങ്ങുന്ന അയൽകൂട്ടങ്ങൾ രൂപീകരിച്ച് സ്വന്തം വീടുകളിൽ പഠിക്കാൻ അസൗകര്യമുള്ള കുട്ടികൾക്ക് പഠിക്കുന്നതിനാവശ്യമായ സൗകര്യമുണ്ടാക്കണം.

12. പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും സ്ക്കൂൾ വർഷാരംഭത്തിനുമുമ്പ് കുട്ടികൾക്ക് എത്തിക്കണം.

a. പഞ്ചായത്തുതലത്തിൽ അക്കാഡമിക് കൗൺസിലുകൾ രൂപീകരിച്ച് പഞ്ചായത്തുതല വിദ്യാഭ്യാ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നല്കണം

b. അക്കാഡമിക് കൗൺസിലിന്റെ കീഴിൽ ഓരോ സബ്ജക്ട് കൗൺസിൽ രൂപീകരിയ്ക്കണം.

c. സബ്ജക്ട് കൗൺസിലുകൾ വഴി ഓരോ വിഷയത്തിനും ഓരോ അദ്ധ്യയനത്തിനും ആവശ്യമായ ടീച്ചിംഗ് മൊഡ്യൂൾസ് നിർമ്മിച്ച് യഥാസമയം അദ്ധ്യാപകർക്ക് എത്തിക്കണം.

മദ്യത്തിനും മയക്കുമരുന്നിനും എതിരായോ ബോധവത്കരണം സ്ക്കൂളുകളിൽ ആരംഭിയ്ക്കണം.

15. സ്കൗട്ട് ആന്റ് ഗൈഡ്സ് , NCC, റെഡ്ക്രോസ് സൊസൈറ്റി എന്നിവ ഇല്ലാത്ത സ്കൂളുകളിൽ ആരംഭിയ്ക്കുക

16. പഞ്ചായത്തിലെ S.S.L.C. വിജയശതമാനം ഇപ്പോൾ 40-ൽ താഴെയാണ്. ഇത് ഉയർത്തുക എന്ന ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനം പഞ്ചായത്തുസമിതി എടുക്കണം.

സെക്കന്ററി നിലവാരത്തിനു മുകളിലുള്ള ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉണ്ടാകണം. CMS, KV പ്രയാർ, വരവിള എൽ.പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും ഹൈസ്ക്കൂളിൽ കമ്പ്യൂട്ടർ പഠനം ആരംഭിക്കുകയും വേണം. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുകയും കുട്ടികളിൽ കൃഷിയോടുള്ള അവബോധം സൃഷ്ടിക്കുന്നതിനായി പച്ചക്കറി കൃഷികൾ സ്ക്കൂളുകളിൽ ആരംഭിക്കുകയും വേണം.

ജില്ലയിൽ സാക്ഷരതാ പ്രവർത്തനത്തിൽ മുന്നിൽ നിന്ന പഞ്ചായത്തായിരുന്ന ക്ലാപ്പന. എങ്കിലും തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവം മൂലം 20 ശതമാനത്തോളം ആളുകൾ നിരക്ഷരരായി മാറിയിരിക്കുകയാണ്. ഇതു പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ഗ്രാമസഭയിൽ ഉയർന്നുവന്നു.

1. നിശാപാഠശാലകൾ ആരംഭിയ്ക്കുകയും നിരക്ഷരരെ ക്ലാസ്സിൽ എത്തിക്കുകയും ചെയ്യുക.

2. സംസ്ഥാന സാക്ഷരതാപരിപാടികൾ ദൂരദർശനത്തിലൂടെ പ്രക്ഷേപണം ചെയ്ത് പഠിതാക്കൾക്ക് ഇതിലൂടെ ബോധവത്കരണം ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനം പഞ്ചായത്തുസമിതി ഏറ്റെടുക്കണം.

3. നിരക്ഷരർക്കായുള്ള കൈത്തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുകയും തൊഴിലിനിടയിലുണ്ടാകുന്ന വിശ്രമസമയങ്ങൾ പഠനത്തിനായി മാറ്റിവയ്ക്കുകയും ചെയ്യുന്നു.

പഞ്ചായത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ശുഷ്കമാണ്. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന, തോട്ടത്തിൽമുക്കിൽ സ്ഥിതിചെയ്യുന്ന ഗ്രാമോദ്ധാരണ ഗ്രന്ഥശാല ആന്റ് വായനശാല മാത്രമാണ് പഞ്ചായത്തിലെ ഇതുമായി ബന്ധപ്പെട്ട സ്ഥാപനം. ഈ സ്ഥാപനത്തിൽ നിന്നും ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും ഇതിന്റെ സേവനം പ്രയോജനപ്പെടുത്തുന്നില്ല. ഈ സ്ഥാപനം അറ്റകുറ്റ പണികളുടെ അഭാവം മൂലം ചോർന്നൊലിക്കുകയും പുസ്തകങ്ങൾ നഷ്ടപ്പെടുകയും ചെയ്യുന്നു. കെട്ടിടത്തിന്റെ വാതിലുകളുടെ ഉറപ്പില്ലായ്മ മൂലം TV അടക്കമുള്ള വസ്തുക്കൾ ഇവിടെ നിന്നും മോഷ്ടിക്കപ്പെട്ടിട്ടുണ്ട്.

പട്ടിക 1 A

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

നമ്പർസ്ക്കൂൾ		മാനേജ്മെന്റ്	വിദ്യാർകൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	പുരു	സ്ത്രീ	ആകെ
1.	C.M.S.L.P.S. ക്ലാപ്പന	എയ്ഡഡ്	163	132	295	–	8	8
2.	K.V. പ്രയാർ ഗവ: L.P.S.	ഗവ:	105	119	224	4	5	9
3.	ഗവ: L.P.S. വരവിള	ഗവ:	117	11	228	1	9	10
4.	സെന്റ് ജോസഫ് U.P.S.	എയ്ഡഡ്	503	433	936	2	23	25
5.	S.V.H.S.	എയ്ഡഡ്	745	768	1513	14	44	59
	Total		1633	1563	3196	21	89	110

പട്ടിക 1B

എൽ.പി., യു.പി., എച്ച്.എസ്. വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	L.P.			U.P.			H.S.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
3196	385	362	48.46%	503	433	46.26%	745	768	50.76%

പട്ടിക 1 C

പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

L.P.			U.P.			H.S.		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
747	88	11.78%	936	81	8.65%	1513	102	6.74%

ആകെ 271

പട്ടിക 1 D

പഠനം നിർത്തിയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
3	4	7	20	10	30

ആകെ 37

പട്ടിക 2

ഗവ: സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ)	ഗവ: സ്കൂളുകളിലെ അദ്ധ്യാപകർ	ഗവ: അദ്ധ്യാപകരുടെ ശതമാനം	ആകെ വിദ്യാർത്ഥികൾ (പഞ്ചായത്തിൽ)	ഗവ: സ്ക്കൂളിലെ വിദ്യാർത്ഥികൾ	ഗവ: സ്ക്കൂളിലെ വിദ്യാർത്ഥികളുടെ ശതമാനം
110	19	17.27%	3196	452	14.14%

പട്ടിക 2 ബി.

പ്രൈവറ്റ് സ്ക്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ)	പ്രൈ: സ്കൂളുകളിലെ അദ്ധ്യാപകർ	പ്രൈ: അദ്ധ്യാപകരുടെ ശതമാനം	ആകെ വിദ്യാർത്ഥികൾ (പഞ്ചായത്തിൽ)	പ്രൈ: സ്ക്കൂളിലെ വിദ്യാർത്ഥികൾ	പ്രൈ: സ്ക്കൂളിലെ വിദ്യാർത്ഥികളുടെ ശതമാനം
110	91	82.73%	3196	2744	85.86%

പട്ടിക 5

ഭൗതിക സൗഹചര്യങ്ങൾ

സ്ക്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1. സി.എം.എസ്. എൽ.പി.എസ്. ക്ലാപ്പന	295	8	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2. കെ.വി. പ്രയാർ, ഗവ: എൽ.പി.എസ്.	224	9	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
3. ഗവ: എൽ.പി.എസ്. വരവിള	228	10	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4. സെന്റ് ജോസഫ്സ് യു.പി.എസ്.	936	25	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
5. എസ്.വി.എച്ച്.എസ്.	1513	58	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

പട്ടിക 6 എ.

എസ്.എസ്.എൽ.സി. വിജയശതമാനം

സ്കൂൾ	91-92	92-93	93-94	94-95	95-96
എസ്.വി. എച്ച്.എസ്.	41%	39.8%	42.7%	39%	39.6%

ക്ലാസ്സ്	30%ത്തിനു താഴെ	30% - 40%	40% - 50%	50% - 60%	60%ന് മുകളിൽ
I		50	80	120	64
II		65	85	125	51
III		83	98	140	58
IV		85	94	135	62
V		90	100	80	56
VI	61	85	42	28	55
VII	113	70	50	40	24
VIII	108	54	60	40	19
IX	120	76	44	29	21
X	161	66	38	32	30



ക്ലാപ്പന എസ്.വി.എച്ച്.എസിലെ ഓപ്പൺ പോർട്രയിറ്റ് ഗ്യാലറി

വിഭവസമാഹരണം

കയർ തൊഴിലാളികളും കർഷകത്തൊഴിലാളികളും ദരിദ്ര ഇടത്തരം കൃഷിക്കാരും ഭൂരിപക്ഷം അധിവസിക്കുന്ന ഒരു തീരദേശപഞ്ചായത്താണ് ക്ലാപ്പന. ഒരൊറ്റ വൻകിട വ്യവസായ സ്ഥാപനങ്ങളോ സിനിമാ ശാലകളോ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. കൈകൊണ്ടുകറക്കുന്ന റാട്ടുകൾ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളും തൊണ്ടുതല്ലു മില്ലുകളും ധാന്യം പൊടിക്കുന്ന മില്ലുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ചില എണ്ണയാട്ടുമില്ലുകളും 4 ചെറുകി സോമില്ലുകളുമൊക്കെയാണ് ഈ പഞ്ചായത്തിലുള്ളത്.

വിവിധങ്ങളായ നികുതികളിൽ നിന്നുള്ള വാർഷിക വരുമാനം 2,22,000 രൂപയാണ്. കെട്ടിട നികുതിയിനത്തിൽ 1,40,000 രൂപയും സർക്കാർ- അർദ്ധസർക്കാർ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ 67,000 രൂപയും വിവിധ ലൈസൻസ് ഫീസുളുടെ ഇനത്തിൽ 5,00 രൂപയും ലേലത്തുക ഇനത്തിൽ 10,000 രൂപയുമാണ് ആകെ വരുമാനം. ലാൻഡ്സെസ് ഈ പഞ്ചായത്തിൽ പിരിക്കുന്നില്ല.

പഞ്ചായത്ത് ചെലവാക്കിവരുന്ന തുക വരവിനേക്കാൾ അധികമാണ്. പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളവും, പഞ്ചായത്ത് മെമ്പർമാരുടെ അലവൻസുമുൾപ്പെടെ പ്രതിവർഷം 4,56,000 രൂപയും കറന്റ് ചാർജ്ജ് ഇനത്തിൽ 53292 രൂപയും ഉൾപ്പെടെ 6,41,292 രൂപ പ്രതിവർഷം ചെലവുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടിയും വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഇനത്തിലും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും സർക്കാരിൽ നിന്നു ലഭിക്കുന്ന ഗ്രാന്റും ഭരണാധികാരികളെ സ്വാധീനിച്ചു നേടുന്ന ഗ്രാന്റുകളും കൊണ്ടാണ് ഈ പഞ്ചായത്ത് ഒരുതരത്തിൽ പ്രവർത്തിച്ചുവരുന്നത്.

പരിമിതികൾ

1. ഈ പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന വലിയ വിഭവം മനുഷ്യാദ്ധ്വാനമാണ്. അത് ഫലപ്രദമായി ചൂഷണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

2. കെട്ടിട നികുതി ശരിയായ രീതിയിൽ നിർണ്ണയിക്കാതിരുന്നതിനാൽ പഞ്ചായത്തിന് അർഹമായ ധനം സമാഹരിക്കാൻ കഴിയാതെ വരുന്നു.

3. തൊഴിൽ ചെയ്തു വരുമാനമുണ്ടാക്കുന്ന മുഴുവൻപേരിൽ നിന്നും നികുതി ഇടാക്കുവാൻ ഇന്നു കഴിയുന്നില്ല.

4. ചെറുകിട കച്ചവടക്കാരെയും നിർമ്മാണ തൊഴിലാളികളെയും മറ്റുമേഖലകളിൽ പണി ചെയ്യുന്ന തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റോ കമ്മ്യൂണിറ്റി ഹാളോ നിലവിലില്ല.

6. ഇന്നുള്ള വിവിധ ലൈസൻസ് ഫീസുകൾ തുച്ഛമാണ്. നിലനിന്നിരുന്ന സൈക്കിൾ ലൈസൻസ് നിർത്തലാക്കിയത് വരുമാനത്തിൽ കുറവുവരുത്തിയിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ തങ്ങളുടേതാണെന്ന ബോധം ജനങ്ങൾക്ക് ഇല്ലാത്തതിനാലാണ് ഇത്തരം പ്രവർത്തനങ്ങളിൽ മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നത്. സമഗ്രമായ ഒരു ബോധവത്കരണം കൊണ്ട് ഈ അവസ്ഥയ്ക്ക് പരിഹാരം കാണാവുന്നതാണ്.

2. ശരിയായ രീതിയിൽ നികുതി ചുമത്തൽ നിയമം നടപ്പാക്കിയാൽ ഇന്നു ലഭിക്കുന്ന തുകയുടെ രണ്ടിരട്ടിയിലധികം സമാഹരിക്കുവാൻ കഴിയും. ഈ രീതിയിൽ നമുക്ക് ലഭിക്കാവുന്ന ചെറിയ പട്ടികയിലൂടെ ബോദ്ധ്യപ്പെടുത്താവുന്നതാണ്.

ഒരു കെട്ടിടത്തിന്റെ വാടക കണക്കാക്കുക. ഇതിന്റെ 10% അറ്റകുറ്റ പണികൾക്കായി നീക്കിവയ്ക്കുക. ബാക്കിയുള്ള തുകയുടെ 6 മുതൽ 10% വരെ

കെട്ടിടനികുതിയായി ഈടാക്കാവുന്നതാണ്.

100 രൂപ മാസവാടക കിട്ടാവുന്ന ഒരു വീടിന്റെ ഈടാക്കാവുന്ന വാർഷികനികുതി.

മാസവാടക = 100 രൂപ
വാർഷിക വാടക = 100x12 = 1200 രൂപ
അറ്റകുറ്റപണി (10%) = 120 രൂപ
ബാക്കി വാടക = 1200–120 = 108 രൂപ
6% നികുതി (ഏറ്റവും കുറഞ്ഞത്) = 64 രൂപ.

3. സർക്കാർ, അർദ്ധസർക്കാർ തൊഴിലാളികളെ കൂടാതെ എല്ലാവിഭാഗം തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.

4. ചെറുകിട കച്ചവടക്കാരെയും നിർമ്മാണ തൊഴിലാളികളെയും മറ്റുമേഖലകളിൽ പണി ചെയ്യുന്ന തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തുകയും നികുതി ഈടാക്കുകയും ചെയ്യാവുന്നതാണ്.

5. പഞ്ചായത്തിന്റെ കേന്ദ്രഭാഗത്തായി സ്ഥലം വാങ്ങി മാർക്കറ്റിന് കോംപ്ലക്സ് നിർമ്മിക്കുകയും വാടകയ്ക്കു നല്കുകയും ചെയ്താൽ വിഭവസമാഹരണം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും. കൂടാതെ പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുകയും വിവാഹം, മറ്റുപരിപാടികൾ എന്നിവയ്ക്ക് ഉപയുക്തമാക്കുകയും ചെയ്താൽ ഇതുവഴിയും പഞ്ചായത്തിന് ധനം സമാഹരിക്കുവാൻ കഴിയും.


6. പഞ്ചായത്തിലെ വിഭവസമാഹരണത്തിനായുള്ള മറ്റു മാർഗ്ഗങ്ങൾ

a. വിവാഹ രജിസ്ട്രേഷൻ ഫീസ് 25 രൂപയായി വർദ്ധിപ്പിക്കുക.

b. പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യം ഒഴിവാക്കാൻ വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

c. പഞ്ചായത്ത് ലൈബ്രറിയിൽ കൂടുതൽ അംഗങ്ങളെ ചേർക്കുകയും മാസവരി നിർബന്ധമായി ഈടാക്കുകയും ചെയ്യുക.





പൊതുവിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര് : ക്ലാപ്പന

റവന്യൂ വില്ലേജ് : ക്ലാപ്പന

ബ്ലോക്ക് പഞ്ചായത്ത് : ഓച്ചിറ

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ ക്ലാപ്പന I, ക്ലാപ്പ II

ജില്ല - കൊല്ലം

താലൂക്ക് - കരുനാഗപ്പള്ളി

അസംബ്ലിമണ്ഡലം - കരുനാഗപ്പള്ളി

വിസ്തീർണ്ണം - 17.49 ച.കി.മീ.

ജനസംഖ്യ - 20424

വാർഡുകളുടെ എണ്ണം - 10

പ്രസിഡന്റ് - റംല റഹിം

വൈസ്പ്രസിഡന്റ് - ശിവരാമൻനായർ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - ഇരവിമംഗലത്തു മജീദ്

തേയിലക്കട

റോയൽ ബേക്കറി

ഓച്ചിറ

വുഡ് ഫർണീച്ചറുകൾ, ലെയ്ത്ത് വർക്കുകൾ, ഡ്രില്ലിംഗ് വർക്കുകൾ
എന്നിവയ്ക്ക് സമീപിക്കുക

എം.ഡി.സൊസൈറ്റി

ഇടയനമ്പലം

വർക്ക്ഷോപ്പ് - മഞ്ഞാടി ജംഗ്ഷന് പടിഞ്ഞാറുവശം
ഫോൺ : 690400

ശുഭാംശകൾ

ചായീസ്

ഓച്ചിറ ഫോൺ 690864

വീഡിയോകോൺ, ഷിവാക്കി, ഗോദറെജ്, വേൾപൂൾ
വീഡിയോൺ, വിഗാർഡ്, കെൻസ്റ്റാർ, സുമിത്, റിത, ആൽഫ
തുടങ്ങിയ കമ്പനികളുടെ അംഗീകൃത വിതരണക്കാർ

ഫോൺ – 690359 Res. 690759

ഫാമസ്മിക്

മെയിൻറോഡ് ഓച്ചിറ

Dealers in - BHUTAN BOARD, KITPLY
ജന്നൽ ഗ്ലാസ്, മിറർ, മൈക്ക, പ്ലൈവുഡ്,
പ്ലാസാ ലോക്ക്, സ്റ്റീൽ & ബ്രാസ് വിജാഗിരി



ഫെമിലാ


ഗുഡ്സ് പാലസ് A/c

മെയിൻറോഡ് ഓച്ചിറ
ഫോൺ : 690758, 690791

ഫെഷാ ജ്യുവലറി

മാർക്കറ്റ് റോഡ് ഓച്ചിറ

കല്യാണസാരികൾക്കും മറ്റ് വസ്ത്രങ്ങൾക്കും



സുരേഷ്

ഓച്ചിറ



അടുക്കളയിലെ ആശാസനാളം

MICRO
HOT POINT
KEROSENE TABLE STOVE

Manufactured by: **HOT POINT HOME APPLIANCES PVT. LTD.**

Marketed by: **INDUS TRADE LINKS**
Hiba Annexe, Pada North, Karunagappally - 690 518.
Kollam, Kerala. Phone: 0475-621388, 623188.
Fax: 0475-620988.

4202